
www.malankaralibrary.com

# കാരുണികൻ

സമഗ്രദൈവശാസ്ത്ര മാസിക

₹ 25
www.karunikan.com

Vol. 19 | No. 8
AUGUST 2022



www.malankaralibrary.com

# ചരിത്രപ്രസിദ്ധ ദേശീയ മരിയൻ തീർത്ഥാടന കേന്ദ്രം
# വല്ലാർപാടം ബസിലിക്ക



## തിരുക്കർമ്മങ്ങളുടെ സമയം

**ഞായറാഴ്ച**

ദിവ്യബലി - 6.00 am, 7.00 am, 8.00 am, 9.30 am
11.30 am, 4.00 pm (Tamil), 5.30 pm

**ഇടദിവസങ്ങൾ**

ദിവ്യബലി - 6.30 am, 5.30 pm

**മാസാദ്യ ഞായറാഴ്ച**

5.30 pm ദിവ്യബലി, ജപമാല,
ആഘോഷമായ തിരി പ്രദക്ഷിണം, ആരാധന

**അടിമ സമർപ്പണം**

രാവിലെ 9.00 am മുതൽ 1.00 pm വരെ
വൈകിട്ട് 3.30 pm മുതൽ 7.00 pm വരെ

**ശനിയാഴ്ച**

6.30 am ദിവ്യബലി,നൊവേന,ആരാധന
10.30 am ദിവ്യബലി,നൊവേന,ആരാധന
4.00 pm നൊവേന
4.30 pm ദിവ്യബലി,നൊവേന
6.00 pm ദിവ്യബലി,നൊവേന (English)

**NATIONAL SHRINE BASILICA, VALLARPADAM**
**Cochin- 682504, Ph : 04842363952, 9497091070**
**Email Id : vallarpadambasilicaoffice@gmail.com**
**Website : www.vallarpadambasilica.com**
**Vallarpadam Basilica**

www.malankaralibrary.com

എഡിറ്റോറിയൽ

# ചരിത്രത്തിലെ ചില ഡയറിക്കുറിപ്പുകൾ!

രാഷ്ട്രീയപ്പാർട്ടികളുടെ പ്രാദേശിക നേതാക്കളെ തിരശീലയിൽ അവതരിപ്പിക്കുന്ന അഭിനേതാക്കൾക്ക് പണ്ട് അല്ലെങ്കിൽ ഇപ്പോഴും ചലച്ചിത്ര സംവിധായകർ വച്ചുകൊടുത്തു ശീലിപ്പിച്ചിട്ടുള്ള ഒരു അലങ്കാര വസ്തുവുണ്ട് – ഡയറി !

പാലാക്കാരിൽ പലർക്കും ഇതിനെ റബർ ടാപ്പിംഗ് തൊഴിലാളികളുടെ കണക്കു കുറിച്ചുവയ്ക്കാനുള്ള ബുക്കായാണ് കണ്ടുപരിചയം (അപവാദങ്ങളെ അവഗണിക്കുന്നില്ല).

വൈദിക പരിശീലനത്തിന്റെ ആദ്യ വർഷം സെമിനാരിയിൽ എത്തുമ്പോൾ വാങ്ങേണ്ട ലിസ്റ്റിൽ ഈ സാധനത്തിന്റെ പേര് കണ്ടപ്പോൾമുതലാണ് ഇതെന്റെ കൂടപ്പിറപ്പാകുന്നത്. പിന്നോട്ടുള്ള പതിനഞ്ചു വർഷക്കാലം ഡയറിയുടെ താളുകളിൽ കുറിച്ചിടാനും ദിവസന്തോറുമുള്ള ആത്മീയ– ഭൗതിക വ്യാപാരങ്ങളെ ഈ ഡയറിത്താളുകളിൽ പകർത്തിവയ്ക്കാനും അന്നത്തെ ആത്മീയ നിയന്താവായിരുന്ന ജോർജ് കരിന്തോളിലച്ചൻ ആവശ്യപ്പെടുമ്പോൾ ആദ്യം ഭാരപ്പെടലും പിന്നെ ഇഷ്ടപ്പെടലുമാണുണ്ടായത്. ഇങ്ങനെ ദൈനംദിനകാര്യങ്ങൾ കുറിച്ചുവയ്ക്കുന്ന ഒരു പാരമ്പര്യത്തിന്റെ ചരിത്രം തേടിപ്പോകാനൊന്നും ഇവിടെ മുതിരുന്നില്ലെങ്കിലും ഒന്ന് സത്യമാണ്. നാളാഗമങ്ങൾ, വസ്തുതകളെ എഴുതി സൂക്ഷിക്കൽ ഇവയൊക്കെ നമ്മുടെ സംസ്കാരത്തിൽ ഭൂരിപക്ഷത്തിനും അത്ര പ്രിയമുള്ള കാര്യമല്ലെങ്കിലും വൈദേശികർക്കതു വ്യത്യസ്തമാണെന്നാണ് തോന്നിയിട്ടുള്ളത്.

ചെയ്യുന്നതും ചെയ്യേണ്ടുന്നതുമായ ഓരോ കാര്യവും രേഖപ്പെടുത്തപ്പെടുന്ന ശീലം രക്തത്തിലലിഞ്ഞു ചേർന്ന ഒരു സംസ്കാരമാണ് വിദേശികൾക്കിടയിൽ പ്രത്യേകിച്ച് യൂറോപ്യൻസിനിടയിൽ കണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള മനുഷ്യർ മുൻപും ഉണ്ടായിരുന്നതുകൊണ്ടാവണം ചരിത്രാന്വേഷകരുടെ ചരിത്രപഠനം ഇന്നും സാധ്യമായിക്കൊണ്ടിരിക്കുന്നത്.

'എന്നുമുതലാണ് മനുഷ്യന്റെ ചരിത്രം തുടങ്ങുന്നത്?' 'ഏതു കാലഘട്ടംമുതലാണ് മനുഷ്യൻ തന്റെ ചരിത്രം എഴുതാൻ തുടങ്ങിയത്?' എന്നു തുടങ്ങി 'എന്തുകൊണ്ടാണ് ചരിത്രസത്യങ്ങളെ വളച്ചൊടിക്കരുതെന്നു പറയുന്നത്?' എന്നതടക്കം നമ്മളൊക്കെ അറിയാനാഗ്രഹിക്കുന്ന, അറിവുള്ള ആരോടെങ്കിലും ചോദിക്കണമെന്ന് ഒരിക്കലെങ്കിലും ആഗ്രഹിച്ച കുറെ ചോദ്യങ്ങളും സംശയങ്ങളുമൊക്കെ ഈ ലക്കം കാരുണികനിലൂടെ ദുരീകരിച്ചുതരുന്നുണ്ട് പ്രശസ്ത ചരിത്രകാരനായ റവ. ഡോ. പയസ് മലേക്കണ്ടത്തിൽ.

ഇന്നത്തെ കാലത്തു സംഭവിച്ചുകൊണ്ടിരിക്കുന്ന ചരിത്ര പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിലെ മാറ്റിമറിക്കലുകളെക്കുറിച്ച് അന്വേഷണാത്മകമായി വിലയിരുത്തുകയാണ് മാധ്യമ പ്രവർത്തകനായ വിനോദ് നെല്ലക്കൽ കവർ ഫീച്ചറിലൂടെ. 'ചരിത്രപുനർനിർമിതി'യെന്ന പുതിയ രാഷ്ട്രീയവെല്ലുവിളിയുടെ പശ്ചാത്തലത്തിൽ ചരിത്രവുമായി ബന്ധപ്പെടുത്തിയുള്ള കാര്യങ്ങൾ ആഴമായ അർഥതലങ്ങളോടെ കാച്ചിക്കുറുക്കിയ വാക്കുകളിലൊതുക്കി കുറിച്ചിട്ടിരിക്കുകയാണ് പൊതുവിദ്യാഭ്യാസവകുപ്പ് മുൻസെക്രട്ടറിയും കവിയും ഗാനരചയിതാവുമൊക്കെയായ ജയകുമാർ IAS 'ചരിത്രമെന്ന ചരിഞ്ഞഗോപുര'ത്തിൽ.

www.malankaralibrary.com

ചരിത്രം എന്നും ഭരണം കൈയാളുന്ന രാഷ്ട്രീയപാർട്ടികളുടെ ഇഷ്ടവിഷയമാണെന്നും അവരുടെ പൊളിറ്റിക്കൽ ഐഡിയോളജി പ്രചരിപ്പിക്കാനായി, സിനിമപോലുള്ള ഏതു ജനപ്രിയ കലാരൂപങ്ങളെയും ഉപയോഗപ്പെടുത്തുമെന്നും മലയാളി സമൂഹത്തെ ആക്ഷേപഹാസ്യത്തിന്റെ മേമ്പൊടി ചേർത്ത് അറിയിച്ച, മലയാളികൾ underrate ചെയ്ത 'കമ്മാരസംഭവം' സിനിമയുടെ രചയിതാവും നടനും ജേർണലിസ്റ്റുമൊക്കെയായ മുരളി ഗോപി കാരുണികന് നൽകിയ അഭിമുഖമാണ് ഈ ലക്കത്തിലെ മറ്റൊരു പ്രത്യേകത.

History is past politics and politics is present History എന്ന് പൊതുവെ ചരിത്രത്തെക്കുറിച്ചു പറഞ്ഞു കേട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ ചരിത്ര വിലയിരുത്തലുകളിൽ ഭൂതകാല രാഷ്ട്രീയവും വർത്തമാനകാല രാഷ്ട്രീയവുമൊക്കെ കടന്നു വന്നേക്കാം. അതൊക്കെ ചേരുമ്പോഴാണല്ലോ വിഷയം സമഗ്രമാവുന്നത്.

Past is the root and present is the fruit എന്നാണല്ലോ. ചരിത്ര വേരുകളെ മുറിച്ച് മാറ്റി ഒരു നിർമിത ഭൂതകാല വേര് വച്ചു പിടിപ്പിച്ചുള്ള ഒരു 'പുതു' രാഷ്ട്ര നിർമിതിയിൽ ഫലസമൃദ്ധമായ ഒരു വർത്തമാനകാലം, അല്ല ഭാവികാലംപോലും എങ്ങനെ സ്വപ്നം കാണാനാണ്? 'വസുധൈവ കുടുംബകം' എന്നൊക്കെ ലോകത്തോട് വിളിച്ചു പറഞ്ഞവർ ഇന്നും ശ്രേണീവല്കരണത്തിന്റെ കെണിയിലേക്കു വഴുതിവീഴുന്ന അവസ്ഥ എത്ര ഭീതിദമാണ്! എല്ലാ മനുഷ്യരും ഉടയോന്റെ – ദൈവത്തിന്റെ മക്കളായിരിക്കെ മണിമന്ദിരങ്ങളിൽ ജനിക്കുന്നവർ മഹനീയരെന്നും ചെറ്റക്കുടിലിൽ ജനിക്കുന്നവർ ഹീനരെന്നും തരം തിരിക്കപ്പെടുന്നതെങ്ങനെയാണ് ?

ആരുടേയും തെറ്റുകൊണ്ടല്ല ഒരാളും രോഗിയോ ദരിദ്രനോ ആയി ഭൂമിയിൽ പിറന്നു വീഴുന്നതെന്നുള്ള ക്രിസ്തുദർശനം എന്നാണ് മനുഷ്യന്റെ ചങ്കിൽ കയറുന്നത്? ആകാശക്കൂടാരത്തിനു കീഴെ അങ്ങോട്ടുമിങ്ങോട്ടും വന്നുംപോയുമിരുന്ന മനുഷ്യർ ഭൂമിയുടെ ഓരോ ഭാഗം കൈയടക്കി പെട്ടെന്നൊരു ദിവസം 'ഇനി മുതലിവിടം ഞങ്ങളുടേതാണ്, ഞങ്ങളുടേത് മാത്രമാണ്' എന്നുപറയുന്ന അവസ്ഥയാണെവിടെയും !

'ഇവിടം മുതലുള്ളതു മാത്രമാണ് ചരിത്രം' എന്നു പറയുന്നവർ ചരിത്രം അതിനു മുൻപും ഉണ്ടായിരുന്നു ഇനിയുമുണ്ടാകും,ഇനിയുമതൊരു പുഴപോലെ ഒഴുകും എന്ന സത്യം അറിയാതെ വയ്യ. തത്വചിന്തകർ പറഞ്ഞതുപോലെ ഈ ഒഴുകും പുഴയിലൊരാൾക്കും ഒരേ വെള്ളത്തിൽ നിൽക്കാനാവില്ല. ഓർമിക്കപ്പെട്ടാലും ഇല്ലെങ്കിലും നമ്മളെല്ലാം ചരിത്രത്തിന്റെ ഭാഗമാകും. വളരെ ചുരുക്കംപേർ ഓർമിക്കപ്പെട്ടേക്കാം, എന്നാൽ ഭൂരിഭാഗംപേരും വിസ്മൃതിയിലേക്ക് കൊഴിഞ്ഞുവീഴും.

His Story (History)കൾ അധികമായിരുന്നിടത്താണ് രണ്ടു Her Story കൾ കഴിഞ്ഞ ആഴ്ചകളിൽ നമുക്കു മുൻപിലെത്തിയത്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി എഴുപത്തഞ്ചാം വർഷത്തിൽ ആദ്യമായി ഗോത്രവർഗത്തിൽ നിന്നുമൊരു വനിത– ദ്രൗപദി മുർമു – ഇന്ത്യയുടെ പ്രഥമ വനിതയായിരിക്കുന്നു. ഇന്ത്യയിലെ രണ്ടാമത്തെ വനിതാ പ്രസിഡന്റായിരിക്കുന്നു.

കേരളമണ്ണിൽ നിന്നും ആദ്യമായ് ഒരു ആദിവാസി സമൂഹത്തിൽപ്പെട്ട സ്ത്രീയ്ക്ക്– നഞ്ചിയമ്മയ്ക്കു – ഏറ്റവും മികച്ച ഇന്ത്യൻ ഗായികയ്ക്കുള്ള അവാർഡ് ലഭിക്കുമ്പോൾ മലയാളികൾക്കും പറയാൻ ഒരു story ആയി – Her Story. നഞ്ചിയമ്മയ്ക്കു രാഷ്ട്രപതി ദ്രൗപദി മുർമു അവാർഡ് നൽകുന്ന ദിവസം.... ചരിത്രത്തിൽ തോറ്റുപോയ ഒരുപാടു പേർ സന്തോഷിക്കുന്നുണ്ടാവും, ഒപ്പം ഉടയോനും !

മിഖാസ് കൂട്ടുങ്കൽ
*ചീഫ് എഡിറ്റർ*

www.malankaralibrary.com

പുസ്തകം 19 ലക്കം 8
2022 ആഗസ്റ്റ്




കേരളത്തിൽ ഈയടുത്ത നാളുകളിൽ ചർച്ചചെയ്യപ്പെട്ട സാമൂഹ്യപാഠപുസ്തക വിവാദങ്ങളുടെയും ഇന്ത്യയിലാകമാനം ചില രാഷ്ട്രീയ പാർട്ടികൾ ലക്ഷ്യംവയ്ക്കുന്ന ചരിത്രപുനർനിർമിതിയുടെയും വെളിച്ചത്തിൽ ചരിത്രം എന്ന വിഷയത്തെ വിശദമായ് പരിശോധിക്കുകയാണ് കാരുണികൻ ഈ ലക്കം

രക്ഷാധികാരി
ഡോ. ജോസഫ് കൈപ്പയിൽ MCBS
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. പരംപ്രസാദ് പ്രവിശ്യ

സഹരക്ഷാധികാരി
ഫാ. ആൻോ പുതുവ MCBS

പത്രാധിപർ
ഫാ. മിഖാസ് കൂട്ടുങ്കൽ MCBS

എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് ക്ലെമന്റ്

പത്രാധിപസമിതി
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
ഡോ. ജി. അയ്യനേത്ത്
ഡോ. മേരി മെറ്റിൽഡ
ഡോ. മാത്യു ഓലിക്കൽ
ഡോ. കുര്യാസ് കുമ്പളക്കുഴി
ഡോ. ഗാസ്പർ സന്ന്യാസി

ഫിനാൻസ് മാനേജർ
ഫാ. ജോൺ പോൾ
തെക്കുംചേരിക്കുന്നേൽ MCBS

മാർക്കറ്റിംഗ് മാനേജർ
ഫാ. സ്റ്റെബിൻ വിതയത്തിൽ MCBS

ഓർഗനൈസിംഗ് അസിസ്റ്റൻസ്
ഫാ. ജോജോ കന്നപ്പിള്ളി MCBS

അക്ഷരവിന്യാസം
നിഷ ബിനു

കവർ & രൂപകല്പന
അബ്ദു നെല്ലിമറ്റത്തിൽ


വിലാസം:
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.,
എറണാകുളം – 682 015
ഫോൺ : 0484 – 2663933, 2664733,
9995802006
e-mail : mail@karunikan.com
website: www.karunikan.com

ഒരു എം.സി.ബി.എസ്.
പരംപ്രസാദ് പ്രസിദ്ധീകരണം

# ഉള്ളടക്കം

## കവർസ്റ്റോറി

08 ചരിത്രമെന്ന ചരിഞ്ഞഗോപുരം
11 ഇന്ത്യാചരിത്രത്തിന്റെ മാറ്റിയെഴുത്ത്
17 മാഞ്ഞുപോകുന്ന ചരിത്രങ്ങൾ
22 വളച്ചൊടിക്കപ്പെടാത്ത 'ലൂസിഫറു'കൾ





## സാമൂഹികം

24 രഹസ്യത്തിന്റെ ആനന്ദസാരം
31 അനാഥം – ഓർമയുടെ അടരുകൾ
33 പന്ത്രണ്ട്

## അജപാലനം

ക്രിസ്തുവിനെ കാണിച്ചുകൊടുക്കുന്ന അടയാളമാവുക 36
ഇടവകയും വികാരിയും സ്ഥലമാറ്റവും 41
കൂട്ടായ്മയുടെ ശക്തി പകരുന്ന പുരോഹിതൻ 44
വിദ്യാദാന പ്രേഷിതരെ വിഗണിക്കുന്നോ? 46
പ്രതിസന്ധികളിലും മിന്നുന്ന മിന്നു 50

03 എഡിറ്റോറിയൽ
06 നിർദേശങ്ങൾ, പ്രതികരണങ്ങൾ

www.karunikan.com

www.malankaralibrary.com



# നിർദേശങ്ങൾ; പ്രതികരണങ്ങൾ

വായനക്കാരുടെ ക്രിയാത്മകമായ പ്രതികരണങ്ങളെ ബഹുമാനത്തോടെ അവതരിപ്പിക്കുകയാണ് ഈ കോളത്തിലൂടെ. കാരുണികനിലെ ഏതൊരു വിഷയത്തെക്കുറിച്ചും തുറന്ന ആശയപ്രകടനങ്ങൾ നടത്തുന്നത് സ്വാഗതാർഹമാണ്. അത് വായനക്കാരുടെ നിർദേശങ്ങളാകാം; പ്രതികരണങ്ങളാകാം. പൂർണപ്രതിപക്ഷ ബഹുമാനത്തോടെ സഭ്യമായ രീതിയിൽ അവ ഉൾക്കൊള്ളിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. **– പത്രാധിപർ**

## മനുഷ്യകഥകൾ അക്ഷരങ്ങളാകട്ടെ

കാരുണികന്റെ ജൂൺ–ജൂലൈ സംയുക്ത ലക്കം വൈകിയാണു വായിക്കാൻ പറ്റിയത്. അണിയറ പ്രവർത്തകർ മാറിയ വിവരമറിഞ്ഞു. പുതിയ പ്രവർത്തക ടീമിന് എല്ലാവിധ ആശംസകളും നേരുന്നു. എഡിറ്റോറിയലിൽ സൂചിപ്പിച്ചതുപോലെ, വീണുകിട്ടിയ ചെറിയ അവസരങ്ങൾ വിജയിപ്പിച്ച് ദൈവിക ഇടപെടലുകൾ നടത്തിയവരെ അവതരിപ്പിച്ചാൽ നന്നാകും. വൈദികരോ അല്മായരോ ആകട്ടെ, മനുഷ്യകഥകൾ എപ്പോഴും വായിക്കാൻ താല്പര്യമുണ്ടാകും. സ്കൂൾ, കോവിഡ്, വിദ്യാർഥികൾ പോലെയുള്ള വിഷയങ്ങൾ ജനകീയ മാധ്യമങ്ങൾ വളരെയേറെ കൈകാര്യം ചെയ്യുന്നതിനാൽ വീണ്ടും നമ്മൾ കൊടുക്കുന്നത് ആവർത്തനമുണ്ടാക്കും, പുതുമയുണ്ടാകില്ല. ദൈവശാസ്ത്രം, ബൈബിൾ, സഭാവിജ്ഞാനീയംപോലെയുള്ള വിഷയങ്ങളിലെ ലളിത ലേഖനങ്ങൾ കൂടുതലായി വരട്ടെ. സഭാപദങ്ങളുടെ ഉത്പത്തിയും അർഥവും വ്യക്തമാക്കുന്ന കോളങ്ങൾ വരട്ടെ. സഭയുമായി ബന്ധപ്പെട്ട ഇന്റർനാഷണൽ വാർത്തകൾ ചെറുതായി ഓരോ ലക്കത്തിലും അവതരിപ്പിക്കുന്നതും നന്നായിരിക്കും.

**ജോമിച്ചൻ,**
*ചീഫ് സബ്എഡിറ്റർ, മലയാളമനോരമ, കോട്ടയം*

## ആഗോള ക്രൈസ്തവ ശബ്ദമാകണം

പരമാവധി ഇൻഫൊർമേഷൻ കാരുണികനിൽ കൊണ്ടുവരാൻ ശ്രമിക്കണം. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന നല്ല മനുഷ്യരുടെ പ്രൊഫൈലുകൾ വായിക്കാൻ വായനക്കാർക്ക് താല്പര്യം ഉണ്ടാകും. അതുപോലെ നല്ല സ്ഥാപനങ്ങൾ, മൂല്യബോധമുള്ള നല്ല മനുഷ്യർ, എന്നിവരേയും പരിചയപ്പെടുത്തണം. എല്ലാ വിഭാഗം ക്രിസ്ത്യാനികളേയും വായനക്കാരായി കാണണം. അതോടൊപ്പം മറ്റു മതസ്ഥർക്ക് കത്തോലിക്കരുടെ മാത്രമല്ല, മൊത്തം ക്രൈസ്തവരുടെയും ശബ്ദമായി സാവകാശത്തിൽ കാരുണികൻ മാറണം. ചുമതല ഏറ്റിരിക്കുന്ന പുതിയ പത്രാധിപരച്ചന് ആശംസകൾ.

**എം.വി.ബെന്നി**
*സമകാലിക മലയാളം (റിട്ട.)*

## സത്യം വിളിച്ചുപറയാനാകണം

പൊതുസമൂഹത്തിനു മുന്നിൽ സഭയുടെ മുഖം ഇനിയും മോശമാകാൻ ഇടയാകാതിരിക്കാൻ എന്തെങ്കിലും ചെയ്യണം. അല്മായർക്ക് അംഗീകാരം ഇപ്പോഴും പേരിനു മാത്രം. സഭ ചെയ്യുന്ന സത്കർമങ്ങൾ തമസ്കരിക്കപ്പെടുന്നുണ്ട്. ആന്റണി ഡിമെല്ലോയെപ്പോലെ സത്യം വിളിച്ചു പറയാൻ ആരെങ്കിലും ഉണ്ടാകണം. സഭയെ വിമർശിക്കുന്ന വിശ്വാസികളാണ് യഥാർഥത്തിൽ സഭയുടെ സുഹൃത്തുക്കൾ. പിതാക്കന്മാരെയും വൈദികരെയും മണിയടിക്കാനായി മുഖസ്തുതി പറയുന്നവർ നമ്മുടെ ശത്രുക്കളും. സത്യം വിളിച്ചു പറയാൻ ആരുമില്ലാത്തതാണ് നമ്മുടെ പ്രശ്നം. കാരുണികന് അതിനു കഴിയട്ടെ. നന്മകൾ നേരുന്നു.

**ജയിംസ് അഗസ്റ്റിൻ**
*കെ.സി.വൈ.എം മുൻ സംസ്ഥാന പ്രസിഡന്റ്*

www.malankaralibrary.com



**ഒരു ചരിത്രവും നിഷ്പക്ഷമാണെന്ന് പറയാനാവില്ല. അതായത്, കൈമാറപ്പെടുന്ന ചരിത്രം എപ്പോഴും പക്ഷപാതപരമായിരിക്കുമെന്നു സാരം. മിക്കപ്പോഴുംതന്നെ ജേതാവിന്റെ വ്യാഖ്യാനവും വർണ്ണനയുമായിരിക്കും ചരിത്രമായി കൈമാറപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ, ജേതാക്കളും അധികാരികളും മാറിവരുമ്പോൾ ചരിത്രം മാറ്റിയെഴുതാനുള്ള പ്രലോഭനം സ്വാഭാവികമാണ്. ആനുകാലിക ഭാരതത്തിൽ പ്രകടമാകുന്ന ചരിത്രത്തിന്റെ ചില മാറ്റിയെഴുത്തുകളാണ് കാരുണികൻ ഈ ലക്കം ചർച്ച ചെയ്യുന്നത്.**



# ചരിത്രം തിരുത്തപ്പെടുമ്പോൾ


- ചരിത്രമെന്ന ചരിഞ്ഞഗോപുരം
  – ഡോ. കെ. ജയകുമാർ IAS
- ഇന്ത്യാചരിത്രത്തിന്റെ മാറ്റിയെഴുത്ത്
  – റവ. ഡോ. പയസ് മലേക്കണ്ടത്തിൽ
- മാഞ്ഞുപോകുന്ന ചരിത്രങ്ങൾ
  – വിനോദ് നെല്ലക്കൽ
- വളച്ചൊടിക്കപ്പെടാത്ത 'ലൂസിഫറു'കൾ
  – മുരളി ഗോപി


## ഭാരതത്തിന്റെ പ്രഥമ വനിതയ്ക്ക് ഭാവുകങ്ങൾ!



സ്വാതന്ത്ര്യലബ്ധിയുടെ 75 -ാം വർഷത്തിൽ ഇന്ത്യയുടെ 15-ാമത് രാഷ്ട്രപതിയായി ചുമതലയേറ്റ **ദ്രൗപദി മുർമുവിന്** കാരുണികന്റെ ഭാവുകങ്ങൾ!

ഒഡീഷയിലെ മയൂർഭഞ്ച് ജില്ലയിലെ റായ്രംഗ്പുരിലെ ഉപർഭേദ ഗോത്ര ഗ്രാമത്തിൽനിന്നും ജീവിതയാത്ര ആരംഭിച്ച് പ്രതിസന്ധികളെയും വെല്ലുവിളികളെയും തരണംചെയ്ത് മുന്നേറിയ ധീരവനിത. ഒഡീഷ സെക്രട്ടറിയേറ്റിൽ ജൂനിയർ അസിസ്റ്റന്റ്, റായ്രംഗ്പൂർ അരബിന്ദോ സ്കൂൾ അധ്യാപിക, റായ്രംഗ്പൂർ നഗർ പഞ്ചായത്ത് കൗൺസിലർ, നിയമസഭാസാമാജിക, മന്ത്രി, ജാർഖണ്ഡ് ഗവർണർ, ഇപ്പോൾ ഇന്ത്യയുടെ രാഷ്ട്രപതി. സ്വതന്ത്ര ഭാരതത്തിലെ രണ്ടാമത്തെ വനിതാ പ്രസിഡന്റ്. പ്രതിഭാ പാട്ടീലിനുശേഷം ഭാരതത്തിന്റെ പ്രഥമ വനിതയായി ഗോത്രവർഗത്തിൽ നിന്നുള്ള ദ്രൗപദി മുർമു അവരോധിതയായിരിക്കുമ്പോൾ "സ്ത്രീകൾ കൈവരിച്ച നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് ഞാൻ സമൂഹപുരോഗതി അളക്കുന്നത്" എന്ന ഇന്ത്യൻഭരണഘടനാശില്പി ഡോ. ബി.ആർ അംബേദ്കറിന്റെ വാക്കുകൾ ഓരോ ഇന്ത്യൻ പൗരനും ഓർക്കാം.

www.malankaralibrary.com

# ചരിത്രമെന്ന ചരിഞ്ഞ ഗോപുരം

**തിരുത്തപ്പെടുന്ന ചരിത്രത്തിന്റെ നേർഭാഷ്യങ്ങളെ വിശകലനം ചെയ്തുകൊണ്ട് ചരിത്രനിർമിതിയെ ക്കുറിച്ച് പ്രതിപാദിക്കുകയാണ് സംസ്ഥാന മുൻചീഫ് സെക്രട്ടറിയും തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവകലാശാല പ്രഥമ വൈസ്ചാൻസലറും തിരുവനന്തപുരം സത്യസായ് ഐഎഎസ് അക്കാദമി ചെയർമാനുമായ ലേഖകൻ.**


ഡോ. കെ. ജയകുമാർ IAS (Rtd.)

ചരിത്രം ഒരു നിശ്ചല തടാകമല്ല. അതൊരു പ്രവാഹമാണ്. ചരിത്രത്തിൽ ഒന്നും അവസാനവാക്കല്ല. ഇന്നത്തെ അവസാന വാക്ക് നാളെ അസ്ഥിരപ്പെടാം. തിരുത്തപ്പെട്ട ചരിത്രം എല്ലാ ജനതയ്ക്കുമുണ്ട്. വായിക്കപ്പെടുന്ന ചരിത്രം എന്നത് ഒരു അക്കാദമിക നിർമിതിയാണ്. ഉപാദാന രേഖകളുടെയും മറ്റു തെളിവുകളുടെയും യുക്തിപൂർവമുള്ള അനുമാനങ്ങളുടെയും അടിസ്ഥാനത്തിലുള്ള ഉല്പന്നമാണ് ചരിത്രം. ആ ഉല്പന്ന നിർമിതിയെ നിലനിൽക്കുന്ന അധികാര വ്യവസ്ഥ തീർച്ചയായും സ്വാധീനിക്കും. ആരുടെ കാഴ്ചപ്പാടിലാണ് ചരിത്രം എഴുതപ്പെടുന്നതെന്ന്, ആര് ആർക്കുവേണ്ടി എഴുതുന്നു എന്നീ ഘടകങ്ങൾ ചരിത്ര രചനയെ നിർണായകമായി സ്വാധീനിക്കും. അങ്ങനെയാണ് ചരിത്രത്തിൽ പുരുഷാധിപത്യം പ്രബലമാകുന്നത്. കാരണം, അധികാരികൾ മിക്കപ്പോഴും പുരുഷന്മാർതന്നെയായിരുന്നുവല്ലോ. അതുകൊണ്ടാണ് ഹിസ് സ്റ്റോറി ഹിസ്റ്ററി ആയി മാറിപ്പോയത്. ഒരു ഘട്ടത്തിൽ അംഗീകൃതമായ ചരിത്രവസ്തുതകൾ പിന്നീട് ചോദ്യം ചെയ്യപ്പെടുന്നത് അസാധാരണമല്ല. രണ്ടാം ലോകമഹായുദ്ധത്തിലെ ജൂതന്മാരുടെ കൂട്ടക്കുരുതിക്ക് ശേഷം ഹിറ്റ്ലറെക്കുറിച്ചുള്ള ഓർമകൾ മായ്ച്ചു കളയാനാണ് പുതിയ ജർമനിക്കു താല്പര്യം. അതുപോലെതന്നെ അടിമക്കച്ചവടത്തിന്റെയും അതിൽ അന്തർലീനമായ മനുഷ്യത്വരാഹിത്യത്തിന്റെയും ചരിത്രം ഓർക്കാൻ അമേരിക്കയ്ക്ക് താല്പര്യമില്ല. അമേരിക്കൻ പാഠപുസ്തകങ്ങളിൽ അടിമവ്യാപാരത്തിന്റെ സൂചന പോലുമില്ല. കോളനികളിൽ അവർ നടത്തിയ ചൂഷണത്തിന്റെ പരാമർശം ബ്രിട്ടീഷ് പാഠപുസ്തകങ്ങളിലും യൂണിവേഴ്സിറ്റി പാഠ്യപദ്ധതികളിലുമില്ല. ഒരു രാജ്യം വിദേശഭരണത്തിൽ നിന്ന് മോചനം നേടുമ്പോൾ ആ സ്വാതന്ത്ര്യത്തിലേക്ക് രാജ്യത്തെ നയിച്ച ഐതിഹാസിക സമരത്തിനും ആ പാർട്ടിക്കും നേതാക്കൾക്കും ആ രാജ്യത്തിന്റെ ചരിത്രത്തിൽ സവിശേഷമായ സ്ഥാനം കൈവരുന്നത് സ്വാഭാവികം. കുറേക്കാലം കഴിഞ്ഞ് അധികാരത്തിലെത്തുന്ന മറ്റൊരു രാഷ്ട്രീയ പ്രസ്ഥാനത്തിന് വ്യത്യസ്തമായ അഭിപ്രായങ്ങളും വിലയിരുത്തലുകളുമുണ്ടായേക്കാം. എങ്കിലും കുറച്ചുനാൾ കൂടി സുസമ്മതമായ പഴയ ബിംബങ്ങൾ നിലനിൽക്കും. പിന്നീട് വളരെ ബോധപൂർവം അവയും തമസ്കരിക്കപ്പെടും. ചിലപ്പോൾ ഈ തമസ്കരണം തൽക്ഷണം നടന്നേക്കും. ഇറാക്കിലെ സദ്ദാം ഹുസൈനും ലിബിയയിലെ ഗദ്ദാഫിയും അങ്ങനെ തൽക്ഷണം ഓർമയിൽനിന്നും ചരിത്രത്തിൽനിന്നും സ്ഥാനഭ്രഷ്ടരാക്കപ്പെട്ടവരാണ്. സോവിയറ്റ് യൂണിയൻ തകർന്നതിനുശേഷം 'മഹാനായ ലെനിനും' സംഭവിച്ചുവല്ലോ പ്രസക്തി നഷ്ടം. ജനാധിപത്യ വ്യവസ്ഥിതിയിൽ സ്വാതന്ത്ര്യ സമര നേതാക്കളെയും രാഷ്ട്രശില്പികളെയും അത്ര പെട്ടെന്ന് നിഷ്കാസനം ചെയ്യാൻ കഴിയാറില്ല.

എന്നാൽ ജനാധിപത്യത്തിലും ചരിത്രത്തിന്റെ പുനർവ്യാഖ്യാനവും പുനരാഖ്യാനവും നടക്കാറുണ്ട്. ആ പ്രക്രിയ കൂടുതൽ സൂക്ഷ്മവും ആസൂത്രിതവുമായിരിക്കുമെന്നു മാത്രം. ഇന്ത്യയിൽ ചരിത്രത്തെ ഓപ്പ

www.malankaralibrary.com



റേഷൻ ടേബിളിൽ കിടത്തിയിരിക്കുകയാണ് എന്ന വസ്തുത ഇന്ന് വ്യാപകമായി ചർച്ച ചെയ്യപ്പെടുന്നുണ്ട്. ചരിത്രഗാത്രത്തെ പല വിധത്തിലുള്ള ശസ്ത്രക്രിയകൾക്കു വിധേയമാക്കുകയാണ് ലക്ഷ്യം. ചില അവയവങ്ങൾ മുറിച്ചു മാറ്റപ്പെട്ടേക്കാം, സൗമ്യമായ മുഖഭാവം രൗദ്രമായേക്കാം, ചില അവയവങ്ങൾക്ക് അസാമാന്യമായ കരുത്തുണ്ടെന്നു സ്ഥാപിച്ചേക്കാം, ചില ഓർമകൾ ഇല്ലാതാക്കപ്പെട്ടേക്കാം, മറന്നതിൽ ചിലതു ഓർമിപ്പിക്കപ്പെട്ടേക്കാം. നീണ്ടുനിൽക്കുന്ന ഈ ഓപ്പറേഷന് ശേഷം, ചില വസ്തുതകൾ വക്രീകരിക്കപ്പെടും, ചില സൗകര്യപ്രദമായ അനുമാനങ്ങൾ ശാശ്വതീകരിക്കപ്പെടും, ചില സാമൂഹ്യനായകർ പിറകിലേക്ക് തള്ളപ്പെടും, അല്പം മാത്രം അറിഞ്ഞിരുന്ന നേതാക്കൾ വെളിച്ചത്തുവരും, പ്രധാനമായവ അപ്രധാനമാകും, വിസ്മൃതമായവ പ്രകടമാവും, മിത്രങ്ങൾ ശത്രുക്കളാവും, നായകർ വില്ലന്മാരാവും. അങ്ങനെ കൃത്യമായ ലക്ഷ്യത്തോടെ ചരിത്രം പല തലത്തിൽ ഇന്ന് തിരുത്തപ്പെട്ടുകൊണ്ടിരിക്കുന്നു. അതൊരു രാഷ്ട്രീയ പ്രോജക്റ്റാണ്. ആ പ്രോജക്റ്റിന്റെ ലക്ഷ്യപ്രാപ്തിക്കു മാറ്റിയെഴുതപ്പെടുന്ന ഈ ചരിത്രം ആവശ്യമാണ്. അംഗീകരിക്കപ്പെട്ടിരിക്കുന്ന ചരിത്രം ഇപ്പോഴത്തെ അധികാര വ്യവസ്ഥയ്ക്ക് പഥ്യമല്ല. പുതിയ ദേശീയ സങ്കല്പത്തിന്റെ സാമൂഹ്യ രാഷ്ട്രീയ യുക്തിക്കു അതൊരു ഭാരമാണ്.

ചരിത്രത്തിന്റെ അപാരമായ രാഷ്ട്രീയ മൂല്യമാണ് ഇത് വ്യക്തമാക്കുന്നത്. ചരിത്രം പോയകാലത്തിന്റെ അധികാര ഗതിവിഗതികളെയാണ് പ്രതിപാദിക്കുന്നത്. വർത്തമാനകാലത്തിലെ അധികാരത്തിനു അതിനെ തങ്ങൾക്കിണങ്ങും വിധം വ്യാഖ്യാനിക്കാനുള്ള വാസനയും പ്രേരണയും എപ്പോഴുമുണ്ടായിട്ടുണ്ട്. ചരിത്രം അധികാരത്തെ സാധൂകരിക്കുന്നു. അതിനായി അധികാരം ചരിത്രത്തെ ഉപയോഗിക്കുന്നു. അധികാരം ചരിത്രത്തെ യഥേഷ്ടം ഭാഗികമായി പ്രകാശിപ്പിക്കുകയും തമസ്കരിക്കുകയും ചെയ്യുന്നു. എക്കാലത്തും ചരിത്രം അധികാരത്തിന്റെ ഇഷ്ട പരിചാരികതന്നെയായിരുന്നു.

ഇന്ന് ഇന്ത്യയിൽ നടക്കുന്ന ചരിത്ര അപനിർമിതിയും അപക്വവും വികലവുമായ പുനർനിർമിതിയും ഭരണഘടന ആരൂഢമാക്കിയിരിക്കുന്ന ജനാധിപത്യത്തിന്റെയും മനുഷ്യാവകാശത്തിന്റെയും മൗലികാവകാശങ്ങളുടെയും സമുന്നത മൂല്യങ്ങളെ വെല്ലുവിളിക്കുന്നു എന്നതാണ് ആശങ്കപ്പെടുത്തുന്ന വസ്തുത. ഇന്ത്യ ഒരു ഏകകമല്ല. അനേകം പ്രാദേശികമായ അഭിമാനകഥകളും വീരഗാഥകളും ചരിത്രവും വിശ്വാസങ്ങളുമെല്ലാം ഇഴകലർന്ന സംയുക്തമാണ്. അത്തരത്തിലുള്ള വൈവിധ്യങ്ങൾക്ക് സ്വതന്ത്രമായി പുലരാനുള്ള ശാദ്വലമാണ് ഇന്ത്യൻ ഭരണഘടന. എഴുപത്തിയഞ്ച് വർഷം പൂർത്തിയായ സ്വതന്ത്രഭാരതം പകർന്നുതന്ന മതേതരത്വത്തിന്റെയും സഹനത്തിന്റെയും സഹവർത്തിത്വത്തിന്റെയും ശുദ്ധവായു ആവിർഭവിക്കുന്നത് ഭരണഘടനയിൽ നിന്നാണ്. എന്നാൽ പ്രായോഗിക നിർബന്ധങ്ങളാൽ ചരിത്രം തിരുത്തപ്പെടുമ്പോൾ, ഭരണഘടനയുടെ ആത്മാവിൽ പ്രതിഷ്ഠിതമായ ഈ മൂല്യങ്ങൾക്ക് ഇളക്കം തട്ടുന്നു. സ്വാതന്ത്ര്യ സമരത്തിന്റെ ധാർമികതയും നേട്ടങ്ങളും വിസ്മരിക്കുക മാത്രമല്ല, രാഷ്ട്രം മറക്കാൻ ശ്രമിക്കുന്ന 1947-ലെ വിഭജനത്തെ 'ദേശീയ

www.malankaralibrary.com

വിഭജന സ്മൃതി ദിന'മായി' ആചരിക്കാൻ ഭരണകൂടം തീരുമാനിക്കുകയും ചെയ്യുന്നു! ക്രിസ്ത്യൻ മിഷണറിമാരും ഉല്പതിഷ്ണുക്കളായ വൈദികരും സാമൂഹ്യ ആത്മീയ നേതാക്കളും മറ്റും നടത്തിയ സംഭാവനകളെ തുച്ഛീകരിക്കുന്നതിലൂടെ ന്യൂനപക്ഷങ്ങളുടെ അപരത്വം സ്ഥാപിക്കുന്നതിനുള്ള വഴി സുഗമമാക്കുന്നു. ചരിത്രനിർമിതി അധികാരത്തിന്റെ വ്യാകരണത്താൽ മാത്രം നയിക്കപ്പെടുമ്പോൾ ആ മാറ്റങ്ങൾക്കു, ഭരണ ഘടനയുമായി ആന്തരിക സംഘർഷങ്ങൾ അഭിമുഖീകരിക്കേണ്ടി വരും. ഈ നിരന്തര സംഘർഷം, ഭരണ ഘടനയെത്തന്നെ സമൂലം ഭേദഗതി ചെയ്യാനുള്ള പ്രേരണയായി വളരാതിരിക്കില്ല.

സ്കൂൾ പാഠപുസ്തകങ്ങളാണ് ഒരു തലമുറയുടെ ചരിത്രബോധത്തെ സ്വാധീനിക്കാൻ ഏറ്റവും കഴിവുള്ള ഉപകരണം. പുതിയ കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലും കൊണ്ട് ചരിത്രത്തിന്റെ മുഖച്ഛായ അപരിചതമാവുന്നു. ഇപ്പോഴത്തെ രക്ഷിതാക്കളുടെ തലമുറയും പഠിതാക്കളുടെ തലമുറയും തമ്മിൽ പങ്കിടാൻ കഴിയുന്ന ചരിത്രത്തിന്റെ പൊതുവായ ഈടുവയ്പുകൾ നഷ്ടമാവുന്ന അവസ്ഥ വലിയ വിജ്ഞാന വിടവുകൾ സൃഷ്ടിക്കും. വേരുറയ്ക്കാത്ത വികല ചരിത്രം പഠിക്കാൻ വിധിക്കപ്പെട്ട കുട്ടികൾ സമൂഹവുമായി യാതൊരു വൈകാരിക–വൈജ്ഞാനിക ബന്ധവുമില്ലാതെ വളരും. തിരുത്തപ്പെട്ട ചരിത്രം നഷ്ടപ്പെടുത്തുന്നത് പൂർവികരുടെ ത്യാഗത്തിന്റെയും മൂല്യബോധത്തിന്റെയും ത്യാഗസന്നദ്ധതയുടെയും അറിവാണെങ്കിൽ, പുതിയ പാഠം അവർക്കു കൊടുക്കുന്നത് പലപ്പോഴും ഈ മൂല്യങ്ങളെ നിരാകരിക്കുന്ന അറിവുകളായിരിക്കും. സഹനത്തെ കരുത്തുകൊണ്ടും സ്നേഹത്തെ വെറുപ്പുകൊണ്ടും ഐക്യത്തെ അപരത്വം കൊണ്ടും വക്രീകരിക്കുമ്പോൾ ഭാരതത്തിന്റെ ആത്മാവ് അഗാധമായി മുറിപ്പെടുകയും, വരുംതലമുറകൾക്കു ബൗദ്ധിക വിഭവങ്ങളിൽ വിഷം കലരുകയും ചെയ്യും. നവസാങ്കേതിക വിദ്യകൾ മനുഷ്യരാശിക്ക് മുന്നിൽ പുതിയ അറിവുകളുടെയും സാധ്യതകളുടെയും ചക്രവാളങ്ങൾ തുറക്കുമ്പോൾ വികലമായ മൂല്യബോധത്തിന്റെ വിഷബാധയേൽക്കുന്ന പുതിയ തലമുറ ഈ പുത്തൻ പ്രകാശം ഉൾക്കൊള്ളാനാകാതെ അന്ധരാക്കപ്പെടുകയാണ്. വിദ്യാർഥികൾ മറ്റൊരു രാഷ്ട്രീയ സംസ്കാരത്തിന്റെ പരീക്ഷണമൃഗങ്ങളാക്കപ്പെടുന്നു. അങ്ങനെ വിദ്യാഭ്യാസം അതിന്റെ പ്രഖ്യാപിത ലക്ഷ്യമായ ഹൃദയവികാസവും മാനവികതയും സ്വയം നിരാകരിക്കുന്നു.

## അഭിനന്ദനങ്ങൾ

സാഹിത്യരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള ഈ വർഷത്തെ കേരള സാഹിത്യഅക്കാദമി പുരസ്കാരം നേടിയ കവിയും ഗാനരചയിതാവും തിരക്കഥാകൃത്തുമായ **ഡോ. കെ. ജയകുമാറി**ന് കാരുണികന്റെ അഭിനന്ദനങ്ങൾ.

കരിക്കുലം പുതുക്കലും പാഠപുസ്തക നിർമിതിയും ഒരു സമൂഹത്തിന്റെ നാളെയെ നിർണയിക്കുന്നു. ഒരു രാഷ്ട്രം അംഗീകരിച്ച പൊതുചരിത്രവും പ്രാദേശിക ചരിത്രങ്ങളും തിരുത്താനുള്ള ശ്രമമാണ് ഇന്ന് പല സംസ്ഥാനങ്ങളിലും നടന്നുകൊണ്ടിരിക്കുന്നത്. കർണാടകയിലെ പാഠ്യപദ്ധതി പരിഷ്കരണം അനുചിതമായ കൂട്ടിച്ചേർക്കലും ഒഴിവാക്കലും കൊണ്ടു വാർത്തയായത് ഏതാനും മാസങ്ങൾക്കു മുൻപാണ്. ബാസവണ്ണ എന്ന സമാരാധ്യമായ ബിംബത്തെപ്പോലും അവിടെ ഇളക്കിമറിച്ചു കളഞ്ഞു. സംസ്ഥാനങ്ങളിലെയും കേന്ദ്രത്തിലെയും കരിക്കുലം കമ്മിറ്റികൾക്കാണ് ഇതിനൊക്കെ അധികാരം എന്നും ആ കമ്മിറ്റികൾ സ്വതന്ത്രമാണെന്നും സർക്കാരിന് നേരിട്ട് ഒന്നും തന്നെ ചെയ്യാൻ സാധിക്കുകയില്ല എന്നും മൂഢമായി വാദിക്കാം. എന്നാൽ ഈ സമിതികൾ മുഴുവൻ പ്രത്യയശാസ്ത്ര വിധേയർക്കു സംവരണം ചെയ്യപ്പെടുമ്പോൾ, സ്വതന്ത്രമായ ആശയപ്രവാഹം പ്രതിരോധിക്കപ്പെടുന്നു. സമിതികളുടെ ബാഹ്യരൂപം അവ സ്വതന്ത്രമാണെന്ന പ്രതീതി നൽകുകയും അന്തരംഗം സങ്കുചിത താല്പര്യങ്ങളുടെ വിളഭൂമിയാവുകയും ചെയ്യുന്നു എന്നതാണ് വാസ്തവം. ആശയ സ്വാതന്ത്ര്യമുള്ള അംഗങ്ങൾ ഇത്തരം സമിതികളിൽ നിന്ന് സ്വയം ഒഴിഞ്ഞു പോകുന്ന കാഴ്ചയും അപൂർവമല്ല. ബൗദ്ധിക സ്വാതന്ത്ര്യവും പ്രവർത്തന സ്വാതന്ത്ര്യവും പാഠപുസ്തക സമിതികൾക്ക് കല്പിച്ച് കൊടുക്കാൻ സാധിക്കുന്ന രാഷ്ട്രീയമായ ഉദാരതയും ഉദാത്തതയും പ്രബുദ്ധതയും എപ്പോഴാണ് യാഥാർഥ്യമാവുക? ബുദ്ധിജീവികളും അക്കാദമിക് പണ്ഡിതരും ബൗദ്ധിക സ്വാതന്ത്ര്യത്തിനും ബഹുസ്വരതയ്ക്കും ജനാധിപത്യ മൂല്യങ്ങൾക്കും പ്രത്യയശാസ്ത്ര നിർബന്ധങ്ങൾക്കുപരിയായി പരമമൂല്യം കല്പിക്കുമ്പോൾ മാത്രമേ ചരിത്രനിർമിതി ചരിഞ്ഞ ഗോപുരമാകാതിരിക്കൂ. ■

www.malankaralibrary.com

# ഇന്ത്യാചരിത്രത്തിന്റെ മാറ്റിയെഴുത്ത്

ചരിത്രം തിരുത്തപ്പെടുന്ന സംഭവങ്ങൾ പല രാജ്യങ്ങളിലും പല കാലഘട്ടങ്ങളിലും ഉണ്ടായിട്ടുണ്ട്. അവയെ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വെളിച്ചം വീശുന്ന സംഭാഷണമാണ് പ്രശസ്ത ചരിത്രകാരനായ റവ. ഡോ. പയസ് മലേകണ്ടത്തിൽ കാരുണികനുമായി നടത്തിയിരിക്കുന്നത്. ഒറ്റലക്കത്തിലേക്കു ചുരുക്കി വിഷയത്തിന്റെ പൂർണതയ്ക്കു പരിക്ക് പറ്റാതിരിക്കാൻ ഒന്നിലധികം ലക്കങ്ങളിലായാണ് ഇത് പ്രസിദ്ധീകരിക്കുന്നത്. ആദ്യ ഭാഗം ഈ ലക്കത്തിൽ.



**റവ. ഡോ. പയസ് മലേക്കണ്ടത്തിൽ**
*ഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാല ചരിത്രവിഭാഗം പ്രൊഫസർ*

**? ചരിത്രത്തെ മനുഷ്യാരംഭം മുതൽ എന്ന നിലയ്ക്കാണോ കാണേണ്ടത്?**

മനുഷ്യൻ ചെയ്ത എല്ലാ പ്രവർത്തനങ്ങളുടെയും പറഞ്ഞ എല്ലാ വാക്കുകളുടെയും അവന്റെ ചിന്തകളുടെയും ആകെ തുക ചരിത്രമായി കണക്കാക്കപ്പെടുന്നുണ്ടെങ്കിലും അത് മുഴുവൻ ചരിത്രമായി പഠിക്കുകയോ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. മറിച്ച് എഴുത്തുവിദ്യ കണ്ടുപിടിച്ചപ്പോൾമുതൽ രേഖകൾ സൃഷ്ടിക്കപ്പെടുകയും ആ രേഖകൾ തെളിവായുപയോഗിച്ച് ചരിത്രം എഴുതുകയും ചെയ്യുന്ന കാലഘട്ടം തൊട്ടാണ് ചരിത്രപഠനം എന്നുള്ള ഒരു പ്രക്രിയ ആരംഭിച്ചത്.

അതായത്, മനുഷ്യന് അവൻ രൂപം പൂണ്ടപ്പോൾ മുതലുള്ള ഒരു ചരിത്രം ഉണ്ടെങ്കിലും, ആ ചരിത്രത്തിന്റെ ഭാഗമായി അവൻ വരുന്നത് എഴുത്തുവിദ്യ കണ്ടുപിടിച്ചതിനുശേഷമാണ്. എന്നുപറഞ്ഞാൽ, അവൻ എഴുതിയ രേഖകൾ വായിച്ചറിഞ്ഞ് ആ തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രം എഴുതാൻ തുടങ്ങുമ്പോഴാണ്. അതിനെ പ്രീ ഹിസ്റ്റോറിക് പിരീഡ് (pre-historic period) എന്നും പ്രോട്ടോ ഹിസ്റ്റോറിക് പിരീഡ് (proto -historic period) എന്നുമൊക്കെയാണ് വിളിക്കുന്നത്. അതായത് ചരിത്രാതീതകാലം.

**? മനുഷ്യർ എന്നത് ചരിത്രത്തെ സംബന്ധിച്ച് കേന്ദ്ര സ്ഥാനത്തു നിർത്തേണ്ട ഒന്നാണോ?**

ചരിത്രം എന്നു പറഞ്ഞാൽ മനുഷ്യൻ ചെയ്ത പ്രവർത്തനങ്ങളുടെയും പറഞ്ഞ വാക്കുകളുടെയും അതിനെല്ലാം കാരണമായ ചിന്തകളുടെയും ആകെത്തുകയാണെന്ന് പറഞ്ഞല്ലോ. മനുഷ്യന്റെ ചിന്താ പ്രക്രിയയാണ് അവൻ വാക്കായും പ്രവൃത്തിയായും പുറത്ത് എത്തിക്കുന്നത്. അതാണ് ചരിത്രത്തിന്റെ പഠനത്തിൽ ഏറ്റവും പ്രധാനം. മനുഷ്യന്റെ ചിന്താ പ്രവർത്തനങ്ങളുടെ ഫലമായി, അവന്റെ ഇടപഴകൽ കാരണം എന്തുമാത്രം മാറ്റമാണ് ഫിസിക്കൽ വേൾഡി (physical world)ൽ ഉണ്ടായത്, എത്രമാത്രം വ്യതിയാനങ്ങളാണ് നാച്വറൽ വേൾഡി (natural world)ൽ ഉണ്ടായത്, എന്തെല്ലാം വിധത്തിലുള്ള സാമൂഹിക അനുരണനങ്ങൾ ഉണ്ടായി, എത്രയെത്ര മനുഷ്യജീവിതങ്ങളുടെ ഗതി മുഴുവൻ തിരിച്ചു വിടുകയും ചെയ്തുകൊണ്ടുള്ള ഒരു പ്രവൃത്തി മനുഷ്യന്റെ ചിന്തയുടെ ഫലമായി ഉണ്ടായി എന്നുള്ളതെല്ലാമാണ് പഠിക്കപ്പെടുക. ഈ ചിന്താ പ്രക്രിയയാണ് ചരിത്രപഠനത്തിന്റെ കേന്ദ്രബിന്ദു. അതുകൊണ്ട് മനുഷ്യനാണ് ഇപ്പോൾ പഠിക്കുന്ന ചരിത്രത്തിന്റെ

www.malankaralibrary.com

central point. മനുഷ്യനോട് ബന്ധപ്പെട്ടാണ് ചരിത്രം പഠിക്കേണ്ടത്.

ചരിത്രം എന്നത് ഇന്നലെകൾ എന്ന അർഥത്തിൽ മനസ്സിലാക്കാനുള്ള ഒരാഗ്രഹം പലർക്കും ഉണ്ടാകാം. ഇപ്പോൾ പദാർഥ ലോകത്തിന്റെ ചരിത്രം പഠിക്കപ്പെടുന്നുണ്ട്. അല്ലെങ്കിൽ Natural World ന്റെ ചരിത്രം പഠിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. പക്ഷേ, അത് ഒരു വിഷയമായി ഇപ്പോഴും വന്നിട്ടില്ല. അത് ഒരു പുതിയ ട്രെൻഡായി വന്നിട്ടുണ്ടെങ്കിലും മനുഷ്യൻ തന്നെയാണ് ഇപ്പോഴും ചരിത്രത്തിന്റെ കേന്ദ്രബിന്ദു. കാരണം, natural world ൽ ചിന്തകൾ ഇല്ല, നാച്വറൽ വേൾഡ് static ആണ്. Static ആയിരിക്കുന്നത് ഒന്നും ചരിത്രപഠനത്തിന് വിധേയമല്ല. മാറ്റങ്ങളാണ് പഠിക്കപ്പെടുക. ചിന്താപ്രക്രിയയിൽ ഉണ്ടാകുന്ന ഇടപെടലിന്റെ ഭാഗമായി എന്തുമാത്രം മാറ്റങ്ങളുണ്ടായി. ആ മാറ്റങ്ങളുടെ കൂടി സ്വഭാവം എന്താണെന്നതിന്റെ വെളിച്ചത്തിലാണ് അത് ചരിത്രത്തിന്റെ ഭാഗം ആകുന്നുണ്ടോ എന്നു നിശ്ചയിക്കപ്പെടുക.

## ? ഇന്ത്യയുടെ ചരിത്രം അക്കാഡമിക്കായി ആരംഭിക്കുന്നത് എപ്പോൾ മുതലാണ്?

അഡ്മിനിസ്ട്രേറ്റീവ് ഓഫീസേഴ്സ് അവിഭാജ്യമായി അറിഞ്ഞിരിക്കേണ്ട ഒരു വിഷയമായാണ് ആഗോളതലത്തിൽ ചരിത്രം കണക്കാക്കപ്പെട്ടിരുന്നത്. Song Dynasty ചൈന ഭരിച്ചപ്പോൾ 11,12,13 നൂറ്റാണ്ടുകളിൽ അവിടത്തെ ബ്യൂറോക്രസി വിജയിക്കേണ്ട എക്സാമിന് പ്രധാനപ്പെട്ട ഒരു ഘടകം കൂടിയായിരുന്നു ചരിത്രം.

ഇന്ത്യയിലേക്കു വന്നാൽ ചരിത്രം എന്നു പറയുന്നത് മുൻപു സൂചിപ്പിച്ചതുപോലെ മാറ്റങ്ങളുടെ പഠനമാണ്. മനുഷ്യരുടെ ചിന്താ പ്രക്രിയയുടെ ഇടപെടൽ മൂലം ഉണ്ടായ മാറ്റങ്ങളെകുറിച്ചുള്ള പഠനം. ആ പഠനങ്ങൾ പലവിധത്തിലാണ് ഇവിടെ മനസ്സിലാക്കപ്പെട്ടിരുന്നത്. അത് സൈക്ലിക് (ചാക്രികം) ആയാണ് മനസ്സിലാക്കപ്പെട്ടിരുന്നത്. ക്രീതയുഗം (Krita), ത്രേതയുഗം (Treta), ദ്വാപരയുഗം (Dvapara), കലിയുഗം (Kali) എന്നൊക്കെ പല യുഗങ്ങളാക്കി സൈക്കിളിക്കൽ പ്രോസസ്സായാണ് ഇന്ത്യ ചരിത്ര ഘടനയെ മനസ്സിലാക്കിയിരുന്നത്. ഈ ചരിത്രത്തെ കുറിച്ചുള്ള അവബോധം ഓർമകളിലായാണ് സൂക്ഷിച്ചിരുന്നത്. അക്കാഡമിക്കായി അത്രയധികം പഠിക്കപ്പെട്ടിരുന്നില്ല.

പക്ഷേ, ഇവിടെ മുസ്ലീം ഭരണം വന്നു കഴിഞ്ഞപ്പോൾ അവരുടെ ചരിത്രം കുറിക്കുന്ന തരീഖുകൾ എന്നു പറഞ്ഞുകൊണ്ടു തരീഖ് രചനകൾ അവർ ഉണ്ടാക്കുകയും ഓരോ dynastyയെകുറിച്ചും ഭരണത്തെകുറിച്ചും പരീക്ഷയുടെ പുസ്തകം പോലെയും മറ്റും എഴുതിയുണ്ടാക്കാൻ തുടങ്ങുകയും ചെയ്തു.

മുസ്ലീം മദ്രസകളിൽ എല്ലാം ഇസ്ലാമിക് ഹിസ്റ്ററി അവരുടെ പഠനത്തിന്റെ ഭാഗമായിരുന്നു. അവരുടെ കമ്മ്യൂണിറ്റി (UMMA -an Arabic word used to mean the collective community of Islamic people) യെക്കുറിച്ചുള്ള പഠനം, അവരുടെ community വ്യാപിച്ചതിനെക്കുറിച്ചുള്ള പഠനം അതൊക്കെ അതിന്റെ ഒരു ഭാഗമായി വന്നു. ചരിത്രം അക്കാഡമിക് ആയിട്ടും മദ്രസ അല്ലെങ്കിൽ ഈ പറഞ്ഞ ഇസ്ലാമിക പഠന കേന്ദ്രത്തോട് ബന്ധപ്പെട്ട് രൂപപ്പെട്ടു വരികയുണ്ടായി. പക്ഷേ, ഇതൊരു system in discipline ആയി വരുന്നത് ഇംഗ്ലീഷുകാർ വന്നതിനുശേഷമാണ്.



www.malankaralibrary.com

അവർ വന്നതിനു ശേഷം ചരിത്രത്തെ പല കാലഘട്ട ങ്ങളായി തിരിച്ചു. ആദ്യത്തേതു Ancient history. അത് ബ്രാഹ്മണിക് റിലീജിയൻ -ബുദ്ധമതവും ജൈന മതവും- നിലനിന്ന കാലഘട്ടങ്ങൾ ഉൾപ്പെടുന്നതാ യിരുന്നു.

പ്രാചീനകാലംതൊട്ടു ഏതാണ്ടു എട്ട്, ഒമ്പത്, പത്തുവരെയുള്ള നൂറ്റാണ്ടുകാലഘട്ടങ്ങൾ. ഈ കാലഘട്ടങ്ങളെല്ലാം അവർ 'ഹിന്ദുകാലഘട്ടം' എന്ന് വിശേഷിപ്പിക്കാൻ തുടങ്ങി. അതിനുശേഷം മുസ്ലീ ങ്ങൾ ഭരിക്കാൻ വന്ന സമയംമുതൽ, ഏതാണ്ട് 12,13 നൂറ്റാണ്ടുമുതൽ മുഗൾ ഭരണം അവസാനി ക്കുന്ന 1857 വരെയുള്ള കാലഘട്ടം 'ഇസ്ലാമിക് കാല ഘട്ടം' എന്നവർ വിശേഷിപ്പിക്കാൻ തുടങ്ങി. 1857 മുതലുള്ള കാലഘട്ടത്തെ 'ബ്രിട്ടീഷ് കാലഘട്ടം' എന്ന് വിശേഷിപ്പിച്ചു. ഇങ്ങനെ മതത്തിലടിസ്ഥാനപ്പെടു ത്തിയുള്ള ഒരു പഠനമാണ് അക്കാഡമിക്കായി ബ്രിട്ടീ ഷ്കാർ വന്നതിനുശേഷം ആരംഭിക്കുന്നത്.

പിന്നീട് ഒരു യൂണിവേഴ്സിറ്റി (Thomas Babington Macaulay) 1835-ൽ ഇംഗ്ലീഷ് വിദ്യാഭ്യാസക്രമം കൊണ്ടുവന്നപ്പോൾ ആ പഠനക്രമത്തിന് അവിഭാ ജ്യഘടകമായി ഹിസ്റ്ററി വരുകയുണ്ടായി. അതിൽ മുകളിൽ പറഞ്ഞ ബ്രിട്ടീഷ് കാഴ്ചപ്പാടുള്ള ചരിത്രപ ഠനമാണ് ഉണ്ടായിരുന്നത്. ഹിന്ദു കാലഘട്ടം, പിന്നീട് മുസ്ലീം കാലഘട്ടം, തുടർന്ന് ബ്രിട്ടീഷ് കാലഘട്ടം. ഈ കാലഘട്ടങ്ങളുടെ തിരിവ് തെറ്റാണെന്ന് ഇന്ത്യൻ ചരിത്രകാരന്മാർ പിന്നീട് സ്ഥാപിക്കുകയുണ്ടായി. ഇങ്ങനെ മതത്തിന്റെ അടിസ്ഥാനത്തിലല്ല കാല ഘട്ടം വേർതിരിക്കേണ്ടത്. മറിച്ച് അതിന് വേറെ ചില കാരണങ്ങൾ ഉണ്ടാകണം. പ്രാചീന കാലഘട്ടം എന്നത് Ancient History Period എന്നും പിന്നെ Medieval Period, അതിനുശേഷം Modern Period എന്ന രീതിയിലുമാണ് ഇന്ന് ചരിത്രം പഠിപ്പിക്കുന്നത്. ഇന്ത്യൻ ഹിസ്റ്ററി മാത്രമല്ല, ആഗോള ഹിസ്റ്ററിയും ഇതേ രീതിയിൽ -Ancient , Medieval ,Modern -തന്നെ യാണ് അക്കാഡമിക് ഹിസ്റ്ററിയിൽ പഠിപ്പിക്കുന്നത്. ഇങ്ങനെ തിരിക്കാനായി ആഗോളതലത്തിൽ പല കാരണങ്ങൾ ഉണ്ട്. പല ചരിത്രകാരന്മാരുടെയും വീക്ഷണങ്ങൾ ഇതിൽ സ്വാധീനിച്ചിട്ടുണ്ടെങ്കിലും ഏറ്റവും സ്വീകാര്യമായത് marxian interpretation of history base mode of production കാഴ്ചപ്പാടാണ്.

slave mode of production നിലനിന്നിരുന്ന കാല ഘട്ടം Ancient എന്നും feudal mode of production നിലനിന്ന കാലം Medieval എന്നും capitalist mode of production നിലനിൽക്കുന്ന കാലം Modern എന്ന നിലയിലും ഇന്ന് പല യൂണിവേഴ്സിറ്റികളിലും ചരിത്രം പഠിപ്പിക്കുന്നു. അല്ലാത്ത വിധത്തിലും അതി ന് periodisation സാധ്യതകളുണ്ട്. അതിലൊന്ന് കേന്ദ്രീകൃത ഭരണം നിലനിന്നിരുന്ന ഒരു കാലഘട്ടമായ് പ്രാചീന കാലഘട്ടം കരുതപ്പെടുന്നതാണ്. കേന്ദ്രീ കൃതഭരണം മാറി വികേന്ദ്രീകരണം ആരംഭിച്ച കാല ഘട്ടം മിഡീവൽ പിരീഡ് എന്നും അതിനുശേഷം ആധു നിക സാങ്കേതികത്വം കടന്നുവന്ന കാലഘട്ടം മോഡേ ൺ പീരിഡ് എന്നും വിശേഷിപ്പിക്കപ്പെടുന്നു. ധനം കുമിഞ്ഞു കൂടുന്നതുവഴിയായി സാങ്കേതിക മേഖല യുടെ വളർച്ചയും മറ്റുമാണ് മോഡേൺ കാലഘട്ട ത്തിന്റെ പ്രത്യേകത.

എന്തായാലും അക്കാഡമിക്ക് ആയുള്ള ചരിത്ര പഠനം ചെറുതായി തുടങ്ങുന്നത് മദ്രസ പോലുള്ളി ടങ്ങളിലാണെങ്കിലും അത് പിന്നീട് സിസ്റ്റമാറ്റിക്കായി വരുന്നത് ബ്രിട്ടീഷുകാരുടെ കാലഘട്ടത്തിലാണ്. പിന്നീട് ഹിസ്റ്ററി യൂണിവേഴ്സിറ്റിതല വിദ്യാഭ്യാസ ത്തിന്റെ ഒരു അവിഭാജ്യഘടകമായി മാറി. അതിന്റെ പരിണതഫലമായി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളജുകളിലും സ്കൂളുകളിലും ഹിസ്റ്റോറിക്കൽ എൻക്വയറി വരികയും ആ എൻക്വയറി പ്രോസ്സസ് പിന്നീട് ഏറ്റവും ക്രിട്ടിക്കൽ മെത്തേഡായി മാറുക യുമാണുണ്ടായത്. യൂറോപ്പിൽപോലും ക്രിട്ടി ക്കൽ സമീപനം തുടങ്ങുന്നത് കുറച്ചുനാൾ കഴി ഞ്ഞാണ്. ഇന്ത്യയിൽ ഏതാണ്ടു പതിനാറാം നൂറ്റാ ണ്ടോടുകൂടിതന്നെ അതിന്റെ ആരംഭമൊക്കെ ഉണ്ടാ യെങ്കിലും പതിനെട്ടാം നൂറ്റാണ്ടോടുകൂടി- enlightenment കാലഘട്ടത്തിൽ, റാങ്കെയുടെയൊക്കെ (Leopold Von Ranke) കാലഘട്ടത്തിലാണ് ഇന്ന് കാണുന്ന ഹിസ്റ്റോറിക്കൽ ഡിസിപ്ലിൻ എന്ന രീതിയിൽ അത് മനസ്സിലാക്കപ്പെടുകയും പഠിക്കപ്പെടുകയും ചെയ്തു തുടങ്ങുന്നത്.

അതിനു മുന്നേ ഉണ്ടായിരുന്ന ചരിത്രം എന്ന് പറ ഞ്ഞാൽ മതാധിഷ്ഠിത ക്ലാസ്സുകളിൽ എല്ലാ മതങ്ങ ളും പഠിപ്പിച്ചിരുന്നത് അവയുടെ ചരിത്രമാണ്. പക്ഷേ, ഒരു ക്രിട്ടിക്കൽ സ്റ്റഡി എന്ന നിലയ്ക്ക് മതങ്ങളിൽ നിന്നെല്ലാം വേറിട്ട് അത് മനുഷ്യന്റെ പുരോഗതിയിലേ ക്കുള്ള ഒരു മാർച്ചായി, അതിനെക്കുറിച്ചുള്ള പഠന മായി, ആ മാർച്ചിൽ ഏതെല്ലാം ചിന്താ പ്രക്രിയകളാ ണ് ഒത്തിരി ജീവിതങ്ങളെ സ്പർശിച്ചത്, അവരുടെ ജീവിതത്തിന്റെ ഘടനയൊക്കെ സ്വാധീനിക്കാൻ തക്ക വിധത്തിൽ ഉണ്ടായ സാമൂഹിക -സാമ്പത്തിക- സാം സ്കാരിക -രാഷ്ട്രീയ പ്രക്രിയകളൊക്കെ പഠിപ്പിക്ക പ്പെടാൻ തുടങ്ങി. അങ്ങനെ അതിന് സ്വാധീനിച്ച

www.malankaralibrary.com

റിലീജിയസ്, സോഷ്യൽ, cultural institutions ഒക്കെ പഠിപ്പിക്കപ്പെടുകയുണ്ടായി. ഇങ്ങനെ സ്വാധീനിച്ച വ്യക്തികളെക്കുറിച്ച് biographical studies ഉണ്ടായി. അങ്ങനെ രാജാക്കന്മാർ, മാർപാപ്പാമാർ തുടങ്ങിയ വ്യക്തികളെ കുറിച്ചൊക്കെ പഠിപ്പിക്കപ്പെടുകയുണ്ടായി. അങ്ങനെ ഒത്തിരിപേരെ സ്വാധീനിക്കുന്ന ചിന്താപ്രവൃർത്തികളിൽപ്പെട്ടവരാണ് എന്ന നിലയിൽ അങ്ങനെയുള്ള പഠനങ്ങൾ അക്കാഡമിക് വിഷയമായി മാറുകയും കൂടുതൽ കൂടുതൽ മാനങ്ങളിലേക്ക് വൈവിധ്യവത്കരിക്കപ്പെടുത്തുകയും ചെയ്യുകയാണുണ്ടായത്. അങ്ങനെ വൈവിധ്യവത്കരിക്കപ്പെട്ട ചരിത്രപരമായ സമീപനരീതികൾ അക്കാഡമിക ചരിത്രപഠനത്തിന്റെ പുഷ്ടിപ്പെടലിനു കാരണമായി.

തത്ഫലമായി താഴെക്കിടയിൽ നിന്നുള്ള വീക്ഷണമെന്ന നിലയിൽ കീഴാളുകളുടെ ചരിത്രപഠനങ്ങൾ, അവരുടെ ഇന്നലെകളെക്കുറിച്ചുള്ള പഠനങ്ങൾ (subaltern history) ഒക്കെ ഉണ്ടായി. അതുപോലെതന്നെയാണ് Annales School of History ഒക്കെ രൂപപ്പെട്ടത്. ആ ചിന്തയെന്താണെന്നു വച്ചാൽ ചേഞ്ച് എന്ന് പറയുന്നത് പല ഘടനയിലുള്ള, ടൈമുകളിലുള്ള വ്യത്യാസങ്ങളിലാണ് മനസ്സിലാക്കപ്പെടേണ്ടത് എന്നുള്ളതാണ്. മാറ്റങ്ങൾ ഇന്നലെ പെയ്ത മഴയ്ക്ക് ഇന്ന് ഉണ്ടാകുന്ന തകര എന്ന് പറഞ്ഞതുപോലെ ഒരു രാജാവ് യുദ്ധം വെട്ടി തോൽപ്പിക്കുമ്പോൾ ഉണ്ടാവുന്ന ഒരു മാറ്റം ഉണ്ട്. അത് എപ്പിസോഡലാണ്, താത്ക്കാലികമാണ്.

long standing ചേഞ്ച് ഉണ്ടാകുന്നത് സാമൂഹിക, സാമ്പത്തിക, ഘടനകളിൽ ഉണ്ടാകുന്ന മാറ്റങ്ങളാലാണ്. ആ മാറ്റങ്ങൾ നൂറ്റാണ്ടുകളോളം നിലനിൽക്കും. ഒത്തിരിപേരുടെ ജീവിതങ്ങളിൽ മാറ്റം വരുത്താൻ അത് കാരണമാകും. അതാണ് കൂടുതൽ പഠിക്കപ്പെടേണ്ടത് എന്നുള്ള രീതി വരുന്നുണ്ട്. അങ്ങനെ സ്ട്രക്ചറൽ ചേഞ്ച്, ഡെമോഗ്രാഫിക് ചേഞ്ച് തുടങ്ങിയവയെല്ലാമാണ് ലോങ്ങ് duration ലുള്ള changes എന്ന രീതിയിൽ ഏറ്റവും കൂടുതൽ മനസ്സിലാക്കപ്പെടേണ്ടത്, പഠിക്കപ്പെടേണ്ടത് എന്നൊക്കെ Fernand Braudelയെ പോലുള്ള ചരിത്രകാരന്മാർ പറയുന്നുണ്ട്. അതോടൊപ്പംതന്നെ സാമൂഹിക, സാമ്പത്തിക മാറ്റങ്ങൾ midterm changes ന് കാരണമായിട്ടുള്ളതിനെപ്പറ്റിയുള്ള പഠനങ്ങളും അക്കാഡമിക് മേഖലയിൽ വന്നിട്ടുണ്ട്. അതോടുകൂടി ചരിത്രത്തിന്റെ പഠന രീതിക്കും സമീപനരീതിക്കുമൊക്കെ ഒത്തിരി ഒത്തിരി മാറ്റങ്ങൾ വന്നിട്ടുണ്ട് എന്ന കാര്യം ഊന്നി പറയുകയാണ്.

### ? മിത്തുകൾക്ക്, വാമൊഴികൾ, ആചാരങ്ങൾ എന്നിവയിൽ നിന്ന് ആദിമ ചരിത്രം കണ്ടെത്താനാവുമോ? അത്തരം കഥകൾ സ്കൂളുകൾ വഴി പഠിപ്പിക്കുന്നു. ഉദാഹരണം – പരശുരാമൻ മഴു എറിഞ്ഞ കേരളം?

മിത്തുകൾ, ലെജൻഡുകൾ, സ്റ്റോറികൾ എന്നിവയെല്ലാം ഒരു ജനവിഭാഗത്തിന്റെ ഇന്നലെകളെക്കുറിച്ചുള്ള മനസ്സിലാക്കലുകളാണ്.ആ ഇന്നലെയെക്കുറിച്ചു മനസ്സിലാക്കുന്നതിൽ ചരിത്രത്തിന്റെ ഒരു അംശമുണ്ട്. സത്യത്തിന്റെ ഒരംശമുണ്ട്. ഈ സത്യത്തിന്റെ അംശത്തിന്റെ ഇൻഫ്ളേഷൻ ആണ്, അതിന്റെ Exaggeration ആണ് മിത്ത് അല്ലെങ്കിൽ ലെജൻഡ് എന്നൊക്കെ പറയുന്നത്. അതിനെ Critical Method-ൽ സമീപിച്ചാൽ, അതിനെ ശരിക്കും അമർത്തി അതിന്റെ സത്യം പുറത്തെടുക്കാൻ വേണ്ടി Critical tools ഉപയോഗിച്ചാൽ ഈ മിത്തിൽനിന്നും ലെജൻഡിൽനിന്നും സത്യത്തിന്റെ അംശം പുറത്തു വരും. ആ സത്യത്തിന്റെ അംശം പുറത്തു വരുമ്പോൾ അതിനെ ഹിസ്റ്റോറിക്കൽ ന്യൂക്ലിയസ്സായി കണക്കാക്കാവുന്നതാണ്. ഈ ഹിസ്റ്റോറിക്കൽ ന്യൂക്ലിയസ്സ് ചരിത്ര രചനയ്ക്കും ചരിത്ര പഠനത്തിനും ഉപയോഗിക്കാറുണ്ട്. പരശുരാമൻ മഴുവെറിഞ്ഞ് കേരളം സൃഷ്ടിച്ചു എന്നുള്ളത് മിത്താണ്. പക്ഷേ, അതു സൂചിപ്പിക്കുന്ന കാര്യങ്ങളിൽ ഒന്ന് വെള്ളം കേറിക്കിടക്കുന്ന ഒരു സ്ഥലമായിരുന്നു ഒരു കാലത്ത് ഈ നാടെന്നും രണ്ട് റിക്ലമേഷൻ പ്രോസസ്സ് നടത്തി എന്നുമാണ്. ആ പ്രോസസ്സിന്റെ നേതൃത്വം വഹിച്ച വ്യക്തി ആരായിരുന്നെന്നും നമുക്ക് അറിയില്ല. അയാൾക്ക് പരശുരാമൻ എന്ന പേര് ഇട്ടിട്ടേ ഉണ്ടാവുകയുള്ളൂ. ഒരു റിക്ലമേഷൻ പ്രോസസ്സിലൂടെയാണ് കേരളം വന്നതെന്നത് വ്യക്തമാണ്. കുട്ടനാട് പോലെയുള്ള കായൽപ്രദേശങ്ങളും നിരന്തരമായ human intervention ന്റെ ഫലമായി reclaim ചെയ്യപ്പെട്ടതാണ്. അതോടൊപ്പം തന്നെ കാടുപിടിച്ച സ്ഥലങ്ങളെല്ലാം വെട്ടിത്തെളിച്ച് അത് human habitation ആക്കിയത് നിരന്തരമായ intervention ന്റെ ഫലമായിട്ട് മനുഷ്യൻ അതിനെക്കുറിച്ച് ചിന്തിക്കുകയും കൂട്ടായി യത്നിക്കുകയും ചെയ്തതിന്റെ ഭാഗമായി റിക്ലമേഷൻ പ്രോസസ്സായി ഉണ്ടായതാണ്. നമ്മൾ ചിന്തിച്ചെടുക്കേണ്ടത് ഇത്രയേയുള്ളൂ. കഥകൾ അതിന്റെ ഫോക്‌ലോർ, ഫോക് സ്റ്റോറീസ്, ലെജൻഡ് തുടങ്ങിയ എല്ലാറ്റിലും സത്യത്തിന്റെ ഒരു അംശമുണ്ട്. ഇന്നലെകളിൽ നടന്ന എന്തിന്റെയൊക്കെയോ

www.malankaralibrary.com

ഒരു സത്യം, ഒരംശം പേറുന്നുണ്ട്. ഇതിനെയാണ് ഹിസ്റ്റോറിക്കൽ ന്യൂക്ലിയസ്സ് അല്ലെങ്കിൽ elements of historicity എന്നൊക്കെ പറയുന്നത്. അത് നമുക്ക് തിരിച്ച് എടുക്കാനും decernment ചെയ്ത് എടുക്കാനും അതിൽ നിന്ന് ഇന്നലെകളെക്കുറിച്ച് എഴുതാനും അല്ലെങ്കിൽ ഇന്നലെകളിലുള്ളവയെ reconstruct ചെയ്യാനായും historial tools ഉണ്ട്. അന്ധവിശ്വാസം, അബദ്ധപഠനം, മിത്തിക് approach അല്ലെങ്കിൽ Mythified version of the past എന്നൊക്കെ പറയുന്ന കാര്യങ്ങൾ മണ്ണിൽനിന്ന് സ്വർണം അരിച്ചെടുക്കുന്നപോലെ അരിച്ചെടുത്ത് സത്യത്തിന്റെ അംശം വേർതിരിച്ചെടുക്കുകയും അത് reconstrution ന് ഉപയോഗിക്കുകയും ചെയ്യുകയാണ് ചരിത്രകാരന്മാർ ചെയ്യുന്നത്. ആ അർഥത്തിൽ മിത്തിനും സ്റ്റോറിക്കും ഫോക്‌ലോറിനും എല്ലാം ചരിത്ര പഠനത്തിൽ വലിയ പങ്കുവഹിക്കാനുണ്ട്. അത് അവഗണിക്കാനാവില്ല.

ഈ കഥകൾ അധികമിരുത്തി പഠിപ്പിക്കുന്നത് ശരിയല്ല. അതേക്കുറിച്ച് പഠിക്കുമ്പോൾ കുട്ടികൾ അറിയാതെ അത് ചരിത്രമായി കണക്കാക്കുകയാണ്. പല ക്ഷേത്രങ്ങളെക്കുറിച്ചും പല പ്രദേശങ്ങളെക്കുറിച്ചും ഒത്തിരി mythic type versions ഉണ്ട്. അത് ഒത്തിരി പഠിപ്പിക്കുക എന്നതല്ല അതിനകത്തുള്ള ചരിത്രപരമായ അംശം പുറത്തു കൊണ്ടുവന്ന് അത് കുട്ടികളിൽ എത്തിക്കാനാണ് ചരിത്രകാരന്മാരും അധ്യാപകരും ശ്രമിക്കേണ്ടത്. മിത്തുകൾ കൈകാര്യം ചെയ്ത popular readers ന്റെയും popular audienceന്റെയും പ്രത്യേകത മിത്ത് കേൾക്കാനിഷ്ടമാണെന്നുള്ളതാണ്. കാരണം അതിനകത്ത് ഇഷ്ടം പോലെ കളറുണ്ട്, ഇഷ്ടംപോലെ imagination ഉണ്ട്. പക്ഷേ, ചരിത്രകാരന്മാർ ചെയ്യേണ്ടത് അവയിലെ സത്യം വേർതിരിച്ചെടുത്ത് സത്യത്തെ പുറത്തുകൊണ്ടുവരികയും അത് ഉപയോഗിച്ച് കാര്യങ്ങൾ ചെയ്യുകയും പറയുകയും അവതരിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ്.

### ? കടന്നു വന്ന സംസ്കാരങ്ങളുടെയും ഇടപെടലുകളുടെയും ഫലമായി രൂപപ്പെട്ട ഭൂമിക എന്ന നിലയിൽ ഇന്ത്യയുടെ നാനാത്വത്തെ സവിശേഷമായി കാണേണ്ടതില്ലേ?

ഇന്ത്യയുടെ നാനാത്വം എന്ന് പറയുന്ന ബഹുസ്വരത അത് നൂറ്റാണ്ടുകൾ കൊണ്ട് ഉണ്ടായതാണ്. ഇവിടെ ആദ്യമുണ്ടായിരുന്ന ജനവിഭാഗമായ ദ്രാവിഡിയൻസ് ആയിരുന്നു തെക്കേ ഇന്ത്യയിലെങ്കിലും വടക്കേ ഇന്ത്യയിൽ അതേ രൂപത്തിൽ വ്യത്യസ്ത ജനവിഭാഗങ്ങളുടെ വാസസ്ഥലം ആയിരുന്നു. പക്ഷേ, ആര്യൻമാരുടെ കടന്നുവരവോ

## NCERT

സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണപരമായ പുരോഗതിക്കായുള്ള നയങ്ങളിലും പരിപാടികളിലും കേന്ദ്ര-സംസ്ഥാന സർക്കാരുകളെ സഹായിക്കുന്നതിനും ഉപദേശിക്കുന്നതിനുമായി 1961-ൽ ഇന്ത്യാ ഗവൺമെന്റ് രൂപീകരിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് 'നാഷണൽ കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ്'(NCERT).

**NCERTയുടെയും അതിന്റെ ഘടകയൂണിറ്റുകളുടെയും പ്രധാന ലക്ഷ്യങ്ങൾ:** സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മേഖലകളിൽ ഗവേഷണം ഏറ്റെടുക്കുക, പ്രോത്സാഹിപ്പിക്കുക, ഏകോപിപ്പിക്കുക, മാതൃകാ പാഠപുസ്തകങ്ങൾ, അനുബന്ധ സാമഗ്രികൾ, വാർത്താക്കുറിപ്പുകൾ, ജേർണലുകൾ എന്നിവ തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക, കൂടാതെ വിദ്യാഭ്യാസ കിറ്റുകൾ, മൾട്ടിമീഡിയ ഡിജിറ്റൽ മെറ്റീരിയലുകൾ മുതലായവ വികസിപ്പിക്കുകയും ചെയ്യുക. നൂതനമായ വിദ്യാഭ്യാസ സാങ്കേതിക വിദ്യകളും സമ്പ്രദായങ്ങളും വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക, സംസ്ഥാന വിദ്യാഭ്യാസ വകുപ്പുകൾ, സർവകലാശാലകൾ, എൻജിഒകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ചുള്ള network ബലപ്പെടുത്തുക; സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആശയങ്ങളും വിവരങ്ങളും നൽകാനും സ്വീകരിക്കാനും പറ്റുന്ന ഒരു ക്ലിയറിംഗ് ഹൗസായി പ്രവർത്തിക്കുക, പ്രാഥമിക വിദ്യാഭ്യാസം എല്ലാവർക്കുമെത്തിക്കാനുള്ള ശ്രമത്തിൽ അത്തരം പദ്ധതികളുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ഒരു നോഡൽ ഏജൻസിയായി പ്രവർത്തിക്കുക. ഗവേഷണം, വികസനം, പരിശീലനം, വിപുലീകരണം, പ്രസിദ്ധീകരണം, പ്രചരിപ്പിക്കൽ, പ്രവർത്തനങ്ങൾ എന്നിവയ്ക്കു പുറമേ, സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ മറ്റ് രാജ്യങ്ങളുമായി ഉഭയകക്ഷി സാംസ്കാരിക വിനിമയ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള ഒരു ഏജൻസികൂടിയാണ് NCERT. എൻസിഇആർടി അന്താരാഷ്ട്ര സംഘടനകളുമായി സഹകരിച്ച് പ്രവർത്തിക്കുകയും വിദേശ പ്രതിനിധികളിൽ നിന്നുള്ള വിവിധ പരിശീലന സൗകര്യങ്ങൾ നമ്മുടെ വിദ്യാഭ്യാസ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. *(അവലംബം : website - ഭാരതസർക്കാർ)*

www.malankaralibrary.com

ടുകൂടി ബഹുസ്വരതയുടെ അളവ് കൂടുകയാണ്. അവർ തദ്ദേശീയമായി വിവാഹം കഴിക്കുകയും തദ്ദേശീയരുമായി ബന്ധപ്പെട്ട് പോവുകയും ചെയ്യുമ്പോൾ ബഹുസ്വരത കൂടുകയാണ്. ആര്യൻ മതവിഭാഗംതന്നെ ബ്രാഹ്മണിക മതമായി രൂപപ്പെട്ടു വരികയാണ്. അത് ഹിന്ദുമതമെന്നതിനേക്കാളും വൈദികമതം എന്ന് വിശേഷിക്കപ്പെടുന്നതാണ് നല്ലത്. കാരണം, വൈശ്യർ, ക്ഷത്രിയർ എന്നിവർക്കൊന്നും ഈ വൈദിക മതം തുടരാനുള്ള അവകാശമില്ലായിരുന്നു. അവർ സവർണജാതി ആയി നിന്നുവെങ്കിലും വൈദിക മതം ബ്രാഹ്മണിക് മതമായിതന്നെയായിരുന്നു നിന്നിരുന്നത്.

വേദങ്ങളുടെ അനുഷ്ഠാന (ritual ) പ്രക്രിയയിൽ കേന്ദ്രീകൃതമായ മതരീതികൾ ആയിരുന്നു അവരുടേത്. ക്രമേണ അത് തദ്ദേശീയ മത അംശങ്ങൾ ഒക്കെ സ്വീകരിച്ചുകൊണ്ട് വളരുകയാണ്. ആ വളരുന്ന പ്രക്രിയയിൽ അതിനെ എതിർക്കുന്നു. B C നാലാം നൂറ്റാണ്ടു മുതൽ A D മൂന്നാം നൂറ്റാണ്ടുവരെ ബുദ്ധമതവും ജൈനമതവും ആണ് പ്രധാനപ്പെട്ട മതങ്ങളായി ഉണ്ടായിരുന്നത്. ആ മതത്തിന്റെ ഏറ്റവും വലിയ സിദ്ധാന്തം എന്ന് പറയുന്നത് അഹിംസയാണ്. ആദ്യ കാലഘട്ടങ്ങളിൽ ബ്രാഹ്മണമതം അറിയപ്പെട്ടിരുന്നത് വൈദികമതം എന്നാണ്. അതായത്, വേദങ്ങളുടെ മതം. ആ വൈദിക മതത്തിന്റെ പ്രധാനപ്പെട്ട കേന്ദ്ര ബിന്ദു എന്ന് പറയുന്നത് സാക്രിഫൈസ് ആണ്. അതായത്, ഒത്തിരി മൃഗങ്ങളെ കൊല്ലണം. ആ മൃഗങ്ങളെ കൊല്ലരുത് എന്ന് പറയുന്ന സിദ്ധാന്തം മുന്നോട്ട് വച്ച മതങ്ങളാണ് ബുദ്ധമതവും ജൈനമതവും.

അഹിംസ മുന്നിൽ വച്ചുകൊണ്ട് കുറെക്കൂടെ തുല്യത എല്ലാവർക്കും ഉറപ്പാക്കിക്കൊണ്ട്, പില്കാലങ്ങളിൽ സാമൂഹികഘടനതന്നെ ജാതിയടിസ്ഥാനത്തിലും വർണാടിസ്ഥാനത്തിലും ക്രമപ്പെടുത്തിക്കൊണ്ട് വൈദിക മതം മുന്നേറിയപ്പോൾ, അതിനെതിരെയുള്ള ഒരു വെല്ലുവിളിയായാണ് ജൈനമതവും ബുദ്ധമതവും തുല്യതയുടെയും പ്രാതിനിധ്യത്തിന്റെയും സന്ദേശവുമായി അഹിംസയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് മുന്നോട്ടു വന്നത്. ഇന്ന് പലപ്പോഴും അത് ഹൈന്ദവ മതത്തിന്റെ ഭാഗമാണെന്ന് പറഞ്ഞാലും അത് വേറിട്ട മതം ആയാണ് രൂപപ്പെട്ടുവന്നത്. 9,10 നൂറ്റാണ്ടുകളിൽ ഇസ്ലാം മതവും. പിന്നീട് ക്രൈസ്തവമതവും വരികയുണ്ടായി. അങ്ങനെ വിവിധ മതങ്ങളിൽ വൈവിധ്യം വന്നു. അതോടൊപ്പംതന്നെ എത്നിക്കൽ (ethnical ) വൈവിധ്യം വന്നു. തുടർന്ന് സംസ്കൃതം ഒരു പാൻ (Presence across nation) ഇന്ത്യൻ ലാംഗ്വേജ് ആയി രൂപപ്പെട്ടുവന്നുവെങ്കിലും അതിന്റെ അപഭ്രംശങ്ങൾ ഉണ്ടായിത്തുടങ്ങി. അങ്ങനെ സംസ്കൃതത്തിൽ നിന്ന് പിന്നീട് മാറി മറാത്തി, ഗുജറാത്തി, പഞ്ചാബി, ബംഗാളി എന്നിങ്ങനെ ഒത്തിരി തദ്ദേശീയ ഭാഷകൾ രൂപപ്പെട്ടു വന്നു. ഭാഷാപരമായി വൈവിധ്യവത്കരിക്കപ്പെട്ടു. ഭാഷാപരമായ വൈവിധ്യവും സംസ്കാരപരമായ വൈവിധ്യവും അങ്ങനെ ഉണ്ടായി. ഓരോ പ്രദേശത്തെ ആൾക്കാർ ഒരുമിച്ചുകൂടി പ്രാദേശികമായി ജീവിക്കാൻ തുടങ്ങിയതോടുകൂടി ആ പ്രദേശത്ത് തനതായ സംസ്കാരം രൂപപ്പെട്ടു തുടങ്ങി.

അങ്ങനെ സംസ്കാര വൈവിധ്യം, ഭക്ഷണ രീതിയിൽ ഉള്ള വ്യത്യാസം, വസ്ത്രശൈലിയിലുള്ള വ്യത്യാസം, സംസാര രീതിയിലുള്ള വ്യത്യാസം, ആചാരാനുഷ്ഠാനങ്ങളിലുള്ള വ്യത്യാസം ഒക്കെ ഉണ്ടായി. ക്രമേണ വൈവിധ്യങ്ങളുടെ ഒരു കൂമ്പാരമായി ഇന്ത്യമാറി. ഈ വൈവിധ്യങ്ങളെ മുഴുവൻ ഉൾക്കൊള്ളാനുള്ള വലിപ്പമാണ് ഈ രാഷ്ട്രത്തിന്റെ ഏറ്റവും വലിയ ബലം. അങ്ങനെയുള്ള വൈവിധ്യം നിറഞ്ഞ, ബഹുസ്വരത നിറഞ്ഞ ഒരു രാജ്യത്തിന്റെ ആത്മാവിനെ കണ്ടറിഞ്ഞു മുന്നോട്ടു നയിക്കുക, അങ്ങനെ മുന്നോട്ടു പോവുക എന്നുള്ളതാണ് ആവശ്യം. അതുകൊണ്ടാണ് നാനാത്വത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു ദേശീയ കാഴ്ചപ്പാട് നമുക്കാവശ്യമായിരിക്കുന്നത്. എല്ലാവർക്കും ഇടം കൊടുത്തുകൊണ്ടുള്ള ഒരു കാഴ്ചപ്പാട്. കാരണം, എല്ലാ ബഹുസ്വരതയുടെയും അടുക്കുകൾ (layers) അല്ലെങ്കിൽ ഇഴകളൊക്കെ (strands) എന്ന് പറയുന്നത് ഏതെങ്കിലും ചരിത്ര സംഭവത്തിന്റെ അംശങ്ങളാണ്. അപ്പോൾ അത് മുറിച്ചുമാറ്റി കഴിഞ്ഞാൽ ഇന്നലെകൾ മുറിച്ചുമാറ്റി എന്നാണർഥം. ഇന്നലെകളെ ആശ്രയിച്ച് ജീവിക്കുന്ന ഒത്തിരി ജനങ്ങൾക്കു അതു ദുഃഖവും വിഷമവുമുണ്ടാക്കും. ആ വിഷമം അവർ റെസിസ്റ്റൻസ് ആയി മുന്നോട്ട് കൊണ്ടുപോവുകയും ചെയ്യും.

അപ്പോൾ ഇന്ത്യൻ ദേശീയത എന്ന് പറയുന്നത് യൂണിഫോർമിറ്റിയിൽ അല്ലെങ്കിൽ homogenizationൽ അല്ല അടങ്ങിയിരിക്കുന്നത്. അതടങ്ങിയിരിക്കുന്നത് ബഹുസ്വരതയിലെ എല്ലാ ഇഴകൾക്കും എല്ലാ അടുക്കുകൾക്കും തുല്യ ഇടം നൽകിക്കൊണ്ടുള്ള ഒരു ദേശനിർമിതിയിലാണ്. അതാണ് ഈ ബഹുസ്വര രാജ്യത്തെ അവിഭാജ്യഘടകമായി മുന്നോട്ടു കൊണ്ടുപോകുന്നത്. ■

www.malankaralibrary.com

# മാഞ്ഞുപോകുന്ന ചരിത്രങ്ങൾ

**ചരിത്രത്തിന്റെ അപനിർനിർമിതി കേരളത്തിന്റെ പശ്ചാത്തലത്തിൽ പലപ്പോഴും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. കഴിഞ്ഞ ഏതാനും നാളുകൾക്കിടയിൽ സ്റ്റേറ്റ് സിലബസിലെ പാഠപുസ്തകങ്ങളിൽ അത്തരം ഗൗരവതരമായ പിഴവുകൾ ചിലർ കണ്ടെത്തുകയും ചർച്ച ചെയ്യുകയുമുണ്ടായിരുന്നു. ചരിത്രത്തിലെ അമൂല്യമായ ക്രൈസ്തവസംഭാവനകളെ തമസ്കരിച്ചുകൊണ്ടുള്ള ചില സ്ഥാപിത താത്പര്യങ്ങളുടെ കടന്നുകയറ്റം പാഠപുസ്തകങ്ങളിൽപോലും പ്രകടമാകുമ്പോൾ അതിന്റെ പിന്നാമ്പുറങ്ങളെയും പാർശ്വഫലങ്ങളെയുംപറ്റി വിശദീകരിക്കുകയാണ് ഇവിടെ.**



**വിനോദ് നെല്ലക്കൽ**
*മാധ്യമപ്രവർത്തകൻ*

കഴിഞ്ഞ ചില ആഴ്ചകൾക്കിടയിൽ ചെറിയ രീതിയിൽ ചർച്ചകളായി മാറിയ ഒരു വിഷയമാണ് കേരളത്തിലെ പാഠപുസ്തകങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന ചരിത്രഭാഗങ്ങൾ. പ്രസക്തമായ ചില ചരിത്രങ്ങൾ ചേർക്കപ്പെടാതെ പോയിരിക്കുന്നതും ചരിത്രത്തിലെ ചില സുപ്രധാന വ്യക്തിത്വങ്ങൾ ഒഴിവാക്കപ്പെട്ടിരിക്കുന്നതും ചില ചരിത്രങ്ങൾ തെറ്റിധാരണാജനകമാംവിധം അവതരിപ്പിക്കപ്പെട്ടിരിക്കുന്നതും മറ്റുമായിരുന്നു ചർച്ചാവിഷയങ്ങൾ. വാസ്തവത്തിൽ വർഷങ്ങൾക്ക് മുമ്പ് മുതൽതന്നെ പ്രാബല്യത്തിലുള്ള പാഠപുസ്തകങ്ങളിലാണ് വളരെ വൈകിയ വേളയിൽ ഇത്തരം ഗുരുതരമായ പിഴവുകൾ ചിലർ കണ്ടെത്തിയത്. എന്താണ് വാസ്തവത്തിൽ സംഭവിച്ചത് എന്ന ചോദ്യത്തിന്, ചില തല്പരകക്ഷികളുടെ ഇടപെടലുകൾ ഉണ്ടായിട്ടുണ്ടാകാം എന്നുള്ളതാണ് പെട്ടെന്നുള്ള ഉത്തരം. പക്ഷേ, ഇത്തരത്തിൽ സംഭവിച്ചിരിക്കുന്നതിന്റെ പാർശ്വഫലങ്ങളും വന്നുപോയിരിക്കുന്ന പിഴവിന്റെ ആഴവും വ്യക്തമായി വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്.

കേരളത്തിന്റെ മാത്രമല്ല, ലോകത്തിന്റെതന്നെ നൂറ്റാണ്ടുകൾക്ക് മുമ്പുമുതലുള്ള ചരിത്രം വിവിധ പാഠപുസ്തകങ്ങളിലും അംഗീകൃത ചരിത്ര രചനകളിലും അവതരിപ്പിക്കപ്പെട്ടിരിക്കുന്നതിൽ ഗൗരവതരമായ കൃത്രിമത്വങ്ങൾ പ്രഥമദൃഷ്ട്യാ തന്നെ കണ്ടെത്താവുന്നതാണ്. എടുത്തുപറയത്തക്കതായ രണ്ട് പാഠപുസ്തകങ്ങളാണ് ഏഴാം ക്ലാസ്സിലെയും ഒമ്പതാം ക്ലാസ്സിലെയും സാമൂഹ്യപാഠ പുസ്തകങ്ങൾ. ഏഴാം ക്ലാസ്സിലെ പാഠപുസ്തകം 2016-ൽ പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നതും ഒമ്പതാം ക്ലാസ്സിലെ പാഠപുസ്തകം 2019-ൽ പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നതുമാണ്. രണ്ടു പാഠപുസ്തകങ്ങൾ തമ്മിലുള്ള ഒരു വ്യത്യാസം ആദ്യത്തെ പാഠപുസ്തകത്തിൽ പാഠപുസ്തക രചനാസമിതിയുടെ വിശദാംശങ്ങൾ ചേർത്തിട്ടുണ്ടെങ്കിൽ രണ്ടാമത്തെ പുസ്തകത്തിൽ അപ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

www.malankaralibrary.com




എന്നുള്ളതാണ്. ലഭ്യമായ വിവരങ്ങൾ പ്രകാരം 2016 –ൽ പ്രസിദ്ധീകരിക്കപ്പെട്ട പാഠപുസ്തകത്തിന്റെ സമിതി അംഗങ്ങളിൽ ഡയറക്ടർ ഉൾപ്പെടെയുള്ള പ്രധാനികൾ ഒരു പ്രത്യേക സമുദായത്തിൽ നിന്നുള്ളവരാണ്. പിന്നീട് പുറത്തിറങ്ങിയ പുസ്തകങ്ങളുടെ പിന്നണിയിൽ ആരാണുള്ളതെന്ന് വ്യക്തതയില്ലെങ്കിലും ആ സമുദായത്തിന്റെ സ്വാധീനം വളരെ വ്യക്തമാണ്.

ലോകചരിത്രത്തിൽതന്നെ നിർണായകമായ ഇടപെടലുകൾ നടത്തുകയും ലോകത്തെ ആധുനികതയിലേയ്ക്ക് കൈപിടിച്ചു നയിക്കുകയും ചെയ്തത് അറബ് സമൂഹമാണ് എന്ന വിചിത്രമായ ആശയം ഒമ്പതാം ക്ലാസ്സിലെ സാമൂഹ്യപാഠപുസ്തകം അടിവരയിട്ട് ഉറപ്പിക്കുന്നുണ്ട്. അതേസമയം കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ക്രൈസ്തവ സമൂഹത്തിന് കാര്യമായ സ്ഥാനമൊന്നുമില്ല എന്നാണ് ഏഴാം ക്ലാസ്സിലെ പാഠപുസ്തകത്തിലെ അവതരണങ്ങൾ വായിക്കുന്ന ആരും കരുതുക. ലഭ്യമായ ചില ചരിത്ര ഗ്രന്ഥങ്ങളിലും ഇതേ ശൈലി കാണാം. രണ്ടായിരം വർഷത്തെ ചരിത്രമുള്ള ക്രൈസ്തവ സമൂഹം ഈ ലോകത്തിൽ യാതൊരുവിധ ഇടപെടലുകളും നടത്തിയിട്ടുള്ളതായി അംഗീകരിക്കാൻ അഭിനവ ചരിത്രകാരന്മാർ വൈമുഖ്യം പുലർത്തുന്നതായാണ് കണ്ടുവരുന്നത്. പാഠപുസ്തകങ്ങളും ഇതേ രീതിയിൽ രചിക്കപ്പെടുന്നു എന്നുവരുന്നത് ഗൗരവമുള്ള വിഷയമാണ്.

കേരളത്തിന്റെ സാംസ്കാരിക ഉന്നമനത്തിലും സാമൂഹിക പരിഷ്കരണത്തിലുംമുതൽ ലോകചരിത്രത്തിൽവരെ ക്രൈസ്തവ സമൂഹങ്ങളുടെയും വിശിഷ്യാ കത്തോലിക്കാസഭയുടെയും സ്ഥാനം വളരെ നിർണായകമാണ്. നിരവധി വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സ്ഥാനം അവിടെ പ്രധാനമാണ്. പതിനഞ്ചാം നൂറ്റാണ്ടുമുതൽ ഇങ്ങോട്ടുള്ള കേരള ചരിത്രത്തിൽ, വിശിഷ്യാ പത്തൊമ്പതാം നൂറ്റാണ്ടിൽ വിപ്ലവകരമായ ചില ഇടപെടലുകളാണ് കേരളത്തിൽ നടന്നിട്ടുള്ളത്. നിരവധി മിഷണറിമാരും മെത്രാന്മാരും വൈദികരുമാണ് പ്രധാനമായും അത്തരം ഇടപെടലുകൾക്ക് നേതൃത്വം വഹിച്ചിട്ടുള്ളത്. ലോകചരിത്രത്തിലേയ്ക്ക് തിരിഞ്ഞാൽ, അറബികളേക്കാൾ വളരെ മുമ്പുതന്നെ എല്ലാ വിജ്ഞാനശാഖകളിലേയ്ക്കും കടന്നുചെന്നിട്ടുള്ള അനേകരെയും സമൂഹങ്ങളെയും കണ്ടെത്താൻ കഴിയും. അതെല്ലാം തമസ്കരിച്ച് ലോകചരിത്രത്തെതന്നെ ഒറ്റ തുരുത്തിലേയ്ക്ക് ഒതുക്കാനും പലതിനെയും മായ്ച്ചുകളയാനും ചിലർക്ക് കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിനു പിന്നിൽ സംഘടിതമായ ശ്രമങ്ങൾതന്നെ ഉണ്ടെന്ന് കരുതാവുന്നതാണ്.

## ചരിത്രങ്ങൾ പഠിക്കുന്നത് എന്തിന്

മാനവരാശിയുടെ വികാസ പരിണാമ ഘട്ടങ്ങളാണ് ചരിത്രങ്ങളായി എഴുതപ്പെടുന്നത്. എഴുതപ്പെട്ടതും എഴുതപ്പെടാതെ പോയിട്ടുള്ളതുമായ ചരിത്രങ്ങളുടെ യഥാർഥ അവകാശികൾ അതിന്റെ ഭാഗമായി കടന്നുപോയവരോ അവരുടെ പിന്തുടർച്ച

www.malankaralibrary.com

ക്കാരോ മാത്രമല്ല, മുഴുവൻ മനുഷ്യരുമാണ്. വളർന്നുവരുന്ന തലമുറകളുടെ അവകാശമാണ് കലർപ്പില്ലാത്തതും വ്യക്തവുമായ ചരിത്രം പഠിക്കാൻ കഴിയുക എന്നുള്ളത്. വ്യക്തിത്വത്തങ്ങളുടെയും സമൂഹങ്ങളുടെയും വേരുകൾ നീളേണ്ടുന്നത് ലോകചരിത്രത്തിലേക്കു തന്നെയാണ് എന്നുള്ളതിനാലാണ് അത് തന്റെ തലമുറ ലോകത്തിൽ എവിടെയെത്തി നിൽക്കുന്നു, അഥവാ തന്റെ ജീവിതം ഈ ലോകത്തിൽ എവിടെ അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നു എന്ന വിദ്യാർഥിയുടെ അവബോധമാണ് ചരിത്ര വിദ്യാഭ്യാസത്തിന്റെ പ്രധാന നേട്ടങ്ങളിൽ ഒന്ന്. താനെന്താണെന്നും താൻ ഉൾപ്പെടുന്ന ഈ ലോകം എന്താണെന്നും മനസ്സിലാക്കുക എന്നുള്ളത് വിദ്യാഭ്യാസ കാലഘട്ടത്തിൽ സുപ്രധാനമാണ്. വിദ്യാഭ്യാസത്തിലൂടെ കാലഘട്ടത്തിന് അനുയോജ്യമായ വ്യക്തിത്വങ്ങൾ രൂപപ്പെടുത്തപ്പെടുന്നത് അങ്ങനെയാണ്.

എല്ലാ ചരിത്രങ്ങളും ഒരാൾക്ക് പഠിക്കാൻ കഴിയില്ല എന്നുളളത് നിശ്ചയമാണല്ലോ. അവിടെയാണ്, എന്തൊക്കെയാണ് തെരഞ്ഞെടുക്കപ്പെടേണ്ടത് എന്ന ചോദ്യം ഉദിക്കുന്നത്. ഒരു വിദ്യാർഥിക്കുവേണ്ടി ചരിത്രം ഉൾപ്പെടെയുള്ള പാഠവിഷയങ്ങൾ തെരഞ്ഞെടുക്കാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന സമിതികളുണ്ട്. കേരളത്തിൽ അത് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ – പരിശീലന ഗവേഷണ സമിതിയാണ് (SCERT). അവരുടെ ചുമതലയാണ് വിദ്യാർഥികൾ അർഹിക്കുന്നതും അവർക്ക് ആവശ്യമുള്ളതുമായ പാഠഭാഗങ്ങൾ തയ്യാറാക്കി നൽകുക എന്നുള്ളത്. ഇപ്പോൾ നടത്തപ്പെട്ടിരിക്കുന്ന വിശകലനങ്ങളിൽനിന്ന് വ്യക്തമാകുന്നതനുസരിച്ച് ഗുരുതരമായ പിഴവുകൾ ഇക്കാര്യത്തിൽ ഇവിടെ സംഭവിച്ചിരിക്കുന്നു. കേരളത്തിൽ ജീവിച്ചു വളരുന്ന ഒരു മലയാളി വിദ്യാർഥി എന്ത് പഠിക്കണം എന്ത് മനസ്സിലാക്കണം എന്ന് നിർണയിക്കുന്നതിലാണ് ആ പിഴവ് സംഭവിച്ചിരിക്കുന്നത്. അറിയാതെ സംഭവിച്ച ഒരു പിഴവാണ് അതെന്ന് കരുതാനാവില്ല.

കേരളത്തിന്റെ സാമൂഹിക സാംസ്കാരിക പശ്ചാത്തലം ഇന്നത്തെ അവസ്ഥയിലേയ്ക്ക് പരിവർത്തിതപ്പെട്ടതും വളർന്നുവന്നതും എങ്ങനെ എന്ന തിരിച്ചറിവ് മലയാളിയായ ഒരു വ്യക്തിക്ക് വളരെ പ്രധാനമാണ്. നാളെയിലേക്കുള്ള വളർച്ച എപ്രകാരമായിരിക്കണമെന്ന് മനസ്സിലാക്കാനും അതിനാവശ്യമായ സംഭാവനകൾ നൽകാനും അയാൾക്ക് കഴിയുന്നത് അപ്പോഴാണ്. തികച്ചും മതേതരമായ ഒരു ഭരണഘടനയിൽ അധിഷ്ഠിതമായ ഈ രാജ്യത്ത്, മത വിശ്വാസസംബന്ധിയല്ലാത്ത സാമൂഹിക ചട്ടക്കൂടിൽ, അത്തരമൊരു വ്യക്തിത്വമായി വളരാൻ സാധിക്കുക എന്നുള്ളത് പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. അതിനുള്ള അവസരം വിദ്യാർഥികൾക്ക് നൽകാനുള്ള ചുമതല ഭരണകൂടത്തിൽ നിക്ഷിപ്തമാണ്. അതിനാൽത്തന്നെയാണ് ഇന്ന് നാം കാണുന്ന മതേതരത്വ ചിന്തകൾ എങ്ങനെയാണ് ഇവിടെ വളർന്നതെന്ന് ഓരോരുത്തരും മനസ്സിലാക്കേണ്ടതുള്ളതും.

## കേരളത്തിലെ ക്രൈസ്തവ സംഭാവനകളുടെ സവിശേഷതകൾ

വാസ്തവത്തിൽ ക്രൈസ്തവ സംഭാവനകളെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നതെങ്കിലും അതൊരു മതത്തിന്റെ വിഷയമല്ല. കഴിഞ്ഞ ചില നൂറ്റാണ്ടുകൾക്കിടയിൽ ക്രൈസ്തവ സമൂഹവും കത്തോലിക്കാസഭയും കേരളത്തിന് നൽകിയ സംഭാവനകൾ ഏതുവിധത്തിലുള്ളതാണ് എന്നുള്ളതാണ് പ്രധാനം. ഉദാഹരണമായി, സാമൂഹിക പരിഷ്കർത്താക്കൾ എന്ന പ്രധാന ചർച്ചാവിഷയമെടുത്താൽ അവിടെയാണ് മുഖ്യമായും ക്രൈസ്തവ സംഭാവനകൾ തമസ്കരിക്കപ്പെട്ടിരിക്കുന്നതായി കാണുന്നത്. എന്തുകൊണ്ട് വിശുദ്ധ ചാവറയച്ചൻ ഉൾപ്പെടെയുള്ള ചരിത്ര വ്യക്തിത്വങ്ങൾ അവിടെ പരിഗണിക്കപ്പെടാതെ പോകുന്നു എന്ന ചോദ്യം കൂടുതൽ ആഴമുള്ളതാണ്. അതിന് കാരണം, എല്ലാ സമുദായങ്ങളെയും തുറന്ന മനസ്സോടെ കണ്ടുകൊണ്ട് അത്തരം പ്രവർത്തനമേഖലകളിൽ സജീവമായിരുന്നത് പ്രധാനമായും ഒട്ടേറെ മിഷണറിമാരും വൈദികരും മെത്രാന്മാരും ഉൾപ്പെടുന്ന ക്രൈസ്തവ വ്യക്തിത്വങ്ങളായിരുന്നു എന്നുള്ളതാണ്. ഇക്കാലഘട്ടത്തിലെ പാഠപുസ്തകങ്ങളിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന പലരെയും പരിശോധിച്ചാൽ അവരിൽ എല്ലാവരുംതന്നെ ചില സമുദായങ്ങളിൽ ഒതുങ്ങിനിന്ന് പ്രവർത്തിച്ചിരുന്നവരായിരുന്നു എന്നുകാണാം. എന്നാൽ, ക്രൈസ്തവ സംഭാവനകൾ അത്തരത്തിലുള്ളവയായിരുന്നില്ല.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണ് കേരളത്തിന്റെ ചരിത്രത്തിൽ വിപ്ലവം സൃഷ്ടിച്ച പള്ളിക്കൂടങ്ങൾക്ക് ആരംഭം കുറിക്കുന്നത്. അക്കാലഘട്ടത്തിൽ പ്രവർത്തനം ആരംഭിച്ച 167 പള്ളിക്കൂടങ്ങളിൽ ഒന്നുപോലും ക്രൈസ്തവരായ വിദ്യാർഥികൾക്ക് വേണ്ടി മാത്രമുള്ളവയോ, ഉന്നതകുലജാതർ

www.malankaralibrary.com

ക്കുവേണ്ടി ഉള്ളവയോ ആയിരുന്നില്ല. മറിച്ച്, സാധാരണക്കാരും പാവപ്പെട്ടവരും അധഃസ്ഥിതരുമായവർക്ക് വേണ്ടിയുള്ളതായിരുന്നു. സാമൂഹിക പരിഷ്കരണത്തിനും സാംസ്കാരിക വളർച്ചയ്ക്കും ആവശ്യം വിദ്യാഭ്യാസമാണെന്ന ദർശനമായിരുന്നു അതിന് പിന്നിൽ. പള്ളിക്കൂടങ്ങൾ ആരംഭിക്കുന്നതിന് വളരെ വർഷങ്ങൾക്ക് മുമ്പ് ചാവറയച്ചൻ മാന്നാനത്ത് ആരംഭിച്ച സംസ്കൃത സ്കൂളും സമൂഹത്തിൽ പിന്തള്ളപ്പെട്ടവർക്കു വേണ്ടിയായിരുന്നു. അവർണർ സംസ്കൃതം കേട്ടാൽ ചെവിയിൽ ഈയം ഉരുക്കിയൊഴിക്കണമെന്ന നിയമമുണ്ടായിരുന്ന കാലത്താണ് ചാവറയച്ചൻ അത്തരമൊരു നടപടിക്ക് മുതിർന്നത് എന്നുള്ളത് തലമുറകൾ മനസ്സിലാക്കിയിരിക്കേണ്ട ചരിത്രപാഠമാണ്. അത്തരം പ്രവർത്തനങ്ങളിലൂടെയാണ് കേരളത്തിന് അനിവാര്യമായ സാംസ്കാരിക നവോത്ഥാനത്തിന് കളമൊരുങ്ങിയത്.

ഒരു മത പശ്ചാത്തലത്തിൽ നിലനിന്നുകൊണ്ടും ആ ചൈതന്യവും ആദർശവും ഉൾക്കൊണ്ടും എല്ലാവർക്കുംവേണ്ടി ജീവിക്കാൻ കഴിഞ്ഞു എന്നുള്ളതാണ് ഒട്ടേറെ ക്രൈസ്തവ മിഷണറിമാരുടെ പ്രത്യേകത. ക്രിസ്തുവിനെയാണ് അവർ മാതൃകയാക്കിയത് എന്നത് മാത്രമാണ് അതിന് കാരണം. വാസ്തവത്തിൽ ഈ പ്രവർത്തനശൈലിയാണ് കേരളത്തിലുണ്ടായ വിപ്ലവകരമായ മാറ്റത്തിന് അടിത്തറ പാകിയത്. വിദ്യാഭ്യാസ രംഗംതന്നെയാണ് അതിൽ പ്രധാനം. വിദ്യാഭ്യാസത്തിന് ക്രൈസ്തവ സമൂഹവും കത്തോലിക്കാ സഭയും ഏറ്റവും ഉയർന്ന പ്രാധാന്യം നൽകിയതിന് പിന്നിലുള്ള ലക്ഷ്യം കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവുമായ വളർച്ചയല്ലാതെ മറ്റൊന്നുമായിരുന്നില്ല. അത്രമാത്രം പ്രാധാന്യം ക്രൈസ്തവ സമൂഹം വിദ്യാഭ്യാസത്തിന് നൽകിയിരുന്നില്ലെങ്കിൽ കേരളത്തിന്റെ അവസ്ഥ തീർച്ചയായും മറ്റൊന്നാകുമായിരുന്നു.

ഇന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിന്റെയും നിലവാരത്തിന്റെയും കാര്യത്തിൽ കത്തോലിക്കാ സഭയുടെ സ്ഥാപനങ്ങൾക്ക് പിന്നിലാണ് സർക്കാർപോലും എന്നുള്ളതാണ് വാസ്തവം. കേവലം മുപ്പത് ശതമാനം കുട്ടികൾ മാത്രമാണ് സർക്കാർ വിദ്യാലയങ്ങളിൽ പഠിക്കുന്നവർ. ഇത്രമാത്രം വിദ്യാലയങ്ങൾക്ക് ആവശ്യമായ ഭീമമായ മുതൽമുടക്കുകളും, മറ്റ് ചെലവുകളുമെല്ലാം വഹിക്കുന്നുണ്ടെങ്കിലും ശമ്പളം മാത്രമാണ് കേരളത്തിലെ അറുപത് ശതമാനത്തോളം വരുന്ന എയ്ഡഡ് വിദ്യാലയങ്ങൾക്ക് സർക്കാർ നൽകിവരുന്നത്. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭൂരിപക്ഷവും വിവിധ കത്തോലിക്കാ മാനേജ്മെന്റുകളുടേതാണ്. ശമ്പളത്തിനപ്പുറമുള്ള സാമ്പത്തിക പിന്തുണ ഇക്കാലഘട്ടത്തിലും സർക്കാരിന് നൽകാൻ കഴിയുന്നില്ല എന്നുവരുമ്പോൾ ഇന്നും കത്തോലിക്കാ സഭയും മറ്റ് ക്രൈസ്തവസമൂഹങ്ങളും വിദ്യാഭ്യാസരംഗത്ത് കേരളത്തിന് നൽകിവരുന്ന സംഭാവനയുടെ വലിപ്പം കൂട്ടിവായിക്കേണ്ടതാണ്. കേരളത്തിന്റെ ചരിത്രത്തിൽ ശക്തമായ ഒരു സാംസ്കാരിക അടിത്തറ ഒരുക്കി നൽകിയതിന് പുറമെ, ഇന്നും ആ ചരിത്രത്തെ പിന്തുടരുന്നു എന്നുള്ളതും സഭയുടെ പ്രവർത്തനങ്ങളുടെ സവിശേഷതയാണ്. എന്നാൽ, അത്തരം ചരിത്രങ്ങളൊന്നുംതന്നെ ഇന്നത്തെ ചരിത്രാഖ്യാനങ്ങളിൽ ദൃശ്യമല്ല.

## ലോക ചരിത്രത്തിലും അപനിർമിതി

ഒമ്പതാംക്ലാസ്സിലെ സാമൂഹ്യപാഠപുസ്തകത്തിലെ ചില ആഖ്യാനങ്ങൾ കൗതുകകരമാണ്. ഒമർ ഖയ്യാമിനെ പോലുള്ള അറേബ്യൻ സാഹിത്യകാരന്മാരെ മുൻനിരയിലേക്ക് കൊണ്ടുവന്നിരിക്കുന്നത് അതിനും ഒമ്പത് നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ചിരുന്ന സെന്റ് അഗസ്റ്റിനെപോലുള്ളവരെ പിന്നിലാക്കിയാണ്. ക്രിസ്തുവിനു മുമ്പ് ജീവിച്ചിരുന്ന ചരകൻ, ശുശ്രുതൻ എന്നീ പുരാതനകാലത്തെ പണ്ഡിതന്മാർക്ക് നൽകപ്പെട്ടിരിക്കുന്ന ശസ്ത്രക്രിയയുടെ പ്രാരംഭകർ എന്ന സ്ഥാനം അവഗണിച്ച് ആ ശീർഷകവും ഒരു അറേബ്യൻ ചികിത്സകന് നൽകിയിരിക്കുന്നു. കുരിശുയുദ്ധ കാലത്തെ തുടർന്ന് അറേബ്യൻ രാജ്യങ്ങളിൽനിന്നുണ്ടായ അറിവുകളുടെ കൈമാറ്റമാണ് യൂറോപ്പിന്റെ വളർച്ചയ്ക്ക് മുഖ്യ കാരണമായി പുസ്തകം അവതരിപ്പിച്ചിരിക്കുന്നത്. ഗണിതം, സാങ്കേതികവിദ്യ, ചികിത്സാരംഗം, സാഹിത്യം തുടങ്ങി മാലിന്യ നിർമാർജന സംവിധാനങ്ങളും വഴിവിളക്കുകളുംവരെയുള്ള ഒട്ടേറെ ആശയങ്ങളിലും മേഖലകളിലും ലോകത്തിന് മുമ്പേ നടന്നവരും വഴി തെളിച്ചവരുമാണ് അറേബ്യൻ ജനത എന്ന് പുസ്തകം സംശയമില്ലാതെ പറഞ്ഞുവയ്ക്കുന്നു. ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പേ വിശിഷ്ടമായ സാഹിത്യ രചനകൾ നടത്തിയവരെ അവഗണിച്ചുകൊണ്ടാണ് അറേബ്യൻ സാഹിത്യകാരന്മാർ മുൻനിരയിൽ സ്ഥാനം പിടിച്ചിരിക്കുന്നത്. ഇത്തരം പാഠപുസ്തകങ്ങളിലൂടെ കടന്നു പോകുന്ന സാധാരണ വിദ്യാർഥിസമൂഹത്തിന്റെ മനസ്സിൽ ഇസ്ലാമിക

www.malankaralibrary.com

ലോകത്തെക്കുറിച്ചുള്ള ചിത്രം എന്തായിരിക്കുമെന്ന് ഊഹിക്കാം. അതുതന്നെയായിരിക്കണം പിന്നണി പ്രവർത്തകരുടെ ലക്ഷ്യവും.

എന്നാൽ, ഒരു ജനതയുടെ പ്രതിച്ഛായ വർധിപ്പിക്കാനുള്ള തന്ത്രം എന്നതിനപ്പുറം വലിയ ദോഷമാണ് ഇത്തരം കടന്നുകയറ്റങ്ങൾമൂലം സംഭവിക്കുന്നത്. യാഥാർഥ്യങ്ങൾ തമസ്കരിക്കപ്പെടുന്നു എന്നതിനേക്കാൾ ഗുരുതരമാണ് ഒട്ടേറെ അബദ്ധധാരണകളിൽ കുട്ടികൾ എത്തിച്ചേരുന്നത്. ചരിത്രത്തിൽ പ്രത്യേകമായ ഇടങ്ങൾ എഴുതിച്ചേർക്കുന്നതുപോലെതന്നെ കടന്നുകൂടുന്ന മറ്റു പിഴവുകളും പലതുണ്ട്. ഒരേസമയം പൈഥഗോറസിന്റെയും യൂക്ലിഡിന്റെയും തിയറികൾ പഠിപ്പിക്കുന്ന പാഠപുസ്തകങ്ങൾക്കൊപ്പമാണ് ബീജഗണിതവും ത്രികോണമിതിയും അറബ് ലോകത്തിന്റെ സംഭാവനയാണെന്ന് എഴുതിയിരിക്കുന്നത്. ക്രിസ്തുവിന് മൂന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് ഈജിപ്തിൽ ജീവിച്ചിരുന്ന ടോളമിയിൽ തുടങ്ങുന്ന ഗണിതശാസ്ത്ര തത്വങ്ങളാണ് ഇന്നത്തെ നിലയിൽ എത്തിച്ചേർന്നിരിക്കുന്നത്. മധ്യകാല യൂറോപ്പിലെ സ്ത്രീകൾക്ക് ബഹുഭൂരിപക്ഷത്തിനും വിദ്യാഭ്യാസത്തിനുള്ള അവസരമുണ്ടായിരുന്നില്ല എന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്ന പാഠപുസ്തകം, അറബ് ദേശത്ത് നേരെ വിപരീതമായ അവസ്ഥയായിരുന്നു എന്നാണ് പറഞ്ഞുവയ്ക്കുന്നത്.

യൂറോപ്പിൽനിന്ന് ആരംഭിച്ച നവോത്ഥാനവും അതിന്റെ തുടർച്ചയായ വലിയ പരിവർത്തനങ്ങളും അതുൾക്കൊള്ളുന്ന പ്രാധാന്യത്തിൽത്തന്നെ പുതിയ തലമുറകൾ മനസ്സിലാക്കിയിരിക്കേണ്ടത് പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. എന്നാൽ, അത്തരം ചരിത്ര രചനകളിലെല്ലാം ചില സ്ഥാപിത താല്പര്യങ്ങളുടെ കടന്നുകയറ്റം വ്യക്തമാണ്. കത്തോലിക്കാസഭയുടെ ഇടപെടലുകൾ പൂർണമായും തമസ്കരിക്കപ്പെട്ടിരിക്കുന്നതായി കാണാം. പൂർണതയില്ലാതെയും അവ്യക്തമായും അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ആഖ്യാനങ്ങൾ ഒട്ടേറെ തെറ്റിധാരണകൾക്ക് വഴിയൊരുക്കിയിട്ടുണ്ട്. വാസ്തവത്തിൽ ക്രിസ്തുവർഷത്തിന്റെ ആദ്യ നൂറ്റാണ്ടുകൾ മുതലിങ്ങോട്ടുള്ള ലോകചരിത്രത്തിൽ ശാസ്ത്രരംഗത്ത് ഉൾപ്പെടെയുള്ള വിവിധ മുന്നേറ്റങ്ങൾ ക്രൈസ്തവ സമൂഹവും കത്തോലിക്കാസഭയുമായും ബന്ധപ്പെട്ടു നിൽക്കുന്നവയാണ്. ലോകത്തിലെതന്നെ ഏറ്റവും പഴക്കമുള്ള സയൻസ് അക്കാദമി കത്തോലിക്കാസഭയുടെ മേൽനോട്ടത്തിൽ പതിനേഴാം നൂറ്റാണ്ടിൽ സ്ഥാപിക്കപ്പെട്ടതാണ് (അക്കാദമി ഓഫ് ലിൻക്സ്, Accademia dei Lincei , Accademy of Lynx) എന്ന വാസ്തവത്തെ മറച്ചുവച്ചുകൊണ്ടാണ് കത്തോലിക്കാസഭ ശാസ്ത്രത്തിന് വിരുദ്ധമായി ചിന്തിക്കുന്നു എന്ന പ്രചരണങ്ങൾ നടക്കുന്നത്. ചരിത്രത്തിൽ വ്യക്തമായ ഇടം അടയാളപ്പെടുത്തിയിട്ടുള്ള ശാസ്ത്രജ്ഞരായ അനവധി വൈദികരെക്കുറിച്ചുള്ള പരാമർശങ്ങൾപോലും കണ്ടെത്തുക എളുപ്പമല്ല.

കേരളത്തിലെ പാഠപുസ്തകങ്ങളിൽ മുഖ്യമായും വിവരിക്കുന്നത് മറ്റു ചില ചിത്രങ്ങളാണ്. മധ്യപൂർവ ദേശത്തെ സാമൂഹിക – സാങ്കേതിക – വൈജ്ഞാനിക മുന്നേറ്റങ്ങൾക്ക് അമിത പ്രാധാന്യം കൊടുക്കുമ്പോഴും, യൂറോപ്പിന്റെയും ഇന്ത്യയുടെയും ഇത്തരം മേഖലകളിലെ മുന്നേറ്റങ്ങളിൽ പലതും അവഗണിക്കപ്പെട്ടിരിക്കുന്നതായി കാണാം. ചില വിഭാഗങ്ങളെ മാത്രം മികവുറ്റവരാക്കി ചിത്രീകരിക്കാനുള്ള പ്രവണത കാണപ്പെടുന്നതിന് പിന്നിൽ അനാരോഗ്യകരമായ ചില ഇടപെടലുകളുണ്ടെന്ന് സംശയിക്കുന്നതിൽ തെറ്റില്ല. ഇത്തരം ലക്ഷ്യങ്ങൾക്കായി ചരിത്രം തിരുത്തിയെഴുതുന്ന പ്രവണത അപകടകരമാണ്.

## ശരിയായ പഠനങ്ങളും ഇടപെടലുകളും ആവശ്യം

തങ്ങളുടെ സ്ഥാപിത താല്പര്യങ്ങൾക്കും ഗൂഢലക്ഷ്യങ്ങൾക്കും വേണ്ടി ചരിത്രത്തിലും സമിതികളിലും അതിക്രമിച്ചു കയറുന്നവരെ തിരിച്ചറിഞ്ഞ് മാറ്റി നിർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ശരിയായ പഠനങ്ങളും നിരീക്ഷണങ്ങളും ഉണ്ടാകേണ്ടതുണ്ട്. വിസ്മരിക്കപ്പെട്ടതും തമസ്കരിക്കപ്പെട്ടതും മാറ്റിയെഴുതപ്പെട്ടതുമായ ചരിത്രങ്ങളെയും ചരിത്രത്തിലെ വ്യക്തിത്വങ്ങളെയും കണ്ടെത്തുകയും അടയാളപ്പെടുത്തുകയും വേണം. അത്തരമൊരു ഉറച്ച പരിശ്രമം ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. സ്ഥാപിത താല്പര്യങ്ങളുടെ കടന്നുകയറ്റങ്ങൾ നിയന്ത്രിക്കപ്പെടേണ്ടതും പ്രതിരോധിക്കപ്പെടേണ്ടതുമാണ്. സർക്കാർ സംവിധാനങ്ങൾ നിഷ്പക്ഷവും നീതിനിഷ്ഠവും ഉത്തരവാദിത്തങ്ങളെ ഉൾക്കൊള്ളുന്നതുമാവുകയാണ് ഇതിന് പരിഹാരം. കളങ്കിതവും അഴിമതിക്ക് കീഴ്പ്പെട്ടതുമായ ഒരു ഭരണസംവിധാനത്തെ തിരുത്താൻ കഠിനമായ പരിശ്രമം ആവശ്യമാണ്. കേരളത്തിലെ മതേതര സമൂഹം അതിന് സജ്ജരാവുകയാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. ■

www.malankaralibrary.com

# വളച്ചൊടിക്കപ്പെടാത്ത 'ലൂസിഫറു'കൾ

ലൂസിഫർ എന്ന വമ്പൻ ചിത്രത്തെ പറ്റി അറിയാത്തവർ അധികമുണ്ടാവില്ല. അതിന്റെ രചയിതാവും ജേർണലിസ്റ്റ്, അഭിനേതാവ്, സിനിമാ രചയിതാവ്, നിർമാതാവ്, ഗായകൻ–തുടങ്ങി വ്യത്യസ്ഥ നിലകളിൽ ശ്രദ്ധേയനാണ് മുരളി ഗോപി. സമകാലിക രാഷ്ട്രീയ സാമൂഹ്യപ്രവണതകളെ വളച്ചൊടിക്കാതെ കാമ്പിലും കഴമ്പിലും സമഗ്രത പുലർത്തിയും എന്നാൽ കലാമൂല്യത്തിൽ വിട്ടുവീഴ്ച വരുത്താതെയും പ്രേക്ഷകർക്കു മുൻപിൽ അവതരിപ്പിക്കുന്ന പ്രതിഭാധനനായ ചലച്ചിത്ര രചയിതാവെന്ന നിലയിലാണ് ഈ അടുത്ത കാലത്ത്, ലെഫ്റ്റ് റൈറ്റ് ലെഫ്റ്റ്, ടിയാൻ, കമ്മാരസംഭവം, ലൂസിഫർ തുടങ്ങിയ സിനിമകളുടെയൊക്കെ രചയിതാവായ മുരളി ഗോപിയെ ഞങ്ങൾ ബന്ധപ്പെടുന്നത്. അദ്ദേഹം കാരുണികനോട് മനസ്സ് തുറന്നപ്പോൾ.

**■ മലയാള സിനിമയിലെ അഭിനയ ചക്രവർത്തിയും ഭരത് അവാർഡ് ജേതാവുമായ ഗോപിയുടെ മകനെന്ന നിലയിൽ ചലച്ചിത്രരംഗത്തേക്ക് കടന്നുവരാതെ അങ്ങ് മാധ്യമപ്രവർത്തനരംഗം തെരഞ്ഞെടുക്കാൻ കാരണം? ജേർണലിസത്തിലേക്ക് സ്വയം പ്രേരിതനായി കടന്നുവന്നതാണോ?**

എന്റെ അപ്പൂപ്പൻ വേലായുധൻപിള്ള അറിയപ്പെടുന്ന ഒരധ്യാപകനായിരുന്നു. ആദരണീയനായ ആ അധ്യാപകന്റെ മകൻ ഗോപി അധ്യാപനത്തിലേക്ക് തിരിയാതെ അഭിനയരംഗത്തേക്ക് വന്നത് അദ്ദേഹത്തിന്റെ സർഗപ്രതിഭ ആ രംഗത്തായിരുന്നതിനാലാണ്. അതുപോലെതന്നെ മികച്ചൊരു നടന്റെ മകനെന്ന നിലയിൽ ഞാൻ ആ രംഗത്തേക്ക് കടക്കാതെ ജേർണലിസം തിരഞ്ഞെടുത്തതിന്റെ ലോജിക്കും ഇതുതന്നെയാണ്. സിനിമ താല്പര്യമായിരുന്നെങ്കിലും കരിയർ തുടങ്ങിയപ്പോൾ ഒരു ജേർണലിസ്റ്റായി തുടങ്ങാനാണ് തോന്നിയത്. അതങ്ങനെ സംഭവിച്ചതാണ് .



www.malankaralibrary.com

■ ദ് ന്യൂ ഇന്ത്യൻ എക്സ്പ്രസ്, ദ് ഹിന്ദു തുടങ്ങിയ മാധ്യമ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിച്ചിരുന്ന അങ്ങേയ്ക്ക് അതിൽ പൂർണസംതൃപ്തി കണ്ടെത്താനാകാതിരുന്നതിനാലാണോ ചലച്ചിത്ര രംഗത്തേക്ക് കടന്നത്?

ഒരിക്കലുമല്ല. ഞാൻ ഏർപ്പെട്ടിട്ടുള്ള ഏത് മേഖലകളും എനിക്ക് താത്പര്യമുള്ള മേഖലകൾതന്നെയാണ്. മാധ്യമ പ്രവർത്തനത്തോട് വിരസത തോന്നിയതുകൊണ്ടൊന്നുമല്ല സിനിമാരംഗത്തേക്ക് എത്തപ്പെട്ടത്. ഇവിടേക്കൊക്കെ എത്തിച്ചേരാൻ ജേർണലിസം എന്നെ വളരെയധികം സഹായിച്ചിട്ടുണ്ടെന്നുള്ളതാണ് യാഥാർഥ്യം.

■ സിനിമയിലേക്കുതന്നെ വരണമെന്ന് തോന്നിയ സന്ദർഭം ഏതാണ്?

സിനിമ എന്ന കല പണ്ടുമുതലേ എനിക്ക് ഇഷ്ടമായിരുന്നു. അതിഷ്ടമല്ലാത്തതുകൊണ്ട് മറ്റു രംഗത്തേക്കു കടന്നുവന്നതല്ല. യഥാർഥത്തിൽ ഞാൻ സിനിമയിലേക്ക് കടന്നുചെല്ലുകയല്ല, സിനിമ എന്നിലേക്ക് കടന്നുവരുകയാണുണ്ടായത്.

■ ഈ അടുത്ത കാലത്ത്, ടിയാൻ, ലെഫ്റ്റ് റൈറ്റ് ലെഫ്റ്റ്, കമ്മാരസംഭവം, ലൂസിഫർ തുടങ്ങിയ ചിത്രങ്ങൾ സമകാലിക സംഭവങ്ങളുടെ നേർകാഴ്ചകളായിരുന്നില്ലേ?

ഒരെഴുത്തുകാരനെ എഴുതാൻ പ്രേരിപ്പിക്കുന്നത് സമകാലിക സംഭവങ്ങളോടുള്ള ആഭിമുഖ്യമാണല്ലോ. പറയേണ്ട കാര്യങ്ങൾ പറയേണ്ട വിധത്തിൽ പറയാൻ മാത്രമാണ് ഞാൻ ശ്രമിച്ചിട്ടുള്ളത്.

■ വളച്ചൊടിക്കപ്പെടുന്ന ചരിത്രത്തെ പ്രമേയമാക്കുന്ന ചിത്രമാണല്ലോ 'കമ്മാര സംഭവം?' അങ്ങനെ ഒരു ചിത്രത്തിന് കഥയും തിരക്കഥയും മനയാൻ കാരണം?

തിരഞ്ഞെടുപ്പു രാഷ്ട്രീയത്തിന്റെ ഭാഗമായി പുലരുന്ന propagandaയെ ഒരു എഴുത്തുകാരന്റെ bio-scope ലൂടെ നിരീക്ഷിക്കുന്നതാണ് ആ ചിത്രം. തിരഞ്ഞെടുപ്പ് അടുക്കുമ്പോൾ രാഷ്ട്രീയക്കാർ തങ്ങളുടേതായ അജണ്ടകൾ സ്ഥാപിച്ചെടുക്കാൻ സിനിമ പോലുള്ള ജനകീയ കലകളെ ഉപയോഗപ്പെടുത്താറുണ്ട്. അതിനെക്കുറിച്ച് അതുവരെയൊരു ചലച്ചിത്ര ലേഖ്യം ഉണ്ടായിരുന്നില്ല. ആ സിനിമയ്ക്ക് ഇപ്പോഴുണ്ടായിട്ടുള്ള സ്വീകാര്യതയ്ക്കു കാരണം അതാണ്.

■ ഇന്ത്യയിലെ രാഷ്ട്രീയപാർട്ടികൾ കാലങ്ങളായി ചെയ്തുകൊണ്ടിരിക്കുന്ന ചരിത്രത്തിന്റെ തിരുത്തിയെഴുത്ത് എന്ന രാഷ്ട്രീയ അജണ്ടയെ spoof ആയി അവതരിപ്പിച്ചൊരു ചിത്രമാണല്ലോ 'കമ്മാര സംഭവം!' സാധാരണക്കാരിലേക്ക് അത്തരം ഒരു വലിയ സത്യത്തെയെത്തിക്കാൻ സ്പൂഫ് കാറ്റഗറി തന്നെ സ്വീകരിക്കാൻ കാരണം 'ടിയാൻ' പോലുള്ള താങ്കളുടെ ചിത്രങ്ങളുടെ പ്രമേയം ഹെവിയായും പ്രേക്ഷകർക്ക് താൽപര്യക്കുറവുണ്ടാക്കിയേക്കുമെന്നും തോന്നിയതുകൊണ്ടാണോ?

ആഖ്യാനസങ്കേതം എന്നത് സ്വയം രൂപപ്പെടുന്നതാണ്. അത്തരമൊരു വിഷയത്തെ അവതരിപ്പിക്കേണ്ടിവരുമ്പോൾ അതൊരു പ്രത്യേകതരം കാറ്റഗറിയായി കാണേണ്ട ആവശ്യമില്ല. കഥയ്ക്കനുയോജ്യമായ വിധത്തിൽ രചന നടത്തുമ്പോൾ വെളിപ്പെടുത്തേണ്ട കാര്യങ്ങൾ വസ്തുനിഷ്ഠമായിതന്നെ രേഖപ്പെടുത്തേണ്ടിവരും. അതിന് സ്പൂഫ് കാറ്റഗറി എന്ന തരംതിരിവ് നടത്തിക്കൊണ്ട് രചന നടത്തേണ്ടയാവശ്യമില്ല. പ്രേക്ഷകരിലേക്ക് കാര്യങ്ങളെ സൂക്ഷ്മമായും ലളിതമായും എത്തിക്കേണ്ട ആഖ്യാനരീതി ഉപയോഗിച്ചെന്നേയുള്ളൂ. മറ്റൊരു ചിത്രത്തിന്റെ പ്രമേയത്തിന്റെ വലുപ്പചെറുപ്പമോ താല്പര്യക്കുറവോ ഒന്നും കണക്കിലെടുത്തല്ല വേറൊരു ചിത്രത്തിന്റെ കഥ മനയുന്നത്. ആ ചിത്രത്തിന് ആധാരമാക്കുന്ന വിഷയത്തെ എത്രമാത്രം നീതിപൂർവം അവതരിപ്പിക്കാൻ സാധിക്കും എന്നതിനെ ആസ്പദമാക്കി അതിനുള്ള എല്ലാ വശങ്ങളെയും സമഗ്രമായി അതിൽ സന്നിവേശിപ്പിക്കുക എന്നതാണ് ഞാൻ അവലംബിക്കുന്നത്.

■ മുരളി ഗോപിയെന്ന നടന്റെയും കഥാകൃത്തിന്റെയും പുതിയ പ്രൊജക്ടുകൾ?

വിനായക അജിത്ത് നിർമിച്ച് സാഗർ സംവിധാനം ചെയ്യുന്ന 'കനകരാജ്യം' എന്ന ചിത്രമാണ് ഞാൻ അഭിനയിക്കുന്ന അടുത്ത ചിത്രം. ലൂസിഫറിന്റെ രണ്ടാം ഭാഗമായ 'എമ്പുരാൻ' എന്ന ചിത്രത്തിന്റെ കഥയും തിരക്കഥയുമാണ് പൂർത്തിയാക്കിയിട്ടുള്ളത്. മോഹൻലാൽതന്നെ നായകനായുള്ള ഈ ചിത്രത്തിന്റെ ഷൂട്ടിംഗ് ഉടൻ ആരംഭിക്കും. ■

www.malankaralibrary.com

# രഹസ്യത്തിന്റെ ആനന്ദസാരം

ഇ.സന്തോഷ്കുമാറിന്റെ 'ജ്ഞാനോദയം പൂതപ്പാറയിൽ യുക്തിയുടെ കാലം' എന്ന കഥയുടെ വിശകലനം.

*മാതൃഭൂമി ആഴ്ചപ്പതിപ്പ് 2022 ജൂലായ് 31*



ഫാ. സുനിൽ OFM Cap.
*ഡയറക്ടർ, അസ്സീസി ആർട്സ് & കമ്മ്യൂണിക്കേഷൻ, കൊല്ലം*

ജ്ഞാനചിന്തയുടെ പര്യടനങ്ങൾ എവിടെനിന്നു ആരംഭിക്കുന്നുവെന്നത് ഒരു ചെറിയ ചോദ്യമല്ല. എല്ലാ കാലത്തും ഈശ്വരബോധം പരമാനന്ദത്തിന്റെ പൂർണതയ്ക്കുവേണ്ടി അലയുന്ന ചിന്തകരെ സൃഷ്ടിച്ചിട്ടുണ്ട്. ഇത്തരം ഒരു മെറ്റാഫിസിക്കൽ ഗോഡി (Metaphysical God) നെയാണ് എല്ലാ തത്വചിന്തകരും തെരഞ്ഞിട്ടുള്ളതും യുക്തിവാദികൾ നിരാകരിച്ചിട്ടുള്ളതും. വിമൂകമായ ആശയങ്ങളിൽനിന്നാണ് പ്രകാശഖണ്ഡങ്ങൾ ചിലപ്പോഴെങ്കിലും രൂപംകൊള്ളുന്നത്. ജ്ഞാനധാരകളുടെ മഹാപ്രവാഹം സാധ്യമാക്കാൻ സഹായിക്കുന്നത് വെളിപാടുകളുടെ നർത്തനമാണ്. ഒരാളുടെ ദൈവബോധത്തിനും യുക്തിബോധത്തിനും മാംസപുഷ്ടി നൽകുന്നത് ആശയലിഖിതങ്ങൾതന്നെയാണ്. വാക്കുകളെ വെളിച്ചത്തിന്റെ ചാരുതയാർന്ന ജ്ഞാനചിത്രമെഴുത്തുപോലെ അനുഭവപ്പെടുത്തിത്തരുന്ന ഒരു കഥയിലേക്കു പ്രവേശിക്കാനാണ് ഇത്തരം ഒരു മുഖവുര കുറിച്ചത്. എല്ലാ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വിഗ്രഹങ്ങളാണെന്നും അവയെ ഉടച്ചുകളയാൻ യുക്തിബോധത്തിനേ സാധിക്കുകയുള്ളൂവെന്നും വിശ്വസിക്കുന്ന ഒരു വിഭാഗം ഒരതിരിലും, ദൈവബോധത്തിൽ നിലനിൽക്കുന്ന മറ്റൊരുവിഭാഗം മറ്റേയതിരിലും നിലനിൽക്കുന്നുവെന്നു സ്ഥാപിക്കുന്ന ഒരു കഥയാണ് 'ജ്ഞാനോദയം: പൂതപ്പാറയിൽ യുക്തിയുടെ കാലം.' ആത്മീയ ആനന്ദത്തിമിർപ്പ് പരസ്യപ്പെടുത്താൻ മതവാദികൾ പരക്കംപായുന്ന ഒരു കാലത്തിൽ മതേതര ആത്മീയ സന്തുലിതാവസ്ഥ നിലനിർത്താൻ നമ്മെ ക്ഷണിക്കുകയാണ് 'ജ്ഞാനോദയം.' യുക്തിബോധവും ദൈവബോധവും ജ്യോതിർമയിയായ ആത്മാവിനെ ജ്വലിപ്പിച്ചു നിർത്താൻ അവലംബിക്കുന്ന മാർഗരേഖകളാണ് ഈ കഥയെ ശ്രദ്ധിപ്പിക്കുന്നത്. യുക്തിബോധത്തിനും ദൈവബോധത്തിനും രണ്ടുതരം അളവുകളും സ്ഥലപ്പെടലുകളുമാണുള്ളതെന്നും അതുകൊണ്ട് ആത്മീയ സന്തുലിതാവസ്ഥ നിലനിർത്താൻ (Spritual equlibrium) ആശയകൈമാറ്റം ആവശ്യമാണെന്നും ഈ കഥ വാദിക്കുന്നു. ഇരുട്ടിലിരുന്ന് ജീവിതത്തിന് നിറം കൊടുക്കുന്നവർക്കുള്ള താക്കീതായി ഈ കഥയെ പാരായണം ചെയ്തുനോക്കാം.

## യുക്തിബോധം എന്ന ഉപരോധം

ചില കഥകൾ ഭാവനകളായി നിൽക്കാൻ വിസമ്മതിക്കുന്നു. പകരം അവ ആത്മസന്ദേശങ്ങളാവാൻ തിടുക്കം കാണിക്കുന്നു. ആത്മാവിന്റെ ഉദ്യാനത്തെ തളിർപ്പിക്കാൻ ഒരാൾ നടത്തുന്ന ആത്മീയസംവാദത്തെയും യുക്തിബോധമായി മനസ്സിലാക്കാവുന്നതാണ്. പൂതപ്പാറ എന്ന ദേശത്തിന്റെ ആത്മകഥയിൽ ഓരോ ഘട്ടത്തിലും ഓരോരുത്തർ പുരോഗമനാശയങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. വരത്തനായ മുരിക്കൻ മാണി അവിടെ കമ്മ്യൂണിസം പ്രചരിപ്പിക്കാൻ ശ്രമിച്ചിരുന്നു. അയാൾ അന്ധവിശ്വാസങ്ങൾക്കെതിരായിരുന്നില്ല. അവിടെ കമ്മ്യൂണിസം പച്ചപിടിച്ചതുമില്ല. പക്ഷെ രണ്ടു ദശകങ്ങൾക്കുശേഷം യുക്തിവാദിസംഘം രൂപീകൃതമാകുന്നുണ്ട്. ഭക്തിയെന്ന അനാചാരത്തിനും അനുബന്ധമായ അന്ധവിശ്വാ

www.malankaralibrary.com



സങ്ങൾക്കുമെതിരെ കർശനമായ നിലപാടെടുത്ത വരായിരുന്നു യുക്തിവാദികൾ എന്ന് നമുക്കറിയാവുന്നതാണ്. പൂതപ്പാറയിൽ യുക്തിവാദപ്രസ്ഥാനം ആരംഭിച്ചത് പാതാലിൽ വർക്കിച്ചൻ എന്നൊരു നസ്രാണിയായിരുന്നു. ഓരോ മനുഷ്യന്റെയും വിധിയരുളപ്പാടുകൾ ഈശ്വരൻ പരതി നോക്കാറുണ്ടെന്ന് വിശ്വസിക്കുന്ന ആളാണ് വർക്കിച്ചൻ. ആശയങ്ങളുടെ ലൗകീകാതീതതലമാണ് മതാത്മക ദുരന്തങ്ങളെ കാരുണ്യത്തോടെ കാണാനുള്ള തന്റേടം മനുഷ്യർക്ക് സമ്മാനിക്കുന്നതെന്ന് അയാൾ വിശ്വസിച്ചു തുടങ്ങിയത് 'ജ്ഞാനോദയം' എന്ന മാസികയുടെ പാരായണത്തിനൊടുവിലാണ്. വർക്കിച്ചന്റെ ആത്മഗതങ്ങൾ നോക്കുക.

1. പല ആളുകൾ, പലപല ലേഖനങ്ങൾ എഴുതി ലോകനിയന്താവായ ദൈവത്തെ പ്രകോപിപ്പിക്കാൻ ശ്രമിക്കുകയാണെന്ന് അയാൾക്കു തോന്നി.
2. ഇത്രയുംനാൾ താൻ ഇരുളടഞ്ഞ ഒരു ഭൂഖണ്ഡത്തിൽ ജീവിക്കുകയായിരുന്നുവെന്ന് അയാൾക്കുതോന്നി.

വർക്കിച്ചന്റെ ചോദ്യങ്ങളും നോക്കുക:

1. ആരാണ് ദൈവം?
2. ഈ പൂതപ്പാറയും പ്രദേശങ്ങളും ദൈവം സൃഷ്ടിച്ചതാണോ?
3. എങ്കിൽ സൃഷ്ടിക്കുമുൻപ് പൂതപ്പാറ എങ്ങനെയായിരുന്നു?

ചോദ്യങ്ങൾ ഉന്നയിക്കുന്നവരെ ഇന്നേവരെ സംശയങ്ങൾ ദുരീകരിക്കപ്പെട്ടവരായി ആശയലോകത്ത് നിന്നിട്ടുള്ളുവെന്ന് സിസേക്ക് നിരീക്ഷിച്ചിട്ടുണ്ട്. ആസ്വാദകന്റെ അതാര്യമായ ഭാഷയെയാണ് സിസേക്ക് ചോദ്യം എന്നു വിളിക്കുന്നത്. വർക്കിച്ചന്റെ ജീവചരിത്രം പരിശോധിച്ചുനോക്കിയാൽ ഒരു കാര്യം തീർച്ചപ്പെടും. ഓരോ ചുവടുവയ്പും ആത്മീയ പൊതുബോധത്തിന്റെയും മതേതര മൂല്യത്തിന്റെയും അന്തർധാരകളെ അനാവൃതമാക്കാനുള്ള ശാസ്ത്രീയമായ സമീപനമാണ്. ഈ സമീപനത്തെ പല മടക്കുകളിലൂടെ സഞ്ചരിപ്പിക്കാനാണ് കഥാകൃത്ത് ശ്രമിക്കുന്നത്. ദൈവമില്ലാത്ത ഒരു മതത്തെ സ്വപ്നംകണ്ടയാളാണ് ഫ്യൂസ് ബാക്ക്. അതേ ഫ്യൂസ്ബാക്കിന്റെ മനോനില വച്ചിട്ടാണ് ഇതിലെ വർക്കിച്ചൻ തർക്കങ്ങളിലേക്ക് കടക്കുന്നത്. ആളിക്കത്തുന്ന വാക്കുകളിലൂടെ ദൈവത്തിന്റെ മുഖം പ്രകടമാക്കാനാണ് ഓരോ മതസ്ഥരും ശ്രമിക്കുന്നതെന്ന വാദമൊക്കെ കഥയുടെ പുരോഗമന റീലുകളിൽ വച്ച് നാം അനുഭവിച്ചറിയുന്നുണ്ട്. ആത്മീയ മനുഷ്യന്റെ സൗമ്യാകാശ ജ്യോതിസ്സിനു നേരെ ഇരുട്ടയക്കുന്ന ഓരോ ചോദ്യങ്ങളും വേരുറക്കാത്ത പൊള്ള വാക്യങ്ങളാണെന്നുതന്നെയാണ് പിന്നീട് നാം മനസ്സിലാക്കുന്നത്.

ജ്ഞാനോദയം മാസിക ഒറ്റ ലക്കത്തോടെ അവസാനിക്കുന്നു. വർക്കിച്ചൻ അവിചാരിതമായി ജ്ഞാനോദയം ഭാസ്കരൻ എന്ന പത്രാധിപരുടെ അടുത്തെത്തുന്നു. ജ്ഞാനോദയം ഭാസ്കരൻതന്നെയാണ് അതിലെ ഓരോ രചനകളും പല പേരുകളിൽ എഴുതിയിരിക്കുന്നത്. അന്ധവിശ്വാസികളായ വായനക്കാരുടെ സംശയം ദുരീകരിക്കുന്ന ചോദ്യോത്തര പംക്തിയും അയാൾതന്നെയാണ് കൈകാര്യം ചെയ്തിരുന്നത്. പക്ഷെ മൂല്യവത്തായ ചൈതന്യങ്ങളുടെ അന്വേഷണം ഉയർത്തെഴുന്നേല്പിനു മുൻപുള്ള സഹനമാണെന്ന് ബോധത്തിന്റെ ഒരു പാതിയിൽ ഉറപ്പിച്ചുവച്ചിരിക്കുന്ന ഒരാളായിരുന്നു വർക്കിച്ചൻ. അതുകൊണ്ടാണിങ്ങനെ ചിന്തിക്കുന്നത്– "ദിവ്യസന്നിധിയിൽ ഇരിക്കുമ്പോൾ വർക്കിച്ചൻ തന്റെ പക്ഷ

www.malankaralibrary.com

ത്തിന്റെ വിജയത്തിനുവേണ്ടി ദൈവത്തെയൊന്ന് വിളിച്ചു പ്രാർഥിച്ചാലോ എന്ന് സംശയിച്ചു." എല്ലാ സംശയങ്ങളും ദൈവബോധത്തിനെ ശക്തിപ്പെടുത്തുമെന്നാണ് കീർക്കഗോറിന്റെ (kierkegaard) മെറ്റാഫിസിക്കൽ ദൈവബോധംപോലും പറഞ്ഞുതരുന്നത്. മനുഷ്യന്റെ സുരക്ഷിതത്വബോധമില്ലായ്മയെയും ഭയാശങ്കയെയും വിശദീകരിക്കുന്നതിനിടയിൽ താല്കാലികമായി ഊർന്നുപോയേക്കാവുന്ന ദൈവബോധത്തെ നിലനിർത്താനും പുനഃക്രമീകരിക്കാനും യുക്തിബോധം എന്ന ഉപരോധവിദ്യ അനിവാര്യമാണെന്നു തന്നെയല്ലേ ഇതിലെ വർക്കിച്ചനും ജ്ഞാനോദയം ഭാസ്കരനും ദിവ്യനും ഒക്കെ വാദിക്കുന്നത്. ഇവരെല്ലാം പ്രതിനിധീകരിക്കുന്നത് വിശ്വാസിയിലെ ആത്മീയ ദാർശനികനെതന്നെയാണ്. ക്ഷോഭിക്കുന്ന പുസ്തകങ്ങളും അക്ഷരചാരിത്ര്യവും ആത്മീയസ്വത്വങ്ങളെ വീണ്ടെടുക്കുമെന്നുതന്നെയാണ് സന്തോഷ് കുമാറിന്റെ 'ജ്ഞാനോദയം' സ്ഥാപിക്കുന്നത്.

## വാക്യാർച്ചനകളും ജ്ഞാനപ്രകാശവും

മനുഷ്യനുമേൽ പരന്ന മതാന്ധതയുടെ ഇരുട്ടിനെയും അറിവില്ലായ്മയുടെ ദുഃഖനക്ഷത്രത്തെയും പിഴിഞ്ഞുമാറ്റുന്നത് ആശയങ്ങൾതന്നെയാണ്. ഭക്തിയുമായി ബന്ധപ്പെട്ട നവീന പരമാർഥങ്ങൾ കമ്മിയാകുമ്പോഴാണ് നാം മതേതര നന്മകൾ മറക്കുന്നതും ദൈവത്തെ സ്വന്തം പ്രെമിസ്സിൽ പിടിച്ചു വയ്ക്കുന്നതും. നമ്മിലെ അജ്ഞതയുടെ കൊടും താപത്തെ തണുപ്പിക്കുന്ന ചില വാക്യങ്ങൾ ജ്ഞാനോദയം എന്ന കഥയുടെ മൊത്തം വ്യാഖ്യാനമാണ്. വായനക്കാരനെ അമ്പരപ്പിക്കുന്ന നിർവചനങ്ങളുടെ ജലാശയം ഒരുക്കി കാത്തിരിക്കുന്ന ആ വാക്യങ്ങളിലൂടെ സഞ്ചരിച്ചാൽ നമ്മുടെ ആത്മീയാന്ധതകളും നവീകരിക്കപ്പെടും. കഥയിൽ പങ്കുവയ്ക്കപ്പെടുന്ന ആശങ്കകളിലൊന്ന് പ്രധാനമാണ്– മനുഷ്യരുടെ മതാത്മക തർക്കങ്ങൾക്കൊടുവിൽ ദൈവം നമ്മുടെ ഹൃദയങ്ങളിൽനിന്നും പുറത്താകുമോ എന്ന ആശങ്കയെ മറികടക്കാൻ ഈ വാക്യങ്ങൾ ഉപകരിച്ചേക്കും. പദങ്ങളുടെ സ്തോഭം പ്രകടിപ്പിച്ചുകൊണ്ട് ജ്ഞാനാന്വേഷണത്തിന്റെ സ്വകാര്യപാതയിലൂടെയാണ് വർക്കിച്ചനും ജ്ഞാനോദയം ഭാസ്കരനും ദിവ്യനും ഒക്കെ സഞ്ചരിക്കുന്നത്. ഇവർ മൂന്നുപേരും നമ്മുടെ ആത്മീയ മോബിലെ ഓരോ ജനുസ്സിലുംപെട്ട വിശ്വാസികളുടെ പ്രതിനിധികളാണ്. ഇവർ/ അല്ലെങ്കിൽ കഥാകാരൻ കുറിച്ചിടുന്ന ഈ വാക്യങ്ങളിൽ കഥയുടെ മൊത്തം സത്ത ഇഴുകിച്ചേരുകയും പുതിയ ആത്മീയസംവേദനം സാധ്യമാകുകയും ചെയ്യും. നമ്മുടെ ആത്മീയബോധത്തെ സ്ഫുടമാക്കിത്തീർക്കുന്ന ചില വാക്യങ്ങളെ ഉദ്ധരിച്ചാൽ കഥാകൃത്ത് 'ജ്ഞാനോദയ' ത്തിലൂടെ കൈമാറാൻ ബാക്കിവച്ച ആത്മീയതയുടെ രാഷ്ട്രീയത്തെ നമുക്ക് ബോധ്യമാകും. ആത്മീയത വൈകാരികമായ നിസ്സഹായതയോ സങ്കടമോ മാത്രമായി ഒടുങ്ങുന്നിടത്താണ് മതേതരമൂല്യങ്ങളുടെ മരണം സംഭവിക്കുന്നതെന്ന ദർശനമാണ് ഓരോ വാക്യത്തിലുമുള്ളത്.

**ഒന്ന് :** ആത്മാവ് എന്നത് തലച്ചോറിലെ ചില രാസപദാർഥങ്ങൾ സവിശേഷരീതിയിൽ പ്രവർത്തിക്കുമ്പോഴുള്ള തോന്നൽ മാത്രമാകുന്നു.

**രണ്ട് :** അറിയുകയും അറിയിക്കുകയും ചെയ്യുന്നതാണ് യഥാർഥ ജ്ഞാനോദയം.

**മൂന്ന് :** യുക്തിബോധം പിരിഞ്ഞുപോയ കണ്ണികളെ കൂട്ടിച്ചേർക്കുകയും അകന്നുപോയ മനസ്സുകളെ അടുപ്പിക്കുകയും ചെയ്യുന്നു.

**നാല് :** അന്ധകാരത്തിന് ദുർമരണമായിരിക്കും.

**അഞ്ച് :** കെട്ടുകഥകളാണ് മനുഷ്യവംശത്തെ ഇത്രയും പിന്നോട്ടടുപ്പിക്കുന്നത്.


## അനുബന്ധം

*"Don't wait for others to bring the change,*
*Be the change and bring the change''*

*- Invajy*

ഈ കഥ അവസാനിക്കുന്നതിങ്ങനെയാണ്. "പാതാലിൽ വർക്കിച്ചൻ തകർന്ന മനസ്സുമായി ആ ശൂന്യതയിലേക്കു നോക്കിനിന്നു. പകൽ നീണ്ടുനീണ്ടുപോയി. ഉഷ്ണം വർധിച്ചു ഉച്ചയായി, കൊഴിഞ്ഞു. പോക്കുവെയിൽ വന്നു, മാഞ്ഞു. വൈകുന്നേരമായി. ഇരുട്ടു പൊടിഞ്ഞുതുടങ്ങി. ഈ മഹാപ്രപഞ്ചത്തെ ഘോരാന്ധകാരം വിഴുങ്ങാൻ പോവുകയാണെന്നു തോന്നിച്ചു." അറിവില്ലായ്മയാണ് ഒരാളെ ഘോരാന്ധകാരത്തിലേക്ക് ഒളിച്ചുകടത്തുന്നത്. ആത്മീയതയുമായി ബന്ധപ്പെട്ട് ഒന്നിലധികം ചിന്തകൾ ഒരേ പ്ലാറ്റ്ഫോമിൽ ഒരു രഹസ്യലോകം കണക്കെ തുറന്നുവയ്ക്കപ്പെടുമ്പോൾ ചിലർക്ക് അത് ദുർഗ്രഹമായി തോന്നിയേക്കാം. തർക്കങ്ങളാണ് ദുർഗ്രഹതകളെ പരിഹരിക്കുന്നത്. വർക്കിച്ചന് ചോദ്യങ്ങളും ആത്മഗതങ്ങളുമുണ്ടായിരുന്നു. പക്ഷെ തർക്കങ്ങൾക്ക് ഉത്തരം ലഭിക്കാതെ പോകുന്നു. ദിവ്യന്റെ അർഥദ്യോതകമായ സമീപനങ്ങളെ ആത്മീയ രഹസ്യത്തിന്റെ ആനന്ദസാരമായി ഉൾക്കൊള്ളുകയാണ് പ്രധാനം. ■

www.malankaralibrary.com


ഇപ്പോൾ

ചങ്ങനാശ്ശേരി അതിരൂപതയിലെ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് തീർത്ഥാടനകേന്ദ്ര ദൈവാലയത്തിലെ 165 വർഷം പഴക്കമുള്ള മൂന്ന് പള്ളിമണികൾ **PULSATOR** സംവിധാനത്തിലാണ് ഓട്ടോമാറ്റിക്കായി പ്രവർത്തിക്കുന്നത്. ഭാരതത്തിൽ 15 സംസ്ഥാനങ്ങളിലായി ഇപ്പോൾ 500-ൽപ്പരം പള്ളിമണികൾ പൾസേറ്റർ സംവിധാനത്തിൽ ഓട്ടോമാറ്റിക്കായി പ്രവർത്തിക്കുന്നുണ്ട്.

"മാന്നാനത്തെ പള്ളിമണി 1857 ഫെബ്രുവരി 9 – ന് വിശുദ്ധ ചാവറയച്ചൻ 'യൗസേപ്പ്' എന്ന പേര് നല്കി അടയാളപ്പെടുത്തി അഭിഷേകം ചെയ്തതാണ്. അഭിഷേകകർമം ചെയ്യപ്പെടുന്ന മണിയുടെ നാദം കേൾക്കുന്ന ദിക്കുകളിലുള്ള ജനങ്ങൾക്ക് നന്മകളുണ്ടാകുമെന്നും തിന്മകളിൽ നിന്നും വിമോചനം ഉണ്ടാകുമെന്നും കല്പിച്ചു."

**പൾസേറ്റർ കസ്റ്റമേഴ്സിന്റെയും അഭ്യുദയകാംക്ഷികളുടെയും ശ്രദ്ധയ്ക്ക്**

നിരുത്തരവാദപരമായ പെരുമാറ്റങ്ങളാൽ ഞങ്ങളുടെ സ്ഥാപനത്തിലെ സ്റ്റാഫായിരുന്ന ശ്രീ. ലെസ്‌ലി ഡിക്കോസ്റ്റയെ സ്ഥാപനത്തിൽ നിന്നും ടെർമിനേറ്റ് ചെയ്തിട്ടുള്ളതാണ്. അദ്ദേഹം സ്ഥാപനത്തിന്റെ പേരിൽ തുടർന്നു നടത്തുന്ന സാമ്പത്തിക ക്രമക്കേടുകളിലും മറ്റു ക്രയവിക്രയങ്ങളിലും ഞങ്ങൾക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ലായെന്ന് അറിയിച്ചുകൊള്ളുന്നു.

– മാനേജിംഗ് ഡയറക്ടർ

**Call: Felix Madonna - 98953 99881, 98952 98951**
Watch Pulsator channel in Youtube or visit: www.madonnapulsator.com

Pulsator® Patent
The Church Bell Ringer
*ISO 9001-2008 Certified Company*

Madonna Electronics
Madonna Building,
South Chittoor, Cochin - 682 027.
Kerala, India.
felixmadonna@gmail.com

www.malankaralibrary.com



# ദൈവവിളിയുടെ അപ്പസ്തോലൻ

## Society of Divine Vocations (SDV)

സന്ന്യാസസഭയുടെ സ്ഥാപകപിതാവായ ഫാ. ജസ്റ്റിൻ മരിയ റുസ്സൊളില്ലോയെ ഫ്രാൻസിസ് പാപ്പ വിശുദ്ധനായി പ്രഖ്യാപിച്ചു.

ഇറ്റലിയിലെ നേപ്പിൾസിൽ പൊസ്സ്വോളി രൂപതയിൽ പിയനുര ഗ്രാമത്തിൽ 1891 ജനുവരി 18–ന് ലൂയിജി റുസ്സോളില്ലോയുടെയും ജുസെപ്പീന സിംപതിയുടെയും മൂന്നാമത്തെ സന്താനമായി ജസ്റ്റിൻ ഭൂജാതനായി. ചെറുപ്രായത്തിൽതന്നെ അനിതരസാധാരണമായ ഭക്തിയും ബുദ്ധിവൈഭവവും ജസ്റ്റിനിൽ വിളങ്ങിയിരുന്നു. ഒരു വൈദികനാകണമെന്നാഗ്രഹിച്ച ജസ്റ്റിനുമുന്നിൽ പ്രതിബന്ധമായി നിലകൊണ്ടത് കുടുംബത്തിന്റെ ദാരിദ്ര്യമായിരുന്നു. കെട്ടിടപ്പണിക്കാരനായിരുന്ന ലൂയിജി അപ്രതീക്ഷിതമായി കെട്ടിടത്തിൽനിന്ന് വീണ് കിടപ്പിലായതുമൂലം പഠനം പാതി വഴിയിലുപേക്ഷിച്ച് ജോലിയിൽ പ്രവേശിക്കാൻ മൂത്ത പുത്രൻ ഫ്രാൻചെസ്കോ നിർബന്ധിതനായി.

1913 സെപ്തംബർ 20–ന് ജസ്റ്റിൻ വൈദികനായി അഭിഷിക്തനായി. ദാരിദ്ര്യവും മറ്റ് കാരണങ്ങളും നിമിത്തം യാതൊരു ദൈവവിളിയും മേലിൽ നഷ്ടപ്പെട്ടുപോകാതിരിക്കാനായി, അവ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനായി ഒരു സന്ന്യാസസഭാസമൂഹം സ്ഥാപിക്കുമെന്ന് തന്റെ പൗരോഹിത്യ സ്വീകരണ ദിവസം അദ്ദേഹം ദൃഢനിശ്ചയം ചെയ്തു. 1914 ഏപ്രിൽ 30–ന് സമൂഹജീവിതത്തിന്റെ ആദ്യാനുഭവം നുകരാൻ അദ്ദേഹം ക്ഷണിച്ചത്, താൻ വൈദികവിദ്യാർഥിയായിരിക്കെ രൂപം കൊടുത്തിരുന്ന 'ഫെദെലിസ്സിമി' (ഏറ്റം വിശ്വസ്തർ) എന്ന ഭക്തസംഘത്തിലെ അംഗങ്ങളെയായിരുന്നു. സന്തോഷത്തിന്റെ ആ നാളുകൾക്ക് അധികം ആയുസ്സുണ്ടായിരുന്നില്ല. രൂപതാമെത്രാന്റെ കല്പനപ്രകാരം പതിനഞ്ചു ദിവസങ്ങൾക്കു ശേഷം ആ സംഘത്തെ പിരിച്ചുവിടേണ്ടിവന്നു.

1920–ൽ ജസ്റ്റിനച്ചൻ തന്റെ മാതൃ ഇടവക പിയനുരയിലെ വിശുദ്ധ ജോർജിന്റെ ദൈവാലയ വികാരിയായി നിയമിതനായി. വൈദികമന്ദിരത്തിലെ ഒരു ചെറിയ മുറിയിൽ പന്ത്രണ്ടുയുവാക്കളെ വിളിച്ചുചേർത്ത് 1920 ഒക്ടോബർ 18–ന് ദൈവവിളിക്കായുള്ള സന്ന്യാസസഭയ്ക്ക് രൂപം നൽകി. വൊക്കേഷനിസ്റ്റ് വൈദിക സമൂഹത്തിന്റെ തുടക്കം അവിടെനിന്നായിരുന്നു.

1921 ഒക്ടോബർ 2–ന് 'ഭക്തസംഘം' എന്നറിയപ്പെട്ടിരുന്ന യുവതികളുടെ കൂട്ടായ്മയിലെ ചിലരെ ചേർത്ത് സിസ്റ്റേഴ്സിന്റെ സഭാസമൂഹത്തിന് രൂപം നൽകി. വൊക്കേഷനിസ്റ്റ് സിസ്റ്റേഴ്സിന്റെ സഭാ സമൂഹത്തെ ജസ്റ്റിനച്ചനോടൊപ്പം നയിച്ചത് അദ്ദേഹത്തിന്റെ സ്വസഹോദരിയായിരുന്ന മദർ ജൊവാന്ന റൂസ്സോളില്ലൊ ആയിരുന്നു. 1926 മുതൽ 1969–ൽ മരണപ്പെടുന്നതുവരെ സഭയുടെ സുപ്പീരിയർ ജനറലായി അവർ സേവനമനുഷ്ഠിച്ചു. 1967–ൽ സഭയുടെ സഹസ്ഥാപക എന്ന നാമം നൽകി തിരുസഭ ജൊവാന്നയെ ആദരിച്ചു.

ദൈവവിളിയെ സ്നേഹിക്കുകയും, എന്നാൽ അല്മായരായിരുന്നുകൊണ്ടുതന്നെ വൊക്കേഷനിസ്റ്റ് ആധ്യാത്മികത പിന്തുടരുകയും ചെയ്യുന്ന 'സാർവത്രിക വിശുദ്ധീകരണത്തിന്റെ പ്രേഷിതർ' എന്നറിയപ്പെടുന്ന ഒരു സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടും ജസ്റ്റിനച്ചൻ സ്ഥാപിച്ചു.

www.malankaralibrary.com

# ഫാ. ജസ്റ്റിൻ റുസ്സൊളില്ലൊ വിശുദ്ധപദവിയിൽ

ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർധത്തിലെ ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളും അതു ലോകത്തുടനീളം വിതച്ച വിനാശങ്ങളും ജസ്റ്റിനച്ചന്റെ പ്രവർത്തനങ്ങൾക്കു വിഘാതം സൃഷ്ടിച്ചെങ്കിലും പ്രതിബന്ധങ്ങൾക്കുമീതെ ഉദിച്ചുയരാൻ ത്രിത്വൈക ദൈവത്തിലുള്ള അദ്ദേഹത്തിന്റെ അടിയുറച്ച വിശ്വാസം അദ്ദേഹത്തെ സഹായിച്ചു.

1955 ആഗസ്റ്റ് 2 – ന് ജസ്റ്റിനച്ചൻ ഇഹലോകവാസംവെടിഞ്ഞു. മരണത്തിനുമപ്പുറത്തേക്കു വ്യാപിച്ച ജസ്റ്റിനച്ചന്റെ സജീവസ്മരണയും ഖ്യാതിയും 22 വർഷങ്ങൾക്കുശേഷം 1978 ഏപ്രിൽ 23 – ന് നാമകരണത്തിനായുള്ള നടപടിക്രമം പൊസ്സോളി രൂപതയിൽ ആരംഭിക്കുന്നതിന് കാരണമായി. 1997 ഡിസംബർ 18 – ന് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ ജസ്റ്റിനച്ചനെ 'ധന്യൻ' എന്ന് നാമകരണം ചെയ്തു. അമേരിക്കയിലെ ഈഡ മെലോറയ്ക്കുണ്ടായ അത്ഭുതരോഗസാന്തി ജസ്റ്റിനച്ചന്റെ മാധ്യസ്ഥ്യം മൂലമാണെന്ന് 2010 ജൂലൈ ഒന്നിന് ബനഡിക്ട് 16 – ാമൻ പാപ്പാ അംഗീകരിച്ചു. 2011 മെയ് 7 – ന് ജസ്റ്റിനച്ചൻ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടു.

2020 ഒക്ടോബർ 27 – ന് വിശുദ്ധർക്കുള്ള പൊന്തിഫിക്കൽ തിരുസംഘത്തിന്റെ തലവനായ കർദ്ദിനാൾ മർച്ചെല്ലോ സെമെരാറോയുമായുള്ള കൂടിക്കാഴ്ചയ്ക്കിടെ ഫ്രാൻസിസ് പാപ്പാ 2016 ഏപ്രിൽ 21 – ന് മഡഗാസ്കറിൽനിന്നുള്ള വൊക്കേഷനിസ്റ്റ് സഭാംഗം എമിൽ റുസുലുഫിനുണ്ടായ അത്ഭുതരോഗശാന്തിയെക്കുറിച്ചുള്ള റിപ്പോർട്ടിൽ മുദ്രചാർത്തുകയും അപ്രകാരം ജസ്റ്റിനച്ചന്റെ വിശുദ്ധപദത്തിലേക്കുയർത്തുന്ന പ്രഖ്യാപനത്തിന് വഴിയൊരുക്കുകയും ചെയ്തു. 2022 മെയ് 15 – ന് ഫ്രാൻസിസ് പാപ്പാ അദ്ദേഹത്തെ വിശുദ്ധനായും പ്രഖ്യാപിച്ചു.



വിശുദ്ധ ജസ്റ്റിൻ റുസ്സോളില്ലൊയുടെ ഭൗതികശരീരം

ജസ്റ്റിനച്ചൻ സ്ഥാപിച്ച വൊക്കേഷനിസ്റ്റ് സന്ന്യാസസമൂഹങ്ങൾ 1995 മുതൽ ഇന്ത്യയിൽ പ്രവർത്തിച്ചുവരുന്നു. താലോർ, മുളയം എന്നിവിടങ്ങളിൽ വൈദികരും മണ്ണുത്തി, പുത്തൂർ, പുതുരുത്തി, ചീമേനി (കാസർഗോഡ്), അദിലാബാദ് (തെലങ്കാന) എന്നിവിടങ്ങളിൽ സിസ്റ്റേഴ്സും സേവനം ചെയ്യുന്നു. അഞ്ച് ഭൂഖണ്ഡങ്ങളിലായി 19 രാജ്യങ്ങളിൽ ഇന്ന് വൊക്കേഷനിസ്റ്റ് സന്ന്യാസകുടുംബം ശുശ്രൂഷ ചെയ്തുപോരുന്നു.

## വൊക്കേഷനിസ്റ്റ് എംബ്ലം

വൊക്കേഷനിസ്റ്റ് ആധ്യാത്മികതയും ലക്ഷ്യവും സിദ്ധിയും സംക്ഷിപ്തമായി പ്രതിപാദിക്കുന്നതാണ് എംബ്ലം. പരസ്പരബന്ധിതമായ മൂന്ന് വൃത്തങ്ങൾ ഒരു ത്രികോണത്തിൽ ഉൾച്ചേർന്നിരിക്കുന്നു. മൂന്നു വൃത്തങ്ങളെയും ആവരണം ചെയ്യുന്ന ബൃഹത്തായ മറ്റൊരു വൃത്തം.

മൂന്നു സമവൃത്തങ്ങളെ കോർത്തിണക്കുന്ന ത്രികോണം പരിശുദ്ധത്രിത്വത്തെ പ്രതിനിധാനം ചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈക ദൈവത്തിലെ മൂന്നാളുകളുടെയും പരിശുദ്ധനാമം അതിൽ ആലേഖനം ചെയ്തിരിക്കുന്നു. അതിന്റെ മൂന്നുകോണുകളിലും രണ്ടുവീതവും എംബ്ലത്തിന്റെ ഏറ്റവും താഴെ ഒന്നും ചേർത്ത് ഏഴ് മാലാഖമാരുടെ ചിത്രം, പ്രധാന മാലാഖമാരുടേതാണ്.

തിരുകുടുംബത്തിലെ ഓരോ വ്യക്തിയെയും പ്രതിനിധീകരിച്ചുകൊണ്ടുള്ള പ്രതീകങ്ങൾ കാണാം. കുരിശ്, തിരുഹൃദയം (ഈശോ), നക്ഷത്രം (പരിശുദ്ധമറിയം), ലില്ലിപുഷ്പം (യൗസേപ്പ്). തിരുഹൃദയത്തിനു മുകൾഭാഗത്തായി തിരുവോസ്തി ഉയർന്നുനിൽക്കുന്നു. (ഈശോയുടെ ദിവ്യകാരുണ്യ ഹൃദയം). മൂന്നു വലയങ്ങൾ തിരുസഭയെയും സഭയുടെ മൂന്നു ഭാഗങ്ങളെയും അവയിലെ പ്രവർത്തനത്തെയും പ്രതിനിധാനം ചെയ്യുന്നു. സമരസഭ (ഭൂമിയിലെ സഭ – ജ്ഞാനോദയം), സഹനസഭ (ശുദ്ധീകരണസ്ഥലം – ശുദ്ധീകരണം), വിജയസഭ (സ്വർഗം – ഐക്യം).

വൊക്കേഷനിസ്റ്റുകളുടെ മൂന്ന് കർമമണ്ഡലങ്ങൾ ബാഹ്യവലയത്തിനും ത്രികോണത്തിനും മധ്യേ രേഖപ്പെടുത്തിയിരിക്കുന്നു. ഇടവകകൾ, വിദ്യാലയങ്ങൾ, മിഷനുകൾ, ബാഹ്യവലയം ഭൂഗോളത്തെയും ലോകം മുഴുവനും വിശുദ്ധീകരിക്കാനുള്ള വൊക്കേഷനിസ്റ്റ് സന്ന്യസ്തരുടെ ദൗത്യത്തെയും അനുസ്മരിപ്പിക്കുന്നു.

ഒറ്റവാക്കിൽ പറഞ്ഞാൽ, തിരുസഭയിൽ തിരുകുടുംബത്തോടൊപ്പം പരിശുദ്ധ ത്രിത്വവുമായുള്ള ഐക്യത്തിലേക്കുള്ള നിരന്തരമായ ആരോഹണമാണ് വൊക്കേഷനിസ്റ്റ് ജീവിതം.

*With Prayerful Greetings*

**VOCATIONIST FATHERS**
Father Justin Vocationary
Thalore P.O - 680 306
Ph: 0487- 2355915, 82899 19724
Email: sdvvocation@gmail.com
sdvdelindia@gmail.com

**VOCATIONIST SISTERS**
Our Lady Convent
Rajiv Gandhi Nagar,
Mannuthy 680 651
Ph: 0487- 2370418
Mob: 9495816106, 8590478261
Email: sdvmannuthy@gmail.com

www.malankaralibrary.com

# STELLA MARIS
## INSTITUTE OF MANAGEMENT & TECHNOLOGY
## (SMIMT)

(Affiliated to Calicut University)

**Under the management of**

**Kottapuram Integrated Development Society (KIDS)**

A Venture of Diocese of Kottapuram

KIDS Campus, Kottapuram P.O., Kodungallur, Thrissur Dist., PIN : 680667
web: www.stellamarispoyya.com | e-mail: smimt2021@gmail.com

**ADMISSION OPEN 2022-23**

**B.Com.**
Finance

**B.Sc.**
Aquaculture & Fishery Micro Biology

**B.C.A.**

## KIDS PRIVATE ITI

Courses offered (NCVT) (2 YEARS)

- Electrician
- Draughtsman Civil

Recognized by: I.T.D. Govt. of Kerala | Affiliated to the NCVT, Govt. of India | (DGET - 6/11/32/98-TC)



**7736767639, 6282190095, 9495465350**

www.malankaralibrary.com

# 'അനാഥം' – ഓർമയുടെ അടരുകൾ



റവ. ഡോ. സുനിൽ ജോസ് CMI
*സെന്റ് ജോസഫ്സ് കോളജ്, ദേവഗിരി, കോഴിക്കോട്*

ടി.പി രാജീവന്റെ 'അനാഥം' എന്ന കവിതയുടെ ആസ്വാദനം.
*മാതൃഭൂമി ആഴ്ചപതിപ്പ്, 2022 ജൂലൈ 03*

സാമൂഹികവും വ്യക്തിപരവുമായ ഒറ്റപ്പെടൽ കാലത്തിനുശേഷം കവിതയുടെ സാന്ത്വനശക്തിയിൽ വിശ്വസിക്കുകയും ആശ്വസിക്കുകയും ചെയ്യുന്ന പുതിയ മനുഷ്യരാണ് ടി.പി രാജീവന്റെ പുതിയകാല കവിതകളിൽ നിറയുന്നത്. കവിതയിൽനിന്ന് ഏകാഗ്രതയും ധ്യാനവും നഷ്ടപ്പെടുന്ന പുതിയകാലത്ത് തന്റെതന്നെ പഴയ കാല കവിതകളുടെ അതിർത്തി ലംഘനത്തിന്റെ കവിതക്കാലത്തിൽനിന്നുള്ള വഴിമാറി നടപ്പായി കവി ഇതിനെ കാണുന്നുമുണ്ട്. മലയാള കവിതയുടെ ജീവചരിത്രത്തിൽ പല കാലങ്ങളിൽ ഇടപെട്ട കവിതയാണ് ടി.പി രാജീവന്റേത്. ആഖ്യാനപരമായും പ്രമേയപരമായും ആധുനികതയിൽനിന്ന് ഉത്തരാധുനിക കാലത്തിന്റെ കവിതയിലേക്കുള്ള ദിശാവ്യതിയാനത്തെ സൂക്ഷ്മമായി അടയാളപ്പെടുത്തുന്ന കവിതകൾ രാജീവന്റേതായുണ്ട്. 'രാഷ്ട്രതന്ത്രം' എന്ന കവിത മലയാളകവിതയിൽ ഭാഷാപരമായും ആഖ്യാനപരമായും പുതിയൊരു അനുഭവലോകം ആവിഷ്കരിക്കുകയായിരുന്നു.

വായനക്കാരുടെ ഹൃദയത്തിൽ അതിർത്തികളില്ലാതെ കടന്നു കയറുന്ന കവിതകളാണെന്നതാണ് രാജീവന്റെ രചനയുടെ വൈഭവം. വാതിൽ, കോരിത്തരിച്ചനാൾ, വയൽക്കരെ ഇപ്പോഴില്ലാത്ത, പ്രണയശതകം, വിരുന്ന്, ഭൂതം, കണ്ണകി തുടങ്ങിയ പ്രശസ്ത കവിതകൾ അദ്ദേഹത്തിന്റേതായുണ്ട്. അനേക ഭാഷകളിൽ അവ വിവർത്തനം ചെയ്യപ്പെട്ടിട്ടുമുണ്ട്. ദേശീയവും സാർവദേശീയവുമായ നിരവധി കാവ്യോത്സവങ്ങളിലും സാഹിത്യപരിപാടികളിലും പങ്കെടുത്തിട്ടുണ്ട്. രാജീവൻ നോവലിസ്റ്റും സിനിമാപ്രവർത്തകനുമാണ്.

അംഗീകൃതമായ കാവ്യരചനാരീതിയോടും ആധുനികതയുടെ കാവ്യപാരമ്പര്യത്തോടും കലഹിച്ചുകൊണ്ട് പുതിയ കാവ്യരചനാ തന്ത്രവുമായി വന്ന കവിയാണ് രാജീവൻ. എഴുപതുകളിലെ വിപ്ലവ രാഷ്ട്രീയത്തിന്റെ കാവ്യഭാഷയോടും ഭാവുകത്വത്തോടുമുള്ള വിയോജിപ്പ് അദ്ദേഹത്തിന്റെ കവിതകളിലെല്ലാം കാണാം. ആധുനിക കവിത ഉൾപ്പടെ പാർശ്വവല്ക്കരിച്ചിരുന്ന എല്ലാ വിഭാഗങ്ങളും അപരിചിതാനുഭവങ്ങളും പുതുകവിതയിലെ നിത്യസാന്നിധ്യമാകുന്നതിൽ രാജീവന്റെ കവിതകളുടെ പങ്ക് വളരെ വലുതാണ്.

കവിതയിലൂടെ മാത്രം ആവിഷ്കരിക്കാവുന്ന

www.malankaralibrary.com



നിശബ്ദതകളെയും കവിതയില്ലെങ്കിൽ വേണ്ടവിധം പ്രത്യക്ഷപ്പെടാനാവാത്ത ചില മൂകതകളെയും പുതിയ കവിത ആവിഷ്കരിക്കുന്നുണ്ട്. 'മനുഷ്യൻ തന്റെ അപൂർണതയെ ഭാഷയിൽ പരിഹരിക്കുന്ന ഒരിടമാണ് കവിത' എന്നും 'മനുഷ്യനെ പ്രബുദ്ധനാക്കുന്ന വാക്യമാണ് കവിത' എന്നുമൊക്കെയുള്ള പുതുകാല കവിതാനിർവചനങ്ങൾ സമകാല കവിതയുടെ അധിക സാധ്യതകളിലേക്കുകൂടി വിരൽ ചൂണ്ടുന്നുണ്ട്.


'ഒരിടത്തും ഒരിക്കലും ഓർമയെ കൊണ്ടുപോകരുത്' എന്നാരംഭിക്കുന്ന 'അനാഥം' എന്ന കവിത ഓർമ നഷ്ടപ്പെട്ട (നഷ്ടപ്പെടുത്തിയ) ഒരു സമൂഹത്തിന്റെ കൈമലർത്തലിലാണ് അവസാനിക്കുന്നത്. "അച്ഛനമ്മമാർ മരിച്ചോ, ഉപേക്ഷിച്ചോ അച്ചടക്കമോ അനുസരണയോയില്ലാതെ തോന്നിയപോലെ വളർന്ന ഒരു തെറിച്ച കുട്ടി"യായാണ് കവിതയിൽ 'ഓർമ'യെ നാം പരിചയപ്പെടുന്നത്. പെരുമാറ്റ മര്യാദകളോ, മാന്യതകളോ അതിനില്ല. കരയേണ്ടിടത്ത് ചിരിയും ചിരിക്കേണ്ടിടത്ത് കരഞ്ഞും മാനിക്കേണ്ടവരെ നിന്ദിച്ചും നിന്ദിക്കേണ്ടവരെ ആദരിച്ചും മൗനത്തിന്റെ ഇടങ്ങളിൽ ഒച്ചവച്ചും ബഹളം വയ്ക്കേണ്ടിടത്ത് നിശബ്ദമായും സ്നേഹിക്കേണ്ടവരോട് ക്ഷോഭിച്ചും ദേഷ്യപ്പെടുന്നവരോട് പ്രിയം കൂടിയും 'ഓർമ' സമൂഹമര്യാദയുടെ എതിർവഴിയിലാണ് യാത്ര ചെയ്യുന്നത്. അതിനെ കൂടെ കൂട്ടിയാൽ 'പറയാത്തവാക്കിന്' മറുപടി പറയേണ്ടിവരും. 'ചെയ്യാത്ത തെറ്റിന് കുറ്റക്കാരനാകും' എന്ന് കവിത കാര്യകാരണ സഹിതം നമുക്ക് മുന്നറിയിപ്പ് നൽകുന്നു.

*'നിങ്ങളുടെകൂടെ വരുന്ന ഓർമ*
*നിങ്ങളുടേത് മാത്രമാണെന്ന് കരുതേണ്ട'* എന്ന വാക്യത്തിലെത്തുമ്പോൾ ഓർമകളുടെ ജൈവികവും സാമൂഹികവുമായ വേരുകളിലേക്ക് കവിത സഞ്ചരിക്കുന്നു. ദേശത്തിന്റെയും സംസ്കാരത്തിന്റെയും അടരുകൾക്കുള്ളിലാണ് കവിത സംഭവിക്കുന്നത്. ഓർമ ആയുധമായും അധികാരമായും ചെറുത്തുനിൽപ്പായും തിരിച്ചറിവായും മാറുന്ന അനേകാനുഭവങ്ങളിലേക്ക് കവിതയുടെ അർഥതലം വികസിക്കുന്നു. കേവലമൊരു മനുഷ്യന്റെ നഷ്ടമാകുന്ന 'ഓർമ'യിൽനിന്ന് സമൂഹത്തിന്റെ സജീവമായ 'മറവി'യിലേക്ക് അത് വായനക്കാരെ നയിക്കുന്നു. തിരികെ വീടെത്തുമ്പോൾ നിങ്ങളുടേതെന്ന് മാത്രം കരുതിയ 'ഓർമ'യുമായി 'ഒരാൾകൂട്ടം' കാത്തുനിൽക്കുന്നു. അത് ക്രിസ്തുവിനെ പത്രോസെന്നപോലെ 'ഇയാളെ ഞങ്ങൾക്കറിയില്ല' എന്ന് കൈമലർത്തുന്നിടത്ത് പലതരം വായനാസാധ്യതകളും അടരടയാളങ്ങളും ശേഷിപ്പിച്ചുകൊണ്ട് കവിത അവസാനിക്കുന്നു.

കവിതയിലെ 'ഓർമ'യ്ക്കു മാത്രമല്ല കവിതയ്ക്കും ഈ സാമൂഹികതലമുണ്ട്. എല്ലാവർക്കും അവകാശപ്പെട്ട വാക്കുകൾ ഉപയോഗിച്ചാണ് ഓരോ കവിയും കവിതയെഴുതുന്നത്. അനേകമനേകം തലമുറകളിലെ മനുഷ്യർ സൃഷ്ടിച്ചെടുത്ത വാക്കുകൾ. കവിയുടെ വികാരങ്ങൾക്കും അനുഭൂതികൾക്കുമെല്ലാം സമൂഹവുമായി ബന്ധമുണ്ട്. രചന പൂർത്തിയായിക്കഴിഞ്ഞ് കവി ലോകത്തിനു നൽകുന്ന ഓരോ കവിതയെയും ഓരോ കവിതയുടെ ഓരോ സവിശേഷഗുണത്തെയും സാമൂഹ്യാനുഭവങ്ങളുമായി, ആ അനുഭവങ്ങളുടെ പരിസരങ്ങളിൽ സജീവശേഷി നിലനിൽക്കുന്ന ആശയങ്ങളുമായി ബന്ധപ്പെടുത്തിത്തന്നെയാണ് പരിശോധിക്കേണ്ടത്. അത്തരത്തിലുള്ള പരിശോധനയിൽ തുടങ്ങുന്ന വായനയാണ് കവിതയെ ഉന്നതമൂല്യമുള്ള ഒരു സാംസ്കാരികാനുഭവമാക്കി മാറ്റുന്നത്. ■

# പന്ത്രണ്ട്
TWELVE

ലിയോ തദേവൂസ് തിരക്കഥയും സംവിധാനവും നിർവഹിച്ചിരിക്കുന്ന 'പന്ത്രണ്ട്' ആണ് ഈ ലക്കം വെളിച്ചം വിതറുന്ന ചിത്രമായി പരിചിതമാക്കുന്നത്. ഷൈൻ ടോം ചാക്കോ, വിനായകൻ, ദേവ് മോഹൻ, ലാൽ, ശ്വേത വിനോദ് തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.



റവ. ഡോ. ബെന്നി ബനഡിക്റ്റ് CMI
*ഡയറക്ടർ, ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ*

ക്രിസ്തുവിന്റെ സുവിശേഷത്തെ നമ്മുടെ അനുദിന ജീവിതസാഹചര്യങ്ങളിൽ നിന്ന് അടർത്തി മാറ്റാതെ, മനുഷ്യജീവിതത്തിന്റെ കുതിപ്പുകളും കിതപ്പുകളും ഇടകലർത്തി വിശ്വാസപരീക്ഷണങ്ങളുടെ കഥയായി അവതരിപ്പിച്ചാൽ എന്തായിരിക്കും പരിണിതഫലം? 'പന്ത്രണ്ട്' എന്ന സിനിമ ശ്രമിക്കുന്നതും വലിയൊരളവുവരെ വിജയിക്കുന്നതും സുവിശേഷത്തെ മലയാളമണ്ണിൽ, വളരെ സാധാരണ മനുഷ്യരുടെ ജീവിതത്തിലേക്ക് പരിഭാഷ ചെയ്യുന്ന പരീക്ഷണത്തിലാണ്.

കൊച്ചി കടപ്പുറത്തെ ഒരുകൂട്ടം മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിലേക്ക് യേശു കടന്നു വരുന്നു; അവരുടെ ജീവിതങ്ങളെ മാറ്റി മറിക്കുന്നു. പക്ഷെ, ചുരുക്കം ചിലർമാത്രം, എപ്പോഴും ആർക്കും കടന്നുവരാനായി തുറന്നിട്ടിരിക്കുന്ന സ്വർഗരാജ്യത്തിന്റെ വാതിലിലൂടെ അകത്തേക്കല്ല, പുറത്തേക്കു പോകുന്നു. പുറത്തു, സത്യത്തെയും നീതിയെയും വെള്ളിക്കാശിനുവേണ്ടി ഒറ്റുകൊടുത്തുകൊണ്ട് അവർ പിലാത്തോസുമാരോടും ഹെറോദോസുമാരോടും കക്ഷിചേരുന്നു.

ഈ കഥയിലെ യേശുവിനും പന്ത്രണ്ടു ശിഷ്യന്മാർക്കും ബൈബിൾ സിനിമകളിലോ നാടകങ്ങളിലോ നമ്മൾ കണ്ടുപരിചയിച്ച വേഷവിധാനങ്ങളോ ചുറ്റുവട്ടങ്ങളോ ഇല്ല. പരുക്കൻ ജീവിതം നയിച്ചുകൊണ്ടിരുന്ന പന്ത്രണ്ടുപേരുടെ സംഘത്തിലേക്കു അപ്രതീക്ഷിതമായി, എവിടെനിന്നോ എന്നമട്ടിൽ കടന്നുവരുന്ന ഇമ്മാനുവേൽ (ദേവ്മോഹൻ) എന്ന ചെറുപ്പക്കാരനാണ് ഈ ചിത്രത്തിലെ യേശുസാന്നിധ്യം. അയാളുടെ നോട്ടത്തിലും പെരുമാറ്റത്തിലും ഒരു വശ്യസൗന്ദര്യമുണ്ട്, രഹസ്യാത്മകതയുണ്ട്. അയാളിൽ നിന്ന് അതീതമായൊരു ശക്തി പ്രസരിക്കുന്നതായി പലരും തിരിച്ചറിയുന്നുണ്ട്. ഇമ്മാനുവേലിന്റെ നോട്ടം ഒന്നാണെങ്കിലും നോട്ടം ഏൽക്കുന്നവന് അത് വ്യത്യസ്തവും വ്യക്തിപരവും ആണ്. കൊടുങ്കാറ്റിനിടയിൽ ബോട്ടിലെ സ്രാങ്കിനെ അവൻ നോക്കുമ്പോൾ അയാളുടെ അഹങ്കാരം ശമിക്കുന്നു. അന്ത്രോയെ നോക്കുമ്പോൾ അയാളുടെ കായശക്തി മനഃശക്തിയായിമാറുന്നു. വേശ്യയായവളെ നോക്കുമ്പോൾ അവൾ അനുഭവിക്കുന്ന കരുണ സാത്താന്റെ പ്രതിരൂപങ്ങളെ നോക്കുമ്പോൾ അവൾക്കു തോന്നുന്നില്ല.

അന്ത്രോ(വിനായകൻ), പത്രോ(ഷൈൻടോം) എന്നീ സഹോദരന്മാരിലാണ് ഇമ്മാനുവേലിന്റെ നോട്ടം ആഴത്തിൽ പതിയുന്നത്. അന്ത്രോയും പത്രോയും നേതൃത്വം നൽകുന്ന ക്വട്ടേഷൻ സംഘമാണ് 'പന്ത്രണ്ട്'. അവരുടെ തൊഴിൽ മീൻപിടിക്കലാണെങ്കിലും, അവരെകൊണ്ട് ആ പണി ചെയ്യിക്കാ

www.malankaralibrary.com

നല്ല ഇവരെ ഗുണ്ടാസംഘമായി നിലനിർത്തുന്ന പിലിപ്പോസിന്റെയും (ലാൽ) അയാളുടെ രാഷ്ട്രീയ പിണിയാളന്മാരുടെയും ലക്ഷ്യം.

ഇമ്മാനുവേൽ ആരായിരുന്നു, അവൻ എങ്ങനെ വധിക്കപ്പെട്ടു എന്നന്വേഷിക്കുന്ന പൊലീസുദ്യോഗസ്ഥന്റെ ചോദ്യംചെയ്യലിന്റെ ഭാഗങ്ങളായാണ് ഈ സിനിമയുടെ തിരക്കഥ ചുരുളഴിയുന്നത്. ഇതൊരു കഥ എന്നതിനെക്കാൾ സംവിധായകൻ ലക്ഷ്യംവയ്ക്കുന്നത് ആരാണ് ഇമ്മാനുവേൽ, ആരാണോ യേശുക്രിസ്തു എന്ന് നമ്മൾ ഓരോരുത്തരും ജീവിതത്തിൽ നടത്തേണ്ട അന്വേഷണത്തിലേക്കു നമ്മെ നയിക്കുക എന്നതാണ്. അന്വേഷിക്കുന്നവർ ഇമ്മാനുവേലിന്റെ പുഞ്ചിരിയിൽ ആകൃഷ്ടരാകുന്നു; അവനെ അന്വേഷിക്കാതെ, അവഗണിക്കാൻ ശ്രമിക്കുന്ന അന്ത്രോ, പത്രോ എന്നിവർക്കും ഇമ്മാനുവേലിന്റെ നോട്ടം ഒഴിവാക്കാനാവുന്നില്ല. മൂന്നുവർഷത്തെ ജയിൽവാസത്തിനുശേഷം അന്ത്രോ കടപ്പുറത്തു പഴയ താവളത്തിൽ മടങ്ങി എത്തുമ്പോൾ അയാളുടെയും സംഘത്തിന്റെയും പിലിപ്പോസിന്റെയും കൂട്ടരുടെയും വിചാരം ഇനി വീണ്ടും കാര്യങ്ങൾ പഴയതുപോലെ അവർ പദ്ധതിയിടുന്നതുപോലെ നടക്കും എന്നാണ്. അവരുടെ ആദ്യ പദ്ധതിയനുസരിച്ചു അന്ത്രോയും സംഘവും നടത്തിയ വെട്ടുംകൊലയും കഴിഞ്ഞു അവരുടെ 'ട്രേഡ്മാർക്ക്' ടെമ്പോ വാനിൽ മടങ്ങുമ്പോൾ അപ്രതീക്ഷിതമായി വണ്ടിയിൽ ഇമ്മാനുവേൽ കയറിയിരുന്നു അവരോടൊപ്പം യാത്ര ചെയ്യുന്നത് അവരുടെ ശ്രദ്ധയിൽപ്പെടുന്നു. അവരുടെ നേതാവ് അന്ത്രോ ഇമ്മാനുവേലിനെ വണ്ടിയിൽനിന്ന് അധിക്ഷേപിച്ചു ഇറക്കിവിടുന്നുണ്ടെങ്കിലും അയാൾ ഇറങ്ങിപോകാൻ വന്നയാളായിരുന്നില്ല. ഈ പാവം മനുഷ്യരെ എന്നും ഗുണ്ടാസംഘമായി നിലനിർത്തേണ്ടത് രാഷ്ട്രീയകച്ചവടക്കാരുടെ ആവശ്യമാണെങ്കിൽ ഇമ്മാനുവേലിന്റെ പദ്ധതി ഈ അടിപിടിക്കാരുടെ ഹൃദയങ്ങളിൽ ഒളിഞ്ഞിരിപ്പുള്ള ദൈവരാജ്യത്തിന്റെ രത്നങ്ങളെ മുങ്ങിത്തപ്പിയെടുക്കാനായിരുന്നു. അവരുടെ സംഘം ക്വട്ടേഷൻ എടുത്തു കൊന്നുകളഞ്ഞ ലാസർ, ഇമ്മാനുവേലിന്റെ ഇടപെടലിലൂടെ വീണ്ടും ജീവിതത്തിലേക്കു തിരിച്ചുവന്ന അത്ഭുതം അംഗീകരിക്കാനാകാതെ ഇമ്മാനുവേലുമായി അന്ത്രോ ശണ്ഠപിടിക്കുന്ന നിമിഷത്തിലാണ് അയാളുടെ ജീവിതത്തിലേക്ക് ദൈവനിവേശനം കടന്നുവരുന്നത്. അടിക്കാൻ വരുന്നവനെ അടിച്ചു തോൽപ്പിക്കുകയല്ല യേശുവിന്റെ മാർഗം. അടിക്കുന്നവൻ ക്ഷീണിച്ചുതളരുംവരെ അടിക്കുന്നവന്റെ മനോവീര്യം ഇല്ലാതായിത്തീരുന്ന അനുഭവം നമ്മൾ അന്ത്രോയുടെ കീഴടങ്ങലിൽനിന്ന് തിരിച്ചറിയുന്നു. ക്വട്ടേഷൻ ഏറ്റെടുത്തു ഗുണ്ടാസംഘം എതിരാളികളെ അടിച്ചു നിലംപരിശാക്കുന്ന രംഗങ്ങളിൽ പത്രോയുടെ സ്വതസിദ്ധമായ കൊലച്ചിരിയും 'പാട്ടുംപാടി'യുള്ള അടിപിടിയും സംവിധായകനും ആക്ഷൻ ഡയറക്ടറും ചിത്രീകരിച്ചിരിക്കുന്നത് പുതുമ തോന്നുന്ന ആക്ഷൻ ചിത്രീകരണരീതിയാണ് എന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. പക്ഷെ ഈ കൊലച്ചിരിയും അടിപിടിയുടെ കോറിയോഗ്രഫിയും ഒന്നുമല്ലാതാവും



www.malankaralibrary.com

അടിക്കാൻ വരുന്നവനെ നിറഞ്ഞപുഞ്ചിരിയോടെ തന്നെ തടുത്തു തോൽപ്പിക്കുന്ന ഇമ്മാനുവേലിന്റെ ആക്ഷൻ സീനുകൾ കണ്ടാൽ. വളരെ താഴെക്കിട യിൽ കിടക്കുന്നു എന്ന് തോന്നിക്കുന്ന മനുഷ്യരുടെ ജീവിതത്തിലൂടെ സുവിശേഷങ്ങൾക്കു പുത്തൻ വ്യാഖ്യാനവും അവതരണവും നൽകുന്നു എന്നത് മാത്രമല്ല 'പന്ത്രണ്ടി'ന്റെ വൈശിഷ്ട്യം. അവതരണത്തിനായി തിരഞ്ഞെടുത്ത പശ്ചാത്തലത്തെ, പ്രത്യേകിച്ച് കടലിനെയും കടപ്പുറത്തെയും എത്ര കരുതലോടെ ഒരു കഥാപാത്രത്തിന്റെ അദൃശ്യസാന്നിധ്യംപോലെ അവതരിപ്പിച്ചിരിക്കുന്നു എന്നത് ചേതോഹരംതന്നെ.

ആർത്തലയ്ക്കുന്ന കടലിന്റെ ഭീതിയുണർത്തുന്ന രൂപവും ഇമ്മാനുവേലിന്റെ ഇടപെടലിലൂടെ ശാന്തമാവുന്ന കടലിന്റെ സ്വച്ഛതയും സ്വരൂപ് ശോഭാശങ്കറിന്റെ കാമറ നമ്മുടെ മുൻപിൽ രണ്ടു പെയിന്റിങ്ങുകൾ പോലെ വയ്ക്കുന്നു. നമുക്ക് തിരഞ്ഞെടുക്കാം. സാങ്കേതിക വിദ്യകളെ അമിതമായി ആശ്രയിക്കാതെ തന്നെ ഇങ്ങനെയൊരു ദൃശ്യാനുഭവം സമ്മാനിച്ചതിനു സംവിധായകനും ഛായാഗ്രഹകനും ഏറെ അഭിനന്ദനമർഹിക്കുന്നു. സ്ത്രീകഥാപാത്രങ്ങളായി എത്തുന്ന ശ്രിന്ദ, ശ്വേത വിനോദ് തുടങ്ങിയവരും പന്ത്രണ്ടുപേരെ അവതരിപ്പിക്കുന്ന അഭിനേതാക്കളും ദേവ്മോഹന്റെ ഇമ്മാനുവേലുമൊക്കെ സ്ക്രീനിൽ ശോഭയോടെ തെളിഞ്ഞു നിൽക്കുന്നുണ്ട്. അൽഫോൻസ് ജോസഫിന്റെ സംഗീതസംവിധാനം കൊള്ളാം. പക്ഷെ, ഇങ്ങനെ വ്യത്യസ്ത പശ്ചാത്തലത്തിലുള്ള സിനിമയുടെയും കഥയുടെയും ഉള്ളിലേക്ക് ഇറങ്ങിച്ചെല്ലാൻ സാധാരണ പ്രേക്ഷകർ അല്പം ക്ലേശിക്കും എന്ന് മനസ്സിലാക്കിക്കൊണ്ട് ചിത്രത്തിന്റെ ആരംഭഗാനം മലയാളത്തിൽതന്നെ വേണ്ടിയിരുന്നു. എന്തിനാണ് വെറുതെ പ്രേക്ഷകർക്കും സിനിമക്കും ഇടയിൽ അകലം സൃഷ്ടിക്കുന്നത്? ഈ സിനിമയ്ക്കു രാജ്യാന്തരതലത്തിൽ കലയുടെ മർമവും സുവിശേഷാധിഷ്ഠിതമായ ഈ പരീക്ഷണാത്മക പ്രമേയത്തിന്റെ കാതലും തൊട്ടറിയാൻ കഴിവുള്ള പ്രേക്ഷകർ ഉണ്ടാകും എന്നുറപ്പുണ്ട്. മലയാളത്തിൽ അപൂർവമായി കടന്നുവരുന്ന ഇത്തരം പരീക്ഷണങ്ങൾക്കു ക്രൈസ്തവ സഭാസമൂഹങ്ങൾക്കിടയിൽപോലും കിട്ടുന്ന പിന്തുണയും പ്രോത്സാഹനവും നിരാശാജനകമാണ്, ഇപ്പോഴും. ■

## അനുമോദനങ്ങൾ

ഐവറി സുകുമാർ അഴീക്കോട് പ്രഥമ പുരസ്കാര ജേതാവ് തൃശൂർ ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറും ചലച്ചിത്ര നിരൂപകനുമായ **റവ. ഡോ. ബെന്നി ബനഡിക്ടി**ന് കാരുണികന്റെ അനുമോദനങ്ങൾ.

## കെ.സി.ബി.സി മാധ്യമ അവാർഡ് ജേതാക്കൾക്ക് ആദരം

**കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ കീഴിൽ മാധ്യമകമ്മീഷൻ ഏർപ്പെടുത്തിയിട്ടുള്ള മാധ്യമ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കലാസാംസ്കാരിക മേഖലകളിൽ മികച്ച സംഭാവനകൾവഴി പ്രതിഭയും മികവും തെളിയിക്കുന്ന വ്യക്തികൾക്കാണ് വർഷംതോറും മാധ്യമ അവാർഡുകൾ നൽകി ആദരിക്കുന്നത്. ചലച്ചിത്ര അഭിനേതാവും സംവിധായകനുമായ ദിലീഷ് പോത്തൻ (മാധ്യമം), കഥാകൃത്ത് അബിൻ ജോസഫ് (സാഹിത്യം), ചലച്ചിത്രനടി അന്ന ബെൻ (യുവപ്രതിഭ), കേരള സർവകലാശാല മുൻ പ്രോവൈസ് ചാൻസലർ ഡോ. എസ്. കെവിൻ (ദാർശനിക-വൈജ്ഞാനികം), ഡോ. എം.വി തോമസ്, എം.വി വർഗീസ്, ജോയ് തോട്ടാൻ (ഗുരുപൂജ) എന്നിവരാണ് ഈ വർഷത്തെ അവാർഡുജേതാക്കൾ.**


**ദിലീഷ് പോത്തൻ**


**അബിൻ ജോസഫ്**


**അന്ന ബെൻ**


**ഡോ. എസ്. കെവിൻ**


**ഡോ. എം.വി തോമസ്**


**എം.വി വർഗീസ്**


**ജോയ് തോട്ടാൻ**

www.malankaralibrary.com

# ക്രിസ്തുവിനെ കാണിച്ചുകൊടുക്കുന്ന അടയാളമാവുക

ഷംഷാബാദ്
രൂപതാമെത്രാൻ
**മാർ റാഫേൽ തട്ടിലുമായി**
കാരുണികനുവേണ്ടി
ഫാ. എബി നെടുങ്കളം MCBS
നടത്തിയ അഭിമുഖം.



■ **ഒരു ഇടവകവികാരിയിൽനിന്നും രൂപതയുടെ ഇടയനിലേക്കുള്ള യാത്രക്കിടയിൽ കടന്നുപോയ പ്രവർത്തന മേഖലകൾ വിവരിക്കാമോ?**

തൃശൂർ പട്ടണത്തിലെ ബസിലിക്ക ഇടവകക്കാരനായ ഞാൻ 1980 ഡിസംബർ 21- ന് മാർ ജോസഫ് കുണ്ടുകുളത്തിൽനിന്നാണ് തൃശൂർ രൂപതയുടെ ഒരു വൈദികനായി പൗരോഹിത്യം സ്വീകരിക്കുന്നത്. പട്ടം കിട്ടി ആദ്യ വർഷം തൃശൂർ അരണാട്ടുകര ഇടവകപള്ളിയിൽ കൊച്ചച്ചനായാണ് അജപാലന ശുശ്രൂഷയാരംഭിക്കുന്നത്. എന്റെ ആദ്യ വികാരിയിൽനിന്നു ഹൃദിസ്ഥമാക്കിയവയാണ് എന്റെ പൗരോഹിത്യജീവിതത്തെയും ഇന്നോളം ഞാനെത്തി നിൽക്കുന്ന എല്ലാ പദവികളെയും രൂപപ്പെടുത്തിയത്. ഒരു വർഷത്തിനുശേഷം തൃശൂർ രൂപതയുടെ തോപ്പ് മൈനർ സെമിനാരിയുടെ പ്രീഫെക്ടായി ഞാൻ നിയമിക്കപ്പെട്ടു. 1983-ൽ റോമിലെ ഓറിയന്റൽ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സഭാനിയമത്തിൽ ഉന്നതപഠനത്തിനായി ചേരുകയും ലൈസൻഷിയേറ്റും ഡോക്ടറേറ്റും കരസ്ഥമാക്കുകയും ചെയ്തു. 1988-ൽ മാതൃരൂപതയിലേക്ക് തിരിച്ചെത്തി തൃശൂർ രൂപതയുടെ വൈസ്ചാൻസലർ പദവി ഏറ്റെടുത്തു. രൂപതയുടെ മതബോധന ഡയറക്ടർ, ചാൻസലർ, ജുഡീഷ്യൽ വികാർ എന്നീ സ്ഥാനങ്ങളിലും സേവനമനുഷ്ഠിക്കാൻ ഭാഗ്യമുണ്ടായിട്ടുണ്ട്.

ഒരു ദശാബ്ദക്കാലം ജോസഫ് കുണ്ടുകുളം പിതാ

www.malankaralibrary.com

വുമായി ഒരുമിച്ച് കർമനിരതനാകാൻ കഴിഞ്ഞു എന്നത് എന്നെ സംബന്ധിച്ച് വലിയൊരു ഭാഗ്യമാണ്. കാരണം, രണ്ടുവയസ്സുള്ളപ്പോൾ എന്റെ പിതാവ് മരിച്ചതിനുശേഷം പിന്നീട് പിതൃതുല്യമായ എല്ലാ സ്നേഹലാളനകളും അനുഭവിച്ചത് പാവങ്ങളുടെ പിതാവ് എന്നറിയപ്പെട്ടിരുന്ന കുണ്ടുകുളം പിതാവിൽ നിന്നായിരുന്നു. ഒരുപാട് കഴിവുകളൊന്നും എനിക്ക് ഉണ്ടായിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എങ്കിലും എല്ലാവരോടും സ്നേഹമായും സൗഹൃദമായുമൊക്കെ പെരുമാറുന്ന സ്വഭാവമായിരുന്നു എന്റേത്. അതുകൊണ്ടുതന്നെ എനിക്ക് ശത്രുക്കളുണ്ടായിരുന്നില്ല. ഏതെങ്കിലും പള്ളികളിൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ അവ പരിഹരിക്കാനുള്ള ഒരു മധ്യസ്ഥന്റെ റോൾ എനിക്ക് ലഭിക്കുക പതിവായിരുന്നു. ദൈവാനുഗ്രഹത്താൽ അവയൊക്കെ ശാന്തമായ് പരിഹരിക്കാൻ സാധിച്ചിട്ടുമുണ്ട്.

കുണ്ടുകുളം പിതാവിനുശേഷം തൃശൂർ രൂപതയുടെ മെത്രാനായിരുന്ന മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ കാലഘട്ടത്തിൽ 1998-ലാണ് മുളയത്ത് തൃശൂർ രൂപതയുടെ മേജർ സെമിനാരിയെക്കുറിച്ചുള്ള ആലോചനകൾ ആരംഭിക്കുന്നത്. സെമിനാരിക്കുവേണ്ടി സ്ഥലം കണ്ടെത്തിയത് തുടങ്ങി ആദ്യ ബാച്ച് പൗരോഹിത്യം സ്വീകരിച്ച് പുറത്തിറങ്ങിയതുവരെയുള്ള കുറെ വർഷങ്ങൾ സെമിനാരിയുടെ റെക്ടറായി സേവനം ചെയ്തു.

രൂപതയുടെ വികാരി ജനറലായിട്ടായിരുന്നു തുടർന്നുള്ള നിയമനം. ഒരിടവക വികാരിയിൽ നിന്നും രൂപതാമെത്രാനിലേക്കുള്ള വളർച്ച എന്നുപറയുമ്പോൾ അതിൽ കാര്യമായ വ്യത്യാസങ്ങൾ കണ്ടെത്താനായിട്ട് സാധിക്കുന്നില്ല. കാരണം, വികാരി ഇടവകയുടെ പിതാവാണെങ്കിൽ മെത്രാൻ രൂപതയുടെ പിതാവാണെന്നുമാത്രം. ഹൃദയത്തിന്റെ വലുപ്പം കുറച്ചുകൂടി കൂടി എന്ന് വേണമെങ്കിൽ പറയാം. പണ്ട് ഞാൻ ഒരു കൊച്ചുസമൂഹത്തിന്റെ ആളായിരുന്നെങ്കിൽ മെത്രാനായപ്പോൾ വലിയൊരു സമൂഹത്തിനു അപ്പനെപ്പോലെയായ്.

## ■ ജനഹൃദയങ്ങളിൽ ഇടംപിടിച്ച ഒരജപാലകൻ, വൈദികാർഥികളുടെ ഇഷ്ടം നേടിയ സെമിനാരി റെക്ടർ എന്നീ അവസ്ഥകളിൽ നിന്നും ഒരു രൂപതയുടെ മെത്രാനായ് നിയമിതനായപ്പോൾ ഉണ്ടായ മാറ്റം?

ജനഹൃദയങ്ങളിൽ ഇടംപിടിച്ച ഒരു അജപാലകൻ എന്നുപറയുമ്പോൾ ഞാൻ മേൽസൂചിപ്പിച്ചതനുസരിച്ച് ഒരിടവകയിൽ ഒരുവർഷം കൊച്ചച്ചനായി സേവനമനുഷ്ഠിച്ച അനുഭവപാരമ്പര്യം മാത്രമാണ് എനിക്കുള്ളത്. എന്നിരുന്നാലും ഞാൻ വികാരി ജനറൽ ആയിരിക്കുമ്പോൾപോലും ഇടവകകളിൽ ബഹുമാനപ്പെട്ട വികാരിമാർക്ക് എന്തെങ്കിലും ആവശ്യത്തിന് അല്ലെങ്കിൽ അസുഖമായിട്ട് മാറിനിൽക്കേണ്ടി വരുമ്പോൾ ആ ഇടവകയുടെ താൽക്കാലിക ഭരണചുമതല ഏറ്റെടുക്കുന്നതിൽ അതീവസന്തോഷവാനായിരുന്നു. അജപാലനശുശ്രൂഷ അത്രയേറെ ഇഷ്ടപ്പെടുകയും അതിനെ ആസ്വദിക്കുകയും ചെയ്ത ഒരു വൈദികനായിരുന്നു ഞാൻ. അതുകൊണ്ടാകാം ജനഹൃദയങ്ങളിൽ ഇന്നും എനിക്കൊരിടമുള്ളത്

തൃശൂർ രൂപതാ മേജർ സെമിനാരിയുടെ പ്രഥമ റെക്ടറായിരുന്ന എനിക്ക് ഒത്തിരിയേറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടതായി വന്നിട്ടുണ്ട്. പക്ഷേ ദൈവം എന്നെ ഈ നിയോഗത്തിലൂടെ വളർത്തുകയായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കി . സാധാരണ മേജർ സെമിനാരികളിൽനിന്നും വ്യത്യസ്തമായി തൃശൂർ രൂപതയുടെ മേരിമാതാ മേജർ സെമിനാരിയിൽ പരിശീലനങ്ങളും മറ്റുകാര്യങ്ങളും ഭംഗിയായി നടക്കണമെന്ന് അദമ്യമായി ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്ത വ്യക്തിയാണു ഞാൻ. സ്ത്രൈണഭാവമുള്ള ഒരു പൗരോഹിത്യത്തെക്കുറിച്ച് ചിന്തിക്കാനാണ് ഞാൻ ആഗ്രഹിച്ചത്. നമ്മുടെ അച്ചന്മാർ മേധാവിത്വം കാണിക്കുന്ന ശൈലി ഉപേക്ഷിക്കണം. കുറേക്കൂടി ഒരമ്മത്വം കാണിക്കുന്ന, അമ്മയെപ്പോലെ പെരുമാറുന്ന ഒരു വൈദിക തലമുറയെ വാർത്തെടുക്കാനാണ് ഞാൻ ആഗ്രഹിച്ചത്. അതുകൊണ്ട് സെമിനാരിയുടെ ആരംഭകാലഘട്ടം മുതൽ എല്ലാവർഷവും ഫാമിലി ഗാതറിങ്ങിന് പ്രാധാന്യം നൽകിയിരുന്നു. അതുപോലെ സെമിനാരി വിദ്യാർഥികളുടെ ഭവനസന്ദർശനത്തിലും അവരെ അജപാലന ശുശ്രൂഷകളിൽ കർമനിരതരാക്കുന്നതിലും ശ്രദ്ധ ചെലുത്തിയിരുന്നു. ഒരു വൈദികൻ തലകൊണ്ടുമാത്രം കാര്യങ്ങൾ നടത്തുന്നവനായിരിക്കരുത്. ഹൃദയം കൊണ്ടുകൂടെ കാര്യങ്ങൾ നടത്തുന്നവനായിരിക്കണം. അത്തരത്തിലുള്ള ഒരു പരിശീലനത്തിനാണ് ഞാൻ ശ്രമിച്ചിട്ടുള്ളത്. ഞാൻ റെക്ടറായിരുന്ന കാലഘട്ടത്തിൽ മാതൃഭാവങ്ങൾ വച്ചുപുലർത്തുന്ന ഒരു റെക്ടറായിരിക്കാനാണ് ശ്രമിച്ചത്. അജപാലനരംഗത്തിരുന്നപ്പോഴും റെക്ടർ സ്ഥാനത്ത് ഇരുന്നപ്പോഴും ഉണ്ടായിരുന്ന സ്വഭാവഗുണങ്ങളൊക്കെ പിന്നീട് മെത്രാനായപ്പോഴും എനിക്ക് ഗുണപ്പെട്ടിട്ടുണ്ട്.

www.malankaralibrary.com

■ **മെത്രാനായുള്ള ഉയർച്ച എന്തെങ്കിലും പരിമിതികൾ ഉണ്ടാക്കിയതായി തോന്നിയിട്ടുണ്ടോ?**

ഒരു വൈദികനെന്ന നിലയിൽ നിന്നും മെത്രാനെന്ന നിലയിലേക്കുള്ള മാറ്റം എന്റെ ജീവിതത്തിൽ പരിമിതികൾ ഉണ്ടാക്കിയിട്ടുണ്ടോ എന്നുചോദിച്ചാൽ പരിമിതികൾ ഉണ്ടാക്കിയിട്ടുണ്ട്. അതിനെ അതിജീവിക്കാൻ ശ്രമിച്ചിട്ടുണ്ട്. ജനങ്ങളുമായുള്ള ബന്ധം പരിമിതപ്പെടുത്താതെ ഔദ്യോഗിക കാര്യങ്ങളിൽ ഇടപെടാൻ കഴിഞ്ഞാൽ ഒന്നും പരിമിതിയായി തോന്നില്ല. എല്ലാം സാധ്യതകളായി അനുഭവപ്പെടുന്നതായി തോന്നും. ഒരു അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ കാര്യങ്ങൾ നടത്തേണ്ടിവരുമ്പോൾ പലഭാഗത്തുനിന്നും എതിർപ്പുകളുണ്ടാകും. പലരും ശത്രുക്കളായെന്നുമിരിക്കും. പക്ഷെ അവിടെയൊക്കെ തളരാതെ മുന്നേറാൻ കഴിയണം. തൂങ്കുഴി പിതാവിൽ നിന്നും ഞാൻ ഹൃദിസ്ഥമാക്കിയിട്ടുള്ളത് എന്നെ ജീവിതത്തിൽ വളരെ സ്വാധീച്ചിട്ടുണ്ട്. നമുക്ക് നിയന്ത്രിക്കാൻ പറ്റാത്ത വിധത്തിൽ കാര്യങ്ങൾ നിയന്ത്രണാതീതമാകുമ്പോൾ ഏർപ്പെട്ടിരിക്കുന്ന ചർച്ചയോ സംഭാഷണമോ തൽക്കാലം അവസാനിപ്പിക്കുക. എന്നിട്ട് ചർച്ചയ്ക്ക് എത്തിയവരോട് ഒന്ന് കാപ്പികുടിച്ചിട്ട് വന്നിരിക്കാമെന്നോ ഒന്ന് ഫ്രഷായി വന്നിട്ട് ഇരിക്കാമെന്നോ അറിയിക്കുക. അന്ന് തന്നെ തീർക്കേണ്ട കാര്യങ്ങളാണെങ്കിൽ അല്പസമയത്തിനുശേഷം വീണ്ടും സംസാരിച്ചു തീർപ്പാക്കും.

അതല്ലായെങ്കിൽ അല്പദിവസം കഴിഞ്ഞു ചർച്ച ചെയ്യാമെന്നു വയ്ക്കും. ഒരു വ്യക്തിയുമായൊ സമൂഹവുമായൊ ചൂടായി ബന്ധങ്ങൾ മുറിക്കാതെയിരിക്കാൻ ശ്രദ്ധിക്കണം. ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതാണ് എന്റെ ശൈലി. ഇക്കാര്യത്തിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടാകുമായിരിക്കാം. എന്റെ കാര്യക്ഷമതക്കുറവാണ് ഇതിനൊക്കെ കാരണമെന്ന് പറയുന്നവരുണ്ടാകാം. പക്ഷെ എന്താണീ കാര്യക്ഷമത? കാര്യക്ഷമത എന്നുപറയുന്നത് നമുക്ക് ഒപ്പമുള്ളവരെ ചേർത്തുനിർത്തുന്നതാണെന്ന് നാം മനസ്സിലാക്കണം. ഒരു വൈദികനിൽനിന്ന് മെത്രാനിലേക്കുള്ള മാറ്റം എന്നെ പരിമിതപ്പെടുത്തിയിട്ടുണ്ടോ എന്ന് ആത്മശോധന ചെയ്താൽ വരുത്തിയിട്ടുണ്ടെന്നുതന്നെ പറയാനാകും. അത് ഞാനണിഞ്ഞിരിക്കുന്ന സ്ഥാനവസ്ത്രങ്ങളിലും ചിഹ്നങ്ങളിലുമാണെന്നുമാത്രം. പക്ഷെ ആ മാറ്റങ്ങൾക്ക് ബാഹ്യമായ ഒരടയാളത്തിന്റെ അർഥം മാത്രമേ ഞാൻ കൊടുക്കുന്നുള്ളു. നന്മയുടെ വലിപ്പം നമ്മിൽനിന്ന് പോകാതിരുന്നാൽ ഒന്നും പരിമിതികളായി അനുഭവപ്പെടില്ല.

**കാര്യക്ഷമത എന്നുപറയുന്നത് നമുക്ക് ഒപ്പമുള്ളവരെ ചേർത്തു നിർത്തുന്നതാണെന്ന് നാം മനസ്സിലാക്കണം. ഒരു വൈദികനിൽനിന്ന് മെത്രാനിലേക്കുള്ള മാറ്റം എന്നെ പരിമിതപ്പെടുത്തിയിട്ടുണ്ടോ എന്ന് ആത്മശോധന ചെയ്താൽ വരുത്തിയിട്ടുണ്ടെന്നുതന്നെ പറയാനാകും. അത് ഞാനണിഞ്ഞിരിക്കുന്ന സ്ഥാനവസ്ത്രങ്ങളിലും ചിഹ്നങ്ങളിലുമാണെന്നുമാത്രം. പക്ഷെ ആ മാറ്റങ്ങൾക്ക് ബാഹ്യമായ ഒരടയാളത്തിന്റെ അർഥം മാത്രമേ ഞാൻ കൊടുക്കുന്നുള്ളു.**

■ **പൗരോഹിത്യ ജീവിതത്തിൽ പിതാവിന് ഏല്പിക്കപ്പെട്ട ദൗത്യങ്ങളിൽ ഏതു ദൗത്യമാണ് പിതാവിന്റെ ഹൃദയത്തോട് അടുത്തുനിൽക്കുന്നത് അല്ലെങ്കിൽ ഏതാണ് കൂടുതൽ ഇഷ്ടപ്പെടുന്നത്?**

എന്നെ ഏല്പിച്ച എല്ലാ ജോലികളും എനിക്ക് ഇഷ്ടപ്പെട്ടതായിരുന്നു. ഞാൻ സെമിനാരിയിൽ ഫാദർ പ്രീഫെക്ടായി ചെല്ലുമ്പോൾ കുണ്ടുകുളം പിതാവ് പറഞ്ഞത്, അച്ചൻ ചെറുപ്പമാണ് 26 വയസേയുള്ളൂ. നമ്മുടെ സെമിനാരിയിൽ 84-ൽപ്പരം കുട്ടികളുണ്ട്. ഞാൻ അച്ചനിൽനിന്ന് പ്രതീക്ഷിക്കുന്നത് ഇവരുടെ ഒരു ജ്യേഷ്ഠസഹോദരനാകാനാണ്. അവർക്കൊപ്പം കളിക്കുകയും അവരുടെ കുസൃതികളിൽ പങ്കുചേർന്ന് അവരെ തിരുത്താൻ ശ്രമിക്കുകയും ചെയ്യണം. ഒരധികാരിയായിട്ടല്ല നിയമിച്ചിരിക്കുന്നത്. മറിച്ച്, അവർക്ക് ഒരു കൂട്ടുകാരനും മൂത്ത സഹോദരനുമായാണ്. അതുകൊണ്ടുതന്നെ സെമിനാരി വിദ്യാർഥികളോട് എന്നും സൗഹൃദം പുലർത്താൻ പ്രീഫെക്ട് അച്ചനെന്നനിലയിൽ എനിക്ക് കഴിഞ്ഞിട്ടുണ്ട്.

രൂപതയിൽ വൈസ് ചാൻസലറായി ജോലി ചെയ്യുന്നകാലത്ത് ഞാൻ നിയമങ്ങൾക്ക് മനുഷ്യത്വത്തിന്റെ ഒരു നിറംകൊടുക്കാൻ ശ്രമിച്ചിരുന്നു. ഒരു വ്യക്തി ആത്മഹത്യ ചെയ്താൽ മൃതസംസ്കാരത്തിന് ആ കാലഘട്ടത്തിൽ വൈദികർ പോകില്ലാ

www.malankaralibrary.com

യിരുന്നു. ഇത് വളരെ വേദനാജനകമായിരുന്നു. എന്നെ വളരെ അസ്വസ്ഥമാക്കിയിരുന്ന ഒരു കാര്യമായിരുന്നതിനാൽ ഞാൻ കുണ്ടുകുളം പിതാവിനോട് പറഞ്ഞു: 'പിതാവേ, ഒരാൾ അയാളുടെ ദുർബല നിമിഷത്തിൽ ആത്മഹത്യചെയ്താൽ ആ വ്യക്തിയെ ശിക്ഷിക്കുന്നതിന് പകരം നാം ആ കുടുംബത്തെ മുഴുവൻ ശിക്ഷിക്കുന്നത് ശരിയാണോ? അതിനാൽ ഈ നിയമം മാറ്റണം. തുറവോടെ ഉൾക്കൊണ്ട പിതാവ് കെ.സി.ബി.സിയിൽ ഇക്കാര്യം ഉന്നയിക്കുകയും 'സിമ്പിൾ ബറിയൽ' എന്ന രീതി നേടിയെടുക്കുകയും ചെയ്തു. നിയമങ്ങൾ കൈകാര്യം ചെയ്യുമ്പോൾ വാൾവച്ച് വെട്ടുകയല്ല നാം വേണ്ടത്. അത് കത്രികകൊണ്ട് കൂടുതൽ നന്നാക്കാൻ ശ്രമിക്കണം. തലമുടി വെട്ടി ഭംഗിയാക്കുന്നതുപോലെ ഹൃദയഹാരിയാക്കാനുള്ള പരിശ്രമമാണുണ്ടാകേണ്ടത്.

ഞാൻ മേജർ സെമിനാരി റെക്ടറായപ്പോൾ, ഈ കാലഘട്ടത്തിലെ വൈദികർ എങ്ങനെയായിരിക്കണമെന്ന് എന്നെ പഠിപ്പിച്ചത് ജനങ്ങളാണ്. ജനങ്ങൾ ആഗ്രഹിക്കുന്നവിധത്തിൽ ഒരു പരിശീലനം കൊടുക്കാനാണ് ഞാൻ ശ്രമിച്ചത്. വൈദിക പരിശീലനത്തിനകത്ത് ഒരു മാനുഷികത കൊടുക്കാൻ ആഗ്രഹിച്ചു. ഇത് പലപ്പോഴും നമുക്ക് കൊടുക്കാനാകുന്നില്ല. ഒരു വൈദികാർഥിയുടെ തലയിലേക്ക് അവനിലേക്ക് വന്നുചേരാവുന്ന അധികാരവും സ്ഥാനമാനങ്ങളുടെ വലിപ്പവും പഠിപ്പിച്ച് പുറത്തേക്കിറക്കുന്നതാണ് നമ്മുടെ രീതി. അങ്ങനെയുള്ള ഒരു അർഥി വൈദികനായി പുറത്തേക്കിറങ്ങിയാൽ ആ വ്യക്തിയുടെ ളോഹക്കകത്ത് മനുഷ്യത്വം നഷ്ടപ്പെട്ട ഒരു അനുഭവമാണ് ഉണ്ടാകുന്നത്. തമ്പുരാൻ പറഞ്ഞതുപോലെ ഒരു എക്സ്ട്രാമൈൽ യാത്ര ചെയ്യാൻ കഴിവുള്ളവരായിരിക്കണം നമ്മുടെ വൈദികർ. ഈ എക്സ്ട്രാമൈലാണ് പൗരോഹിത്യത്തിന്റെ അളവുകോലായി ഞാൻ മനസ്സിലാക്കുന്നത്. അത് നിയമംവച്ച് അളക്കുന്നതാകരുത്.

ദൈവം മനുഷ്യനായത് മനുഷ്യത്വത്തിന്റെ വലുപ്പം മനസ്സിലാക്കിത്തരാനാണ്. ക്രിസ്തുവിന്റെ മനുഷ്യത്വമാണ് ക്രിസ്തുവിനെ ദൈവികമഹത്ത്വമുള്ളതാക്കി തീർത്തത്. അതിനാൽ ഒരു വൈദികനൊ മെത്രാനൊ പളപളപ്പുള്ള ധവളവസ്ത്രങ്ങളോ സ്ഥാനചിഹ്നങ്ങളോ കിട്ടുമ്പോൾ മനുഷ്യരുടെ ഹൃദയവിചാരങ്ങൾ മറന്നു പോകാതെ ഹൃദയത്തിൽ മാനവികത സൂക്ഷിക്കണം. അതിനാൽ നാം മറ്റുള്ളവരെ പഠിപ്പിക്കാൻ പരിശ്രമിക്കുന്നതിനേക്കാൾ ഉപരിയായി മറ്റുള്ളവരിൽനിന്ന് പഠിക്കാൻ ശ്രമിക്കണം. ഞാൻ ഇപ്പോൾ മെത്രാനായിരിക്കുമ്പോഴും ഒരു സാന്നിധ്യത്തിന്റെ ശക്തിയാകാനാണ് ശ്രമിക്കുന്നത്. സഹവൈദികർക്കും അജഗണങ്ങൾക്കുമിടയിൽ എല്ലാം കൂട്ടിയിണക്കുന്ന ഒരു കണ്ണിയാകാനുള്ള ശ്രമം.

## ■ ഷംഷാബാദ് രൂപതയുടെ പ്രഥമ മെത്രാനെന്ന നിലയിൽ കേരളത്തിലെയും കേരളത്തിന് പുറത്തെയും ജീവിതവും പ്രവർത്തനവും എങ്ങനെ വിലയിരുത്തുന്നു?

2014 ലാണ് തൃശൂർ സഹായമെത്രാനെന്ന ഉത്തരവാദിത്വത്തിൽ നിന്നും മാറി അപ്പസ്തോലിക് വിസിറ്റേറ്ററാകുന്നത്. പിന്നീട് റോം എന്നെ ഷാംഷാബാദ് രൂപതയുടെ പ്രഥമമെത്രാൻ ആക്കി നിയമിച്ചു.

കേരളത്തിനകത്ത് ഒരു മെത്രാൻ സാഷ് കെട്ടിയും തൊപ്പിയും ദണ്ഡും കുരിശുമാലയും മോതിരവുമൊക്കെ അണിഞ്ഞ് പ്രത്യക്ഷപ്പെടുകയെന്നത് പരമ്പരാഗതമായി ജനങ്ങൾ ആഗ്രഹിക്കുന്ന കാര്യമാണ്. എന്നാൽ കേരളത്തിനുപുറത്ത് തൊപ്പിയും വടിയും സാഷുമൊന്നും ആവശ്യമില്ല. ഇവിടെ കേരളത്തിന്റെ യാഥാസ്ഥിതിക മനോഭാവമുണ്ട്. അതിന്റെയകത്ത് ഒളിപ്പിച്ചുവച്ചിരിക്കുന്ന മൂല്യങ്ങൾ ഞാൻ നിഷേധിക്കുന്നില്ല. എന്നാൽ സ്ഥാനചിഹ്നങ്ങളണിഞ്ഞാൽ മെത്രാനായി എന്നുപറയുന്ന കാഴ്ചപ്പാട് എക്സ്റ്റേണാലിറ്റിയാണ്. അത് ഒരു ഡിസിപ്ലിന്റെ ഭാഗം മാത്രമാണ്. പുറത്തിവിടെ എനിക്ക് സൗകര്യങ്ങൾ പരിമിതങ്ങളായിരുന്നു. കിടപ്പാടംപോലും പരിമിത ചുറ്റുപാടിലായിരുന്നു. സൗകര്യങ്ങളുള്ള തൃശൂർ അതിരൂപതയിൽനിന്നും മെത്രാനായി സ്ഥാനക്കയറ്റം കിട്ടി വന്നപ്പോൾ ഉയർച്ചയല്ല പരിമിതികളായിരുന്നു. ഇതൊരു ഡിപ്രൊമോഷൻ ആണെന്നു പറഞ്ഞവർ വളരെയുണ്ട്. നാം പലപ്പോഴും പ്രൊമോഷനെ വലുതായി കാണുന്നവരാണ്. എന്നാൽ ഈ ഡിപ്രൊമോഷന്റെ വലുപ്പം എത്രത്തോളമുണ്ടെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ഞാൻ മനസ്സുകൊണ്ട് ഈ ജോലി ഒത്തിരി ഇഷ്ടപ്പെടുകയും ആത്മസംതൃപ്തി അനുഭവിക്കുന്നുമുണ്ട്. സാധ്യതകളുള്ള ഒരു ശുശ്രൂഷയാണ്. കേരളത്തിനകത്തുള്ള സഭ ഇന്നു കടന്നുപോകുന്ന പ്രതിസന്ധികൾക്ക് ഒരു പരിധിവരെ പരിഹാരം കേരളത്തിനു പുറത്തേക്കുള്ള ഈ സാധ്യതകളിലേക്ക് അച്ചന്മാരെ വിടുകയെന്നതാണ്. പാവപ്പെട്ട ജനങ്ങളെ കണ്ട് അവർ ജനങ്ങളെപ്പോലെ പഠിക്കട്ടെ.

## ■ ഈ കാലഘട്ടത്തിൽ സഭയുടെ പ്രതിസന്ധി എന്താണെന്നാണു തോന്നുന്നത്?

www.malankaralibrary.com

ഈ കാലഘട്ടത്തിൽ സഭയുടെ ഏറ്റവും വലിയ പ്രതിസന്ധിയെന്നുപറയുന്നത് വാക്കും ജീവിതവും തമ്മിലുള്ള സ്പേസ് കൂടുന്നതാണ്. ഫ്രാൻസിസ് പാപ്പാ തന്റെ പ്രഭാഷണങ്ങളിൽ എപ്പോഴും പറയുന്ന ഒരു കാര്യമുണ്ട്: "എന്റെ ജീവിതത്തിന്റെ ആധികാരികതയാണ് എന്റെ അധികാരം." അതുകൊണ്ടുതന്നെ സഭയുടെ അടയാളങ്ങളുടെ ആധികാരികത നഷ്ടപ്പെടുന്നു. കുടുംബങ്ങളുടെ, ഭാര്യ-ഭർതൃബന്ധത്തിന്റെ, പൗരോഹിത്യത്തിന്റെ, സന്ന്യാസത്തിന്റെ, മെത്രാൻ ശുശ്രൂഷയുടെ ആധികാരികതയുടെ കുറവ്. സഭയുടെ ആധികാരികതയുടെ കുറവ് സഭയുടെ അസ്ഥിത്വത്തെത്തന്നെ ബാധിക്കുന്നുണ്ട്. നാം പ്രസംഗിക്കുന്ന വാക്കുകൾക്ക് നമ്മുടെ ജീവിതം കൊണ്ട് നമുക്ക് സാക്ഷ്യം തീർക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെ സഭയ്ക്ക് നിലനിൽപ്പില്ല. നമ്മുടെ സഭ കടന്നുപോകുന്ന എല്ലാ പ്രതിസന്ധികളിലും ഇതുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വചനം മാംസം ധരിക്കാത്ത അനുഭവം. നമുക്ക് സാക്ഷ്യത്തിന്റെ, ഒരു പ്രവാചകസഭയായി തീരാനാകണം. സഭയുടെ മൂല്യങ്ങൾക്ക് ഇന്നു കുറവൊന്നും സംഭവിച്ചിട്ടില്ല. ക്രിസ്തു പഠിപ്പിച്ച സുവിശേഷത്തനിമയ്ക്ക് ഈ കാലഘട്ടത്തിന്റെ മുകളിൽ ഒരു ഉദയസൂര്യന്റെ വെളിച്ചവും ചൂടുമുണ്ട്. പക്ഷെ ഇത് പ്രാവർത്തികമാക്കുന്ന സഭയുടെ പാളിച്ചകൾ ഒരുപക്ഷെ നമ്മുടെ പ്രതിസന്ധിയാണ്. അതുകൊണ്ട് വാക്കും സാക്ഷ്യവും പ്രധാനമാണ്. സാക്ഷ്യമില്ലാത്ത വാക്ക്- അതാണ് ഇന്നത്തെ ഏറ്റവും വലിയ പ്രതിസന്ധിയെന്നാണെന്റെ അഭിപ്രായം.

## ■ ഈ പ്രതിസന്ധി ഘട്ടത്തിൽ ഇതിനെ എങ്ങനെ നേരിടണം എന്നാണ് സഭാമക്കളോടു പിതാവിന് പറയാനുള്ളത് ?

സഭയുടെ ഈ പ്രതിസന്ധികളുടെ കാലഘട്ടത്തിൽ ഒറ്റ പ്രതിവിധിയേയുള്ളൂ ; വചനം മാംസമാകുക. പ്രസംഗിക്കുന്നവരേക്കാൾ പ്രസംഗിക്കുന്നതിന്റെ ഉള്ളടക്കം ജീവിതംകൊണ്ട് പ്രാവർത്തികമാക്കുന്ന അടയാളങ്ങളുണ്ടാകട്ടെ. പ്രസംഗിക്കുന്നതിനേക്കാൾ ജനങ്ങൾ ഇന്നിഷ്ടപ്പെടുന്നത് ജീവിതംകൊണ്ട് സാക്ഷ്യമാകുന്നതാണ്. അതുകൊണ്ട് സഭ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി നമുക്ക് വിദ്യാഭ്യാസസ്ഥാപനങ്ങളോ, ആശുപത്രികളോ, സെമിനാരികളോ, ആരാധനാലയങ്ങളോ ഇല്ലാത്തതല്ല. പക്ഷെ ക്രിസ്തുവിനെ കാണിച്ചു കൊടുക്കുന്ന അടയാളങ്ങളില്ലാത്തതാണ്. അതിനാൽ ക്രിസ്തുവിനെ കാണിക്കുന്ന അടയാളങ്ങളായി നാം മാറണം. കർത്താവിലേക്ക് നയിക്കുന്ന നക്ഷത്രവെളിച്ചമാകാൻ നമുക്കും സഭക്കും എന്നു കഴിയുന്നുവോ അന്ന് അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സകല മനുഷ്യർക്കും സമാധാനവുമുണ്ടാകാൻ സഭ ദൈവത്തിന്റെ ഉപകരണമാകും.

## ■ മെത്രാഭിഷേകത്തിനു ശേഷം പിന്നിട്ട കാലയളവിൽ ഏകദേശം 12 വർഷങ്ങളിൽ മെത്രാനെന്ന നിലയിൽ അങ്ങയുടെ ജീവിതവും ദൗത്യങ്ങളും എങ്ങനെ വിലയിരുത്തുന്നു?

ഒരു മെത്രാനെന്ന നിലയിൽ 4 കൊല്ലം കേരളത്തിലും പിന്നീട് 8 വർഷം കേരളത്തിനു പുറത്തുമാണ് കർമനിരതനായിട്ടുള്ളത്. കേരളത്തിന് പുറത്തേക്കു കടന്നപ്പോൾ ഒത്തിരി പ്രതിസന്ധിയും വെല്ലുവിളികളും ബുദ്ധിമുട്ടുകളുമുണ്ടായിട്ടുണ്ട്. പുതിയഭാഷ, ഭക്ഷണരീതി, സംസ്കാര രീതി ഇതൊക്കെ പുതിയ അനുഭവമായിരുന്നു. അതിനാൽ ആദ്യ 4 വർഷം പോലെയല്ല പിന്നീടുള്ള 8 വർഷം പിന്നിട്ടിരിക്കുന്നത്. കേരളത്തിൽ ഒരു മെത്രാനായി ഞാനറിയപ്പെട്ടുവെങ്കിൽ കേരളത്തിനുപുറത്ത് നല്ലൊരു മിഷണറിയാകാൻ ഞാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതുരണ്ടും തമ്മിൽ നല്ല വ്യത്യാസമുണ്ട്. ഞാൻ ഈ അഭിമുഖം നടത്തുന്നത് ആന്ധ്രാപ്രദേശിലെ കല്യാണദുർഗയെന്നു പറയുന്ന കുഞ്ഞു പട്ടണത്തിലായിരുന്നുകൊണ്ടാണ്. ഇവിടെ നാമമാത്രമായ ക്രിസ്ത്യാനികൾ മാത്രമേയുള്ളൂ. ഞാനൊരു മെത്രാനാണെന്നുപോലും ആർക്കുമറിയില്ല. കാലുവയ്ക്കാൻ ഇടമില്ലാത്ത ഒരിടത്ത് ശുശ്രൂഷചെയ്യുമ്പോൾ മെത്രാനെന്ന നിലയിൽ ഒരു ശൂന്യവത്ക്കരണത്തിന്റെ ഒരു കാലഘട്ടമാണിത്. ഇത് കൂടുതൽ അർഥവത്തായ ഒരു ജീവിതമായാണ് എനിക്കനുഭവപ്പെടുന്നത്. ഉടുപ്പിട്ടാൽ ആനുകൂല്യം കിട്ടാവുന്നിടത്തൊക്കെ ഉടുപ്പിടാൻ നമുക്കിഷ്ടമാണ്. എന്നാൽ ഈ ആനുകൂല്യം ഇല്ലാത്തിടത്ത് നമുക്ക് ഈ ഉടുപ്പ് അണിയാൻ ഇഷ്ടമല്ല. എന്നാൽ ഇവിടെ ഉടുപ്പിട്ടതുകൊണ്ട് ഒരാനുകൂല്യവും കിട്ടില്ലെന്നുറപ്പ് എല്ലാവർക്കുമുണ്ട്. അങ്ങനെയുള്ള ഒരവസ്ഥയിൽ നമ്മുടെ മനസ്സിന് കുറെക്കൂടെ വലുപ്പം വയ്ക്കും. നമ്മുടെ പൗരോഹിത്യത്തിന്റെ അടയാളങ്ങളേക്കാളും പൗരോഹിത്യത്തിന്റെ ജീവിതസാക്ഷ്യത്തിനാണ് കുറെക്കൂടെ അർഥമുള്ളതെന്ന് മനസ്സിലാകും. ■

www.malankaralibrary.com

# ഇടവകയും വികാരിയും സ്ഥലംമാറ്റവും

**?** ഒരു വൈദികനെ എത്രവർഷത്തേക്കാണ് ഒരു ഇടവകയുടെ വികാരിയായി നിയമിക്കുന്നത്? അസ്തേന്തി അഥവാ കൊച്ചച്ചൻ എന്ന് വിളിക്കപ്പെടുന്ന വൈദികൻ മിക്കവാറും ഓരോ വർഷവും മാറുമ്പോൾ വികാരി കൂടുതൽ വർഷം ഇടവകയിൽ സേവനമനുഷ്ഠിക്കുന്നു. ചിലപ്പോഴൊക്കെ വൈദികരെ മാറ്റുന്നത് സംബന്ധിച്ച് ചില പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെടാറുണ്ട്. ഇതിനെക്കുറിച്ച് ഒന്ന് വിശദീകരിക്കാമോ?

***– തോമസ് മാത്യു, കോട്ടയം***




**റവ. ഡോ. എബ്രഹാം കാവിൽപുരയിടത്തിൽ**

*വൈസ് ചാൻസലർ,*
*മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ,*
*മൗണ്ട് സെന്റ്തോമസ്, കാക്കനാട്*


സഭയുടെ ഭരണസംവിധാനത്തിലെ അടിസ്ഥാന യൂണിറ്റാണ് ഇടവക. "രൂപതയിൽ സ്ഥിരമായി സ്ഥാപിതമായതും ഇടവക വികാരിയുടെ അജപാലനത്തിനു ഭരമേല്പിക്കപ്പെട്ടതുമായ ക്രൈസ്തവ വിശ്വാസികളുടെ ഒരു നിശ്ചിതസമൂഹമാണ് ഇടവക" (CCEO c.279; CIC c. 515 §1). ആദിമസഭയിൽ രൂപതകൾ, ഇടവകകൾ എന്നിങ്ങനെയുള്ള സംവിധാനം ഉണ്ടായിരുന്നില്ല. വിശ്വാസികളുടെ എണ്ണത്തിൽ വർധനയുണ്ടായപ്പോൾ അനേകം സ്ഥലങ്ങളിൽ വിശ്വാസിസമൂഹങ്ങൾ രൂപപ്പെട്ടു. ഇപ്രകാരം രൂപപ്പെട്ട സമൂഹങ്ങളിൽ വിശുദ്ധ കുർബാനയും പ്രാർഥനയും നടത്തുന്നതിനായി മെത്രാന്മാർ വൈദികരെ നിയോഗിച്ചുതുടങ്ങി. മെത്രാന്മാർ ഈ സമൂഹങ്ങളുടെ പൊതുവായ ഉത്തരവാദിത്വങ്ങൾ വഹിച്ചപ്പോൾ ഓരോ സമൂഹത്തിന്റെയും നേരിട്ടുള്ള ഉത്തരവാദിത്വം മെത്രാനുവേണ്ടി വൈദികർ നിർവഹിച്ചു. ഇപ്രകാരമാണ് രൂപത, ഇടവക സംവിധാനങ്ങൾ രൂപപ്പെട്ടത്. സാധാരണഗതിയിൽ ഇടവകയുടെ അതിർത്തി ഭൂമിശാസ്ത്രപരമായാണ് (territorial) നിശ്ചയിക്കുന്നത്. എന്നാൽ മറ്റ് മാനദണ്ഡങ്ങളും (ഉദാ. ഭാഷ) ഇടവക രൂപീകരണത്തിന് അടിസ്ഥാനമാകാം. നമ്മുടെ നാട്ടിൽ ഭൂമിശാസ്ത്രപരമായ അതിർത്തികളുള്ള ഇടവകകളാണ് നിലവിലുള്ളത്. സഭാനിയമമനുസരിച്ച് രൂപതാമെത്രാൻ വൈദികസമിതിയുമായി (Presbyteral Council) ആലോചിച്ചാണ് ഇടവകകൾ സ്ഥാപിക്കുന്നത് (CCEO c.280 §2;CIC c.515 §2).

ആരാണ് ഇടവകവികാരി, എന്താണ് അദ്ദേഹത്തിന്റെ ദൗത്യം എന്നത് മനസ്സിലാക്കിയാൽ മാത്രമേ വികാരിയുടെ നിയമനം സംബന്ധിച്ച നിയമത്തിന്റെ അന്തഃസത്ത മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. പൗരസ്ത്യ കാനൻനിയമം ഇപ്രകാരമാണ് വികാരിയെ നിർവചിക്കുന്നത്: "ഒരു പ്രത്യേക ഇടവകയിലെ ആത്മാക്കളുടെ സംരക്ഷണം സ്വന്തം ഇടയനെന്നപോലെ ഭരമേല്പിക്കപ്പെട്ടിട്ടുള്ള ഒരു വൈദികനാണ് ഇടവകവികാരി. രൂപതാമെത്രാന്റെ അധികാരത്തിൻ കീഴിൽ രൂപതാമെത്രാന്റെ പ്രധാന സഹപ്രവർത്തകനാണ് ഇടവകയിൽ അദ്ദേഹം" (c.281§1; CIC c.519). ഇതിനോടു ചേർത്തുവയ്ക്കേണ്ട ഒരു കാര്യമാണ് വികാരിയുടെ നിയമനത്തെക്കുറിച്ചു പറയുന്ന കാനൻ. "ഇടവക വികാരിമാരെ നിയമിക്കാനുള്ള അവകാശം രൂപതാമെത്രാന്റേതു മാത്രമാണ്; അദ്ദേഹം അവരെ സ്വതന്ത്രമായി നിയമിക്കുന്നു" (CCEO c.284§1;CIC c.523).

മുകളിൽ പറഞ്ഞിരിക്കുന്ന നിയമത്തിൽനിന്നു വ്യക്തമാകുന്ന കാര്യങ്ങൾ ഇവയാണ്: 1. ഇടവകയിലെ ആത്മാക്കളുടെ സംരക്ഷണം വികാരിയെ ഭരമേല്പിക്കുന്നത് രൂപതാമെത്രാനാണ്. 2. മെത്രാന്റെ

www.malankaralibrary.com

സഹപ്രവർത്തകനായിരിക്കുമ്പോൾത്തന്നെ വികാരി മെത്രാന്റെ അധികാരത്തിൻകീഴിലാണ് പ്രവർത്തിക്കേണ്ടത്. 3. രൂപതാമെത്രാനാണ് ഓരോ ഇടവകയ്ക്കും ആവശ്യമായ രീതിയിൽ വികാരിയെ നിയമിക്കുന്നത്. ഇക്കാര്യത്തിൽ മെത്രാൻ സാധാരണഗതിയിൽ ആരുടെയും ഉപദേശമോ നിർദേശമോ തേടേണ്ടതില്ല. ഇടവകയിൽ അജപാലനശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെടുന്ന വൈദികനെ വികാരി എന്നു വിളിക്കുന്നതും അദ്ദേഹത്തിന്റെ ചുമതലയുടെ സ്വഭാവം സൂചിപ്പിക്കുന്നതാണ്. വികാരി എന്ന് മലയാളത്തിൽ ഉപയോഗിക്കുന്ന വാക്കിന്റെ ഇംഗ്ലീഷ് പദം Vicar എന്നാണല്ലോ. ഈ വാക്ക് ലത്തീൻ ഭാഷയിലെ Vicarius എന്ന മൂലപദത്തിൽനിന്നാണ് വരുന്നത്. Vicarius എന്നാൽ പകരക്കാരൻ (substitute) എന്നർഥം. ചുരുക്കത്തിൽ, ഒരു രൂപതയിലെ ആത്മാക്കളുടെ അജപാലനം (CCEO c.178; CIC c.381 §1) ഏല്പിക്കപ്പെട്ടിരിക്കുന്ന രൂപതാമെത്രാൻ തന്റെ രൂപതയിലെ ഒരു പ്രദേശത്തെ അജപാലന ഉത്തരവാദിത്വം നിർവഹിക്കാൻ സ്വന്തം അധികാരത്തിൽ നിയമിക്കുന്ന വികാരി ഇടവകയിൽ രൂപതാമെത്രാന്റെ പകരക്കാരനാണ്.

ഒരു ഇടവകവികാരിയുടെ ദൗത്യത്തെക്കുറിച്ചു സഭാനിയമം വ്യക്തമാക്കുന്ന കാര്യങ്ങൾ നമ്മുടെ ചോദ്യവുമായി ബന്ധപ്പെട്ടതാണ്. രൂപതാധ്യക്ഷന്റെ നിയമനം വഴിയായി ഇടവകയിലെ ആത്മാക്കളുടെ സംരക്ഷണ ചുമതല ലഭിക്കുന്ന വികാരി ദൈവവചനപ്രഘോഷണത്തിലൂടെയും വിശ്വാസപരിശീലനത്തിലൂടെയും തന്റെ പ്രബോധനദൗത്യം നിറവേറ്റണം. വിശുദ്ധ കുർബാനയർപ്പണം, കൂദാശകളുടെ സ്വീകരണം, പ്രത്യേകിച്ച് കുമ്പസാരം, യാമപ്രാർഥനകൾ എന്നിവയിലൂടെ ദൈവജനത്തെ വിശുദ്ധീകരിക്കണം. നയിക്കുന്നതിനുള്ള ദൗത്യം വികാരി നിർവഹിക്കുന്നത് ഇടവകജനത്തെ അറിഞ്ഞുകൊണ്ടാണ്. വ്യക്തികളുടെയും സംഘടനകളുടെയും ഇടവകസമൂഹം മുഴുവന്റെയും വളർച്ച ഉറപ്പാക്കാൻ വികാരി ശ്രദ്ധിക്കേണ്ടതുണ്ട്. അതിനായി ഇടവകയിലെ ഭവനങ്ങളും സ്ഥാപനങ്ങളും വികാരി സന്ദർശിക്കണം (CCEO c. 289; CIC c. 528-529). ഇത്തരത്തിലുള്ള ദൗത്യം നിർവഹിക്കുന്നതിന് ഒരു വികാരിക്ക് ന്യായമായ സമയം ഒരു ഇടവകയിൽ ലഭിക്കേണ്ടതുണ്ട്.

ഇനി ചോദ്യത്തിന്റെ ഉത്തരത്തിലേക്കു വരാം. വികാരിയുടെ നിയമനത്തെ സംബന്ധിച്ച് പൗരസ്ത്യ സഭാനിയമം പറയുന്നത് ആദ്യം നോക്കാം. കാനൻ 284§3 ഇപ്രകാരം പറയുന്നു: "ഇടവക വികാരി തന്റെ ഉദ്യോഗത്തിൽ സ്ഥിരപ്പെട്ടവനാണ്. അതിനാൽ ഒരു കാലാവധിവച്ച് അദ്ദേഹത്തെ നിയമിക്കാൻ പാടില്ല." കാലാവധിവച്ച് നിയമിക്കണമെങ്കിൽ വ്യക്തിസഭയുടെ പ്രത്യേകനിയമം (Particular Law) അത് അനുവദിക്കണമെന്നും പൊതുനിയമം പറയുന്നു. സീറോ മലബാർ സഭയുടെ പ്രത്യേകനിയമം ഇങ്ങനെയാണ്: മൂന്നുവർഷത്തിൽ കുറയാത്ത ഒരു കാലഘട്ടത്തിലേക്കാണ് ഒരു വികാരി നിയമിക്കപ്പെടുന്നത്. അത്



www.malankaralibrary.com

രൂപതാധ്യക്ഷന്റെ വിവേചനമനുസരിച്ച് നീട്ടിക്കൊടുക്കാവുന്നതാണ്. നിയമനപത്രത്തിൽ സാധാരണഗതിയിൽ നിയമനത്തിന്റെ കാലാവധി സൂചിപ്പിക്കാറില്ല. അതിനാൽ, ഒരിടവകയിൽ വികാരി നിയമിക്കപ്പെട്ടു കഴിഞ്ഞാൽ മറിച്ചൊരു ഉത്തരവ് രുപതാമെത്രാനിൽനിന്നു ലഭിക്കുന്നതുവരെ വികാരി ഇടവകയിൽ തുടരുന്നു (Art. 24,2). സീറോമലങ്കരസഭയുടെ പ്രത്യേകനിയമം കാനൻ 128-ൽ പറയുന്നതുപ്രകാരം, വികാരിയുടെ സേവനകാലാവധി ഒരിടവകയിൽ മൂന്ന് വർഷമാണ്. രൂപതാധ്യക്ഷന് അത് നീട്ടിനൽകാവുന്നതാണ്. ലത്തീൻ സഭാനിയമമനുസരിച്ച് പ്രത്യേക സമയപരിധിയില്ലാതെയാണ് വികാരിയെ നിയമിക്കേണ്ടത്. എന്നാൽ ബിഷപ്സ് കോൺഫറൻസിന്റെ തീരുമാനമനുസരിച്ച്, പൗരസ്ത്യ സഭകളുടെ പ്രത്യേകനിയമംപോലെ, ഒരു നിശ്ചിതകാലാവധി നിർണയിക്കാവുന്നതാണ് (c.522). ഭാരതത്തിലെ മൂന്ന് വ്യക്തിസഭകളിലും നിലനിൽക്കുന്ന രീതി (praxis) അനുസരിച്ച് കുറഞ്ഞത് മൂന്നുവർഷം ഒരു വികാരി ഒരിടവകയിൽ സേവനം ചെയ്യുന്നുണ്ട്. പരമാവധി എത്രയെന്ന് നിയമം തിട്ടപ്പെടുത്തുന്നില്ല. അത് ഇടവകയുടെ പ്രത്യേക സാഹചര്യങ്ങളുടെയും വികാരിയുടെ സേവനത്തിന്റെ ഗുണപരമായ വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ രൂപതാധ്യക്ഷന്റെ തീരുമാനത്തിനു മാത്രം വിധേയമായ കാര്യമാണ്. ഇക്കാര്യത്തിൽ സാധാരണയായി രൂപതാധ്യക്ഷനെ സഹായിക്കുന്നത് രൂപതാകച്ചേരിയിലെ അംഗങ്ങളാണ്.

സീറോമലബാർസഭയുടെ പ്രത്യേകനിയമമനുസരിച്ച് പട്ടം സ്വീകരിച്ച് അഞ്ചുവർഷം പൂർത്തിയാകാത്ത ആരെയും വികാരിയായി നിയമിക്കുന്നില്ല (Art. 24,1). ആക്ടിംഗ് വികാരി, പ്രീസ്റ്റ് ഇൻചാർജ് തുടങ്ങിയ പേരുകളിൽ നിയമിതരാകുന്ന വൈദികർ വികാരിയുടെ ശുശ്രൂഷകൾ ഇടവകയിൽ നിർവഹിക്കുന്നവരാണെങ്കിലും മൂന്നുവർഷത്തെ സേവനകാലഘട്ടത്തിനുള്ള അവകാശം ഇവർക്കില്ല.

അസിസ്റ്റന്റ് വികാരി, അസ്തേന്തി, കൊച്ചച്ചൻ എന്നീ പേരുകളിൽ വികാരിയെ സഹായിക്കാനായി നിയമിതരാകുന്ന വൈദികർക്ക് ഇടവകയുടെ ഭരണത്തിൽ വികാരിയെ സഹായിക്കുക എന്ന ഉത്തരവാദിത്വമാണുള്ളത്. ഇടവകവികാരിയെ ഇടവകശുശ്രൂഷ മുഴുവനിലും സഹായിക്കുകയും ആവശ്യംവരികയാണെങ്കിൽ ഇടവകവികാരിയ്ക്കു പകരം നിലകൊള്ളുകയും ചെയ്യുക എന്നതാണ് അസ്തേന്തിയുടെ ചുമതല (CCEO c.302; CIC c. 548). അസ്തേന്തിയെ നിയമിക്കുന്നതും മാറ്റുന്നതും രൂപതാധ്യക്ഷന്റെ വിവേചനാധികാരത്തിൽപ്പെട്ട കാര്യമാണ്. വികാരിയുടേതുപോലെ നിശ്ചിതകാലാവധി അസ്തേന്തിക്ക് ഇല്ലാത്തതിനാൽ, വികാരിയച്ചനുമായി ആലോചന തേടിയശേഷം ഇക്കാര്യത്തിൽ അനുയോജ്യമായ തീരുമാനം എടുക്കുകയാണ് പതിവ്.

രണ്ടാം വത്തിക്കാൻ കൗൺസിലിനു മുൻപ് വികാരിമാർ ഇടവകയിൽ ഏകദേശം സ്ഥിരതാമസക്കാരായിരുന്നു. യൂറോപ്പിയിലായിരുന്നു ഈ സ്ഥിതി കൂടുതലായി കാണപ്പെട്ടത്. ഒരു നൂറ്റാണ്ട് മൂന്ന് വികാരിമാരുടെ സേവനകാലംകൊണ്ട് പൂർത്തിയാക്കിയ ഒരിടവകയെക്കുറിച്ചറിയാം. എന്നാൽ ഇന്ന് ഇത്തരത്തിലുള്ള ശുശ്രൂഷകൾ കാണാനില്ല. ഇടവക വികാരിമാരുടെ ദൗത്യം ഒന്നാണെങ്കിലും ഈ ദൗത്യനിർവഹണ രീതി പലപ്പോഴും വ്യത്യസ്തമാണ്. അതിനാൽത്തന്നെ ചില വൈദികരുടെ ശുശ്രൂഷ ദീർഘകാലത്തേക്ക് ലഭിക്കണമെന്ന് ഇടവകക്കാർ ആവശ്യപ്പെടുമ്പോൾ മറ്റു ചിലരുടെ ശുശ്രൂഷ പലവിധ കാരണങ്ങളാൽ മൂന്നുവർഷത്തേക്കുപോലും സ്വീകാര്യമല്ലാതായിത്തീരുന്നു. മൂന്നുവർഷത്തെ കാലാവധി തികയ്ക്കുന്നതിനു മുമ്പ് ഒരു വികാരിയെ സ്ഥലം മാറ്റണമെങ്കിൽ ആ വികാരിയുടെ സമ്മതത്തോടുകൂടി മാത്രമേ രൂപതാധ്യക്ഷന് നടപടി സ്വീകരിക്കാൻ സാധിക്കൂ. അല്ലെങ്കിൽ അത്തരമൊരു മാറ്റത്തെ സാധൂകരിക്കുന്ന ഗൗരവകരമായ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ സ്ഥലംമാറ്റം കൊടുക്കാൻ സാധിക്കൂ. ഇത്തരം സാഹചര്യങ്ങളിലാണ് വസ്തുതകളുടെ യാഥാർഥ്യമറിയാത്തവർ പലപ്പോഴും പ്രതിഷേധസ്വരമുയർത്തുന്നത്.

ചുരുക്കത്തിൽ, ഇടവകവികാരി രൂപതാമെത്രാന്റെ പകരക്കാരനായാണ് ഇടവകയിൽ ശുശ്രൂഷ ചെയ്യുന്നത്. അതിനാൽ രൂപതാധ്യക്ഷന്റെ നിർദേശങ്ങൾ അനുസരിക്കാൻ അങ്ങേയറ്റം വികാരി കടപ്പെട്ടിരിക്കുന്നു. അജപാലനശുശ്രൂഷയിൽ സഹകരിച്ചു പ്രവർത്തിക്കുമ്പോഴും രൂപതാധ്യക്ഷന്റെ കല്പനകൾ പാലിക്കാൻ വികാരി പരാജയപ്പെടുമ്പോൾ ഇടവകയിലെ അജപാലനശുശ്രൂഷയുടെ ധാർമികബലം നഷ്ടപ്പെടുന്നു. ഒരു ഇടവകയിലെ ദൈവജനത്തിന്റെ നന്മയ്ക്കുവേണ്ടി സഭാനിയമം വികാരിക്കു നൽകിയിരിക്കുന്ന ശുശ്രൂഷയുടെ നിശ്ചിതകാലഘട്ടത്തെ ബഹുമാനിക്കാനും ആത്യന്തികമായി ആത്മാക്കളുടെ രക്ഷ ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിക്കാനും സഭാനിയമം രൂപതാധ്യക്ഷന്മാരെയും കടപ്പെടുത്തുന്നുണ്ട്. ■

www.malankaralibrary.com

# കൂട്ടായ്മയുടെ ശക്തി പകരുന്ന പുരോഹിതൻ

**സാമൂഹിക പ്രതിബദ്ധതയോടെ ജനപക്ഷ വിഷയങ്ങളിൽ ഇടപെട്ട് കർമനിരതനായി ജാതിമതഭേദമെന്യേ ജനഹൃദയങ്ങളിൽ മനുഷ്യസ്നേഹിയായി മാറിയിരിക്കുന്ന മുളക്കുളം സെന്റ് മേരീസ് കത്തോലിക്കാപള്ളി വികാരി ഫാ. തോമസ് (ബിനു) അയല്ലുകുന്നേലിന്റെ അജപാലന ജീവിതസ്മരണകൾ.**

**? 18 വർഷത്തെ വൈദിക ജീവിതത്തിൽ അച്ചന് ഏറ്റവും സംതൃപ്തി നൽകിയ അനുഭവം എന്താണ്?**

അഞ്ചുവർഷം മുമ്പ് ഒരു ദിവസം വിശുദ്ധ കുർബാനയിൽ വായിച്ചത് യോഹന്നാന്റെ സുവിശേഷം 15-ാം അധ്യായത്തിലെ 1 മുതൽ 17 വരെയുള്ള വാക്യങ്ങളായിരുന്നു. കുർബാനയ്ക്കുശേഷം വിശുദ്ധകുർബാന എഴുന്നള്ളിച്ചുവച്ചു നടത്തിയ ആരാധനയിൽ ഇടവക സമൂഹത്തിന് നൽകിയ സന്ദേശം പ്രസ്തുത ഭാഗത്തെക്കുറിച്ചായിരുന്നു. "സ്നേഹിതനുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല" എന്ന വചനം പ്രത്യേകം എടുത്തുപറഞ്ഞ് മറ്റുള്ളവർക്കുവേണ്ടി റിസ്ക് ഏറ്റെടുക്കാൻ, സഹനം ഏറ്റെടുക്കാൻ സാധിച്ചാലെ നാമും ദിവ്യകാരുണ്യമാകൂ എന്ന് പഠിപ്പിച്ചു. അന്നേ ദിവസംതന്നെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയത്തിൽ ജാതിമതവ്യത്യാസം പരിഗണിക്കാതെ ഒരു പ്രദേശത്തിന്റെ സംരക്ഷണത്തിനും പ്രദേശവാസികളുടെ ജീവിക്കാനുള്ള അവകാശത്തിനുംവേണ്ടി സമരം നടത്തി. ആ ജനകീയ സമരത്തോട് അനുബന്ധിച്ച് ആ പ്രദേശത്തുള്ള നാനാ ജാതി മതസ്ഥരോടുമൊപ്പം അറസ്റ്റുവരിക്കുകയും ജയിൽവാസമനുഭവിക്കേണ്ടതായും വന്നു. ഒരു ജനതയുടെ നീതിയ്ക്കുവേണ്ടി നിലകൊണ്ടപ്പോൾ അനുഭവിക്കേണ്ടതായി വന്ന ജയിൽവാസം എന്റെ വൈദികജീവിതത്തിൽ വലിയ സന്തോഷവും സംതൃപ്തിയുമുണ്ടാക്കിയ സംഭവമായിരുന്നു.

**? ഒരു വൈദികനെന്ന നിലയിൽ ആധ്യാത്മിക ഉണർവിനും ഉത്കർഷയ്ക്കും വേണ്ടി മാത്രമല്ല അച്ചൻ നിലകൊണ്ടിട്ടുള്ളത്. കുറിഞ്ഞി പാറമട ഖനനപ്രശ്നവുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുവേണ്ടി അറസ്റ്റുവരിച്ചതൊക്കെ അച്ചന്റെ സാമൂഹിക പ്രതിബദ്ധതയുടെ അടയാളമാണല്ലോ. ഒരഭിഷിക്തനായിരിക്കേണ്ട ഇന്നും സാമൂഹിക ഇടപെടലുകൾ നടത്താൻ അച്ചനെ പ്രേരിപ്പിക്കുന്ന ഘടകം എന്താണ്?**

ഇന്ന് ജനങ്ങളെ തെറ്റിധരിപ്പിച്ച് സ്വാർഥതാല്പര്യത്തിനുവേണ്ടി അവരെ ഉപയോഗിക്കുന്ന രാഷ്ട്രീയ മുതലെടുപ്പ് എല്ലായിടത്തും കാണാം. ജനങ്ങളെ തമ്മിലടിപ്പിച്ച് തെറ്റായ വാഗ്ദാനങ്ങൾ നൽകി നിസ്സഹായാവസ്ഥയിൽ ജനങ്ങൾ നിൽക്കുമ്പോൾ അവർക്കുവേണ്ടി നിലകൊള്ളേണ്ടത് ഒരു വൈദികനെന്ന നിലയിൽ എന്റെ കടമയായി ഞാൻ കാണുന്നു. സത്യം എന്താണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തിക്കൊടുക്കാൻ ഒരു വൈദികന് സാധിക്കും. പരിസ്ഥിതി പ്രശ്നങ്ങളിലും പ്രകൃതിദുരന്തങ്ങളിലും കോവിഡ് മഹാമാരിയിലും ജനത്തോടൊപ്പംനിന്ന് പ്രവർത്തിക്കാൻ സാധിച്ചത് പരിധിവയ്ക്കാതെ നന്മചെയ്യാൻ പഠിപ്പിച്ച ഈശോയ്ക്ക് സാക്ഷ്യം വഹിക്കാനാണ്. പ്രതിസന്ധികളെ തരണം ചെയ്യാൻ എല്ലാവർക്കും ഒപ്പം നിന്ന് നല്ല നേതൃത്വം കൊടുത്താൽ മാത്രമേ ജനത്തിന് അവരുടെ ശക്തി മനസ്സിലാകൂ. കൂട്ടായ്മ

www.malankaralibrary.com



താല്കാലിക നേട്ടത്തിനുവേണ്ടിമാത്രം നിലപാടെടുക്കുന്ന ഒരു തലമുറ ഇവിടെ വളർന്നുവരികയാണ്. നൈമിഷികമായ സുഖസൗകര്യങ്ങൾക്കുവേണ്ടി നെട്ടോട്ടമോടുമ്പോൾ നഷ്ടപ്പെടുത്തുന്നത് വരുന്ന തലമുറയ്ക്ക് ജീവിക്കാനുള്ള അവകാശങ്ങളാണ്. 'വികസനം' എന്ന വാക്ക് ഇന്ന് ഒരുപാട് തെറ്റിധാരണയ്ക്ക് വിധേയമായിട്ടുണ്ട്. ഇന്നത്തെ വികസനങ്ങൾ നല്ലൊരു ശതമാനവും നാം തന്നെ നമ്മുടെ കുഴികുഴിക്കുന്നതാണ്. ആദർശങ്ങൾ നഷ്ടപ്പെട്ട ഭരണ നേതൃത്വം പലപ്പോഴും കൂടെ നിൽക്കുന്ന ജനവിഭാഗത്തെ ഒറ്റിക്കൊടുക്കുന്നു. ഇന്ന് പലരും നേതൃത്തിലേക്ക് വരുന്നത് സ്ഥാനത്തിനും സമ്പത്തിനും സ്വാർഥതാല്പര്യങ്ങൾക്കും വേണ്ടിയാണ്. ഇത്തരത്തിലുള്ള വ്യക്തികൾ പല ജനകീയ പ്രക്ഷോഭങ്ങളെയും കൂടെനിന്ന് തകർക്കുന്നു.

യുടെ ശക്തി പഠിപ്പിക്കാൻ ഒരു വൈദികനു സാധിക്കുമെന്ന് എനിക്ക് ബോധ്യമുണ്ടായിട്ടുണ്ട്.

### ? പരിസ്ഥിതി ആഘാതം ഏല്പിക്കുന്ന പാറമട ഖനനംപോലുള്ള പാരിസ്ഥിതിക വിഷയങ്ങൾ ഇന്നും സജീവമാണ്. കോട്ടയം ജില്ലയിൽതന്നെ പാലാരൂപതയിലെ കയ്യൂർ, കുറിഞ്ഞി തുടങ്ങിയ പ്രദേശങ്ങളിൽ അനധികൃതമായി ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന ഖനന പ്രക്രിയകൾമൂലം ജനജീവിതം ദുരിതപൂർണമായിക്കൊണ്ടിരിക്കുകയാണ്. വൻ മാഫിയകളുടെ ഒത്താശയോടെ നടക്കുന്ന ഇത്തരം പരിസ്ഥിതി നാശ പ്രവണതകൾക്കെതിരെ നടക്കുന്ന ജനകീയ മുന്നേറ്റങ്ങൾ പലപ്പോഴും പരാജയപ്പെടുകയാണ്. അച്ചന് ഇതേക്കുറിച്ച് എന്താണ് പറയാനുള്ളത്?

### ? വൈദികർ ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി എന്താണ്?

വൈദികർ ഇന്ന് എതിർക്കപ്പെടേണ്ടത് തിന്മയുടെ ആവശ്യമാണ്. സമൂഹത്തിലെ പല തെറ്റുകളും പൊതുസമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കാൻ വൈദികർക്ക് സാധിച്ചിട്ടുണ്ട്. അതുകൊണ്ട് വൈദികരിലുള്ള വിശ്വാസം നഷ്ടപ്പെടുത്തിയാലേ പല തിന്മകൾക്കും സമൂഹത്തിൽ കടന്നുകൂടാൻ സാധിക്കൂ. അതിനുവേണ്ടി സാമൂഹ്യമാധ്യമങ്ങളിലൂടെയും സോഷ്യൽമീഡിയയിലൂടെയും വൈദികർ വളരെയധികം തേജോവധം ചെയ്യപ്പെടുന്നുണ്ട്. ഏറ്റവും നല്ല ഉദാഹരണം കേരളത്തിലെ സാമ്പത്തിക വികസന രംഗങ്ങൾ ചർച്ചചെയ്യപ്പെടേണ്ട ചാനലുകൾ സഭയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുൻവിധിയോടെ ചർച്ചയ്ക്കെടുക്കുന്നു. സഭയിലും സഭാധികാരികളിലുമുള്ള വിശ്വാസം നഷ്ടപ്പെടുത്താനുള്ള കുത്സിതശ്രമങ്ങൾ ചില പ്രത്യേക പ്രസ്ഥാനങ്ങൾ വളരെ ആസൂത്രിതമായി നടപ്പിലാക്കുന്നു. ഇതിനെല്ലാം പിന്നിൽ ആരൊക്കെയാണെന്ന് പൊതുസമൂഹം മനസ്സിലാക്കി തുടങ്ങിയിട്ടുണ്ട്.

### ? അജപാലന മേഖലയിലേക്ക് കടന്നുവരുന്ന നവപുരോഹിതർക്ക് എന്ത് ഉപദേശമാണ് അച്ചന് നൽകാനുള്ളത്?

മേലധികാരികളോട് അനുസരണമുള്ളവരായി അവരോട് ആലോചന നടത്തി ഏല്പിക്കപ്പെട്ടിരിക്കുന്ന ജനങ്ങളുടെ എല്ലാ കാര്യങ്ങളിലും ഉത്തരവാദിത്വത്തോടെ ഇടപെടലുകൾ നടത്താൻ തയ്യാ

*...... ശേഷം പേജ് 49 -ൽ*

www.malankaralibrary.com

# വിദ്യാദാന പ്രേഷിതരെ വിഗണിക്കുന്നോ?

**മലയാള ഭാഷാപണ്ഡിതനും അധ്യാപകനും എഴുത്തുകാരനും പ്രഭാഷകനും ഗാനരചയിതാവുമായ ഷെവലിയർ ഡോ. പ്രീമൂസ് പെരിഞ്ചേരി കാരുണികനുമായി നടത്തിയ അഭിമുഖം.**

**? ദീർഘകാലം കോളജ് അധ്യാപകനായി ഭാഷയെയും സാഹിത്യത്തെയും അനേകായിരങ്ങൾക്ക് പകർന്നുകൊടുത്തിട്ടുള്ള ഒരു ഭാഷാ സാഹിത്യഗുരുഭൂതനാണല്ലോ അങ്ങ്. കേരള വിദ്യാഭ്യാസമേഖലയിൽ ഇന്നു നടക്കുന്ന ഗുണനിലവാരമില്ലാത്ത പ്രവണതകൾ വിശിഷ്യ, സാഹിത്യ- സാംസ്കാരിക- വിദ്യാഭ്യാസ- ആധ്യാത്മിക മേഖലകളിൽ ഒരു നവോത്ഥാനത്തിന് വഴി തെളിച്ച വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനും ഇതര മിഷണറിമാർക്കുമൊക്കെ പാഠപുസ്തകങ്ങളിൽ നൽകേണ്ട പ്രാധാന്യം നൽകാതെ ശുഷ്കമാക്കി അവഗണിച്ചിരിക്കുന്നതിനെക്കുറിച്ച് അങ്ങേക്ക് എന്താണ് പറയാനുള്ളത്?**

എറണാകുളം സെന്റ് ആൽബർട്സ് കോളജിൽ രണ്ടുവ്യാഴവട്ടക്കാലം (24 വർഷം) അധ്യാപകനാകാൻ ദൈവാനുഗ്രഹമുണ്ടായി- 1980 മുതൽ 2004 വരെ. അധ്യാപന കാലഘട്ടം അങ്ങേയറ്റം കാര്യക്ഷമമായി നിർവഹിക്കാൻ കഴിഞ്ഞതിന്റെ ചാരിതാർഥ്യമുണ്ട്. നിരവധി പ്രതിഭാശാലികളായ വിദ്യാർഥികൾ പലവർഷങ്ങളായി ക്ലാസ്സിലുണ്ടായിരുന്നു. ജീവിതത്തിന്റെ പല ഉയർന്ന നിലകളിലും അവരെത്തിയെന്നതും എടുത്തുപറയണം. വൈദികർ, പ്രൊഫസർമാർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, അഭിഭാഷകർ, പത്രപ്രവർത്തകർ, കലാ-കായിക മേഖലകളിൽ വിജയം വരിച്ചവർ. പൊതുവേ ശാന്തപ്രകൃതികളായിരുന്നു പലരും. എങ്കിലും അത്യാവശ്യം കുഴപ്പക്കാരും അക്കൂട്ടത്തിലുണ്ട്. വേദനയുള്ള ഒരനുഭവം ഓർമയിൽനിന്ന് മായുന്നില്ല. ഒരു കുട്ടി ക്ലാസ്സിൽ നിരന്തരം അസ്വസ്ഥത കാട്ടിയിരുന്നു. അയാളും ശ്രദ്ധിക്കുന്നില്ല, മറ്റുള്ളവരെയും ശല്യപ്പെടുത്തുന്നു. ഒന്നുരണ്ടുവട്ടം ചെറുതായൊന്ന് ഉപദേശിച്ചുനോക്കി; വഴക്കുപറഞ്ഞുനോക്കി. രക്ഷയില്ല. ഒടുവിൽ മറ്റുള്ളവർക്കെങ്കിലും ശല്യമാകാതിരിക്കട്ടെ എന്നു കരുതി ഞാനയാളെ പുറത്താക്കി. അയാൾ ഇറങ്ങിപ്പോവുകയും ചെയ്തു. പക്ഷേ, കഷ്ടമതല്ല, പിന്നെ അയാളെ ഞാൻ ക്ലാസ്സിൽ കണ്ടിട്ടേയില്ല! അതോടെ ഞാനൊരു പാഠം പഠിച്ചു. ഇനി ഒരാളെയും ക്ലാസ്സിൽനിന്ന് ഗറ്റൗട്ട് അടിക്കില്ല. അവിടെ ഇരുത്തിത്തന്നെ തിരുത്താൻ ശ്രമിക്കും. പുറത്തേക്ക് പറഞ്ഞുവിട്ടാൽ പിന്നൊരിക്കലും അയാളെ നമുക്ക് നന്നാക്കിയെടുക്കാൻ കിട്ടിയെന്നുവരില്ല.

ചേർന്നതിന്റെ അടുത്ത വർഷംമുതൽ യൂണിവേഴ്സിറ്റി പരീക്ഷാ ജോലികൾ കിട്ടിത്തുടങ്ങി. പരീക്ഷ എന്നുപറയുന്നതിന്റെ കഥയില്ലായ്മ മനസ്സിലായത് അപ്പോഴാണ്. പേപ്പർ വാല്യുവേഷൻ ഒരു ചടങ്ങുമാത്രമാണ്. ഉത്തരങ്ങളുടെ സൂചനകൾ നൽകുന്ന ഒരു കുറിപ്പ് പരീക്ഷാബോർഡ് ചെയർമാൻവഴി യൂണിവേഴ്സിറ്റി തന്നിരിക്കും. അതിൽ ആദ്യ നിർദേശംതന്നെ, പരീക്ഷയുടെ സത്യസന്ധതയിലും സുതാര്യതയിലും വിശ്വാസമുള്ളവർക്ക് വെള്ളിടിയായി അനുഭവപ്പെടും. നിർദേശം നമ്പർ 1- ഉദാരമായി മാർക്കിടുക. പരീക്ഷാ നടത്തിപ്പിലെ എന്റെ വിശ്വാസം അതോടെ തീർന്നുകിട്ടി.

www.malankaralibrary.com



പാഠ്യപുസ്തകങ്ങളുടെ തിരഞ്ഞെടുപ്പ് പണ്ഡിതന്മാരുടെ ഒരു കമ്മിറ്റിക്കാണെന്നാണ് വയ്പ്. അത്, പക്ഷേ, വീതംവയ്പാണ്! രാഷ്ട്രീയത്തിൽ സ്വാധീനമുള്ളവരാണ് കമ്മിറ്റിയിൽ വരുക. അപ്പോൾ, ടെക്സ്റ്റുബുക്കുകളുടെയും പാഠങ്ങളുടെയുമെല്ലാം തിരഞ്ഞെടുപ്പ് എങ്ങനെയാവും എന്ന് പറയേണ്ടതില്ലല്ലോ.

നമ്മുടെ സാംസ്കാരിക നായകന്മാരെയും അവരുടെ ദർശനങ്ങളെയുമൊക്കെ പരിചയപ്പെടുത്തുന്ന വിഷയത്തിലും തഥൈവയാണ് സ്ഥിതി. സാഹിത്യത്തിലും സംസ്കാരരൂപവത്കരണത്തിലും വ്യാകരണത്തിലും നിഘണ്ടുനിർമാണത്തിലുമൊക്കെ കനത്ത സംഭാവനകൾ നൽകിയ വിദേശ മിഷണറിമാരെയും വിദ്യാദാനപ്രക്രിയ സാർവത്രികമാക്കാൻ അത്യധ്വാനം ചെയ്ത ഇന്നാട്ടുകാരായ വിശുദ്ധ ചാവറയച്ചനെപ്പോലുള്ളവരെയും കടുത്ത മുൻവിധിയോടെ വിഗണിച്ചിരിക്കുകയാണ്. അവരുടെയൊക്കെ സേവനങ്ങൾ പാഠ്യപദ്ധതിയിൽ ഉൾച്ചേർക്കാനുള്ള സത്വരമായ പരിശ്രമങ്ങൾ സമരാംഭിച്ചിട്ടുണ്ടെന്നു മനസ്സിലാക്കുന്നു. സങ്കുചിതമനസ്കരും നിക്ഷിപ്ത താത്പര്യക്കാരും കമ്മിറ്റിക്കാരായി വന്നാൽ, വഞ്ചി തിരുനക്കരെത്തന്നെ കിടക്കും!

**? 'മിഷണറി വ്യാകരണം പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ' എന്ന ഗവേഷണ പ്രബന്ധത്തിലാണല്ലോ അങ്ങ് ഡോക്ടറേറ്റ് കരസ്ഥമാക്കിയിട്ടുള്ളത്. ഈ കാലഘട്ടം മലയാളഭാഷ ഒട്ടുംതന്നെ വികസനം നേടിയിട്ടില്ലാതിരുന്ന ഒരു ദശാസന്ധിയായിരുന്നിട്ടും നമ്മുടെ ഭാഷയെ പഠിക്കാനും ഉൾക്കൊള്ളാനും തുറവുകാട്ടുകയും അമൂല്യമായ സംഭാവനകൾ ഈ രംഗത്ത് നൽകാനും കഴിഞ്ഞു. എന്നാൽ ഇക്കാലഘട്ടത്തിൽ ഭാഷയ്ക്കും ഭാഷാപഠനത്തിനും സഭയും സമൂഹവും വേണ്ടത്ര പ്രാധാന്യം നൽകുന്നുണ്ടോ?**

പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ മലയാള ഗദ്യശാഖയ്ക്കും വ്യാകരണത്തിനുമൊക്കെ മൗലിക സംഭാവനകൾ നൽകിയ മിഷണറിമാരെപ്പറ്റി പഠിക്കുമ്പോഴാണ് അവരുടെ ദീർഘവീക്ഷണത്തെക്കുറിച്ചും അധ്വാനശീലത്തെക്കുറിച്ചും നമുക്ക് മതിപ്പുണ്ടാകുന്നത്. അന്ന് പദ്യം കുറെയൊക്കെ വികസിച്ചുകഴിഞ്ഞിരുന്നു എന്നുപറയാം. സംസ്കൃതത്തിലും സംസ്കൃത പക്ഷപാതിത്വത്തിലുമൊക്കെ ആഴത്തിൽ വേരോടിയ ഒരു സാഹിത്യസംസ്കൃതി ഇവിടെ ഉണ്ടായിരുന്നു. അതൊന്നും പക്ഷേ, സാധാരണക്കാരുടെ വ്യാപാര പരിധിയിൽ വരാതെ, വരേണ്യവർഗമെന്നു കരുതപ്പെടുന്നവരുടെ മാത്രം മേഖലയായിരുന്നു. അതിനൊരു മാറ്റം വരുത്താൻ ഗദ്യശാഖ വികസിക്കേണ്ടതാണെന്ന് മിഷണറിമാർ നിരീക്ഷിച്ചു. അടുക്കും ചിട്ടയുമുള്ള ഗദ്യം നമ്മുടെ വ്യവഹാരഭാഷയായാൽ, ആർക്കുമതു മനസ്സിലാക്കാനും പ്രതികരിക്കാനും ആസ്വദിക്കാനും കഴിയും. പക്ഷേ, അതിന് ആധാരമായ ഗദ്യശൈലി ഇവിടെ ഉണ്ടായിരുന്നില്ല. പാശ്ചാത്യഭാഷകളുടെ ചുവടുപിടിച്ച് വൈശദ്യമാർന്ന ഒരു ഗദ്യശൈലി രൂപപ്പെടുത്താനാണ് മിഷണറിമാർ ശ്രമിച്ചത്. കർത്താവ്, കർമം, ക്രിയ എന്ന അനുരൂപത്തിൽ വാക്യഘടന സാധിച്ചാൽ കാര്യം എളുപ്പമാകും. പക്ഷേ, പദങ്ങളുടെ പരസ്പരബന്ധവും ഘടകോപഘടകപ്പൊരുത്തവും വ്യക്തമാക്കാൻ ഇവിടെ ഗദ്യത്തിന് ഒരു വ്യാകരണ ഗ്രന്ഥമില്ലാത്തതാണ് മുഖ്യപോരായ്മ. ഭാഷയുടെ ശാസ്ത്രമായ വ്യാകരണത്തിന് ആദ്യ

www.malankaralibrary.com

മായൊരു ഗദ്യനിർമിതിരൂപം നിർണയിച്ചത് ഡോ. ആഞ്ചലോ ഫ്രാൻസിസ് മെത്രാപ്പോലീത്തയാണ്. ഗദ്യവ്യാകരണഗ്രന്ഥത്തിന്റെ പ്രഥമ രചനാ ദീപ്തി പ്രസരം ആഞ്ചലോ ഫ്രാൻസിസ് സൃഷ്ടിച്ചുവിട്ടു. അപ്പോഴാണ് വേറൊരു ദുർഘടം. പദങ്ങളുടെ അർഥവും ആശയവും കൃത്യമായി നിർണയിക്കുന്ന ശബ്ദകോശം മലയാളത്തിലില്ല! കിട്ടാവുന്നിടത്തോളം ഭാഷാപദങ്ങൾ തേടിപ്പിടിച്ച് അവയുടെ അർഥം നിജപ്പെടുത്തുന്ന ആദ്യ പദകോശത്തിന്റെ നിർമിതിക്കാരനാകാൻ ആഞ്ചലോ ഫ്രാൻസിസിന് നിയോഗമുണ്ടാകുന്നതും അങ്ങനെയാണ്. തുടർന്ന് വരാപ്പുഴ നിഘണ്ടുക്കളെന്നപേരിൽ പുതിയ പുതിയ ശബ്ദകോശങ്ങൾ വന്നുകൊണ്ടിരുന്നതും.

പക്ഷേ, മലയാളത്തിലെ ഗദ്യരചനയുടെ ആദ്യ വ്യാകരണഗ്രന്ഥം മലയാളത്തിലായിരുന്നില്ല. അതിനുകാരണമുണ്ട്; ആഞ്ചലോ ഫ്രാൻസിസ് മലയാളത്തിന്റെ ഗദ്യവ്യാകരണമാണ് രചിച്ചതെങ്കിലും, അത് വിദേശികളായ മിഷണറിമാർക്ക് മലയാള ഭാഷയിലൂടെ മതപ്രചാരണം നടത്താനുദ്ദേശിച്ച് എഴുതപ്പെട്ടവയാണ്. എന്നാലും കേരളപാണിനിക്കും മലയാളത്തിന്റെ വ്യാകരണം മലയാളത്തിൽ എഴുതിയവർക്കും ആദിമാതൃകയായി വർത്തിച്ചത് ആഞ്ചലോ ഫ്രാൻസിന്റെയും മറ്റും ആദ്യകാല വ്യാകരണങ്ങളാണെന്ന് അവർതന്നെ സമ്മതിച്ചിട്ടുള്ള കാര്യവുമാണ്. അത് അവർ തങ്ങളുടെ കൃതികളിൽ ആദരപൂർവം ആവർത്തിച്ച് രേഖപ്പെടുത്തിയിട്ടുമുണ്ട്.

### ? നിരവധി കത്തോലിക്കാ പ്രസിദ്ധീകരണങ്ങളിൽ സ്ഥിരമായി എഴുതുകയും പത്രാധിപസമിതി അംഗമായി പ്രവർത്തിക്കുകയും ചെയ്യുന്ന സാറിന്, കേരളസഭ മാധ്യമരംഗത്ത് ഇന്ന് വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നില്ലായെന്ന് തോന്നിയിട്ടുണ്ടോ? ഇല്ലെങ്കിൽ കാരണം എന്തായിരിക്കും?

1973 മുതൽ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുനിൽക്കാൻ ദൈവാനുഗ്രഹമുണ്ടായി. ഒരേ സമയം, കുടുംബദീപം, താലന്ത്, ചെറുപുഷ്പം, പ്രേഷിതകേരളം, ജീവദീപ്തി, സംരക്ഷകൻ എന്നിവയുടെ പത്രാധിപസമിതിയംഗമാകാനും വരംകിട്ടി. കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ നിരവാരം വ്യത്യസ്തമാണെങ്കിലും ഒന്നും കീഴേക്കിടയിലാണെന്നും തോന്നിയിട്ടില്ല. അവയുടെ വായനക്കാർ പൊതുവേ കടുത്ത വിമർശനബുദ്ധിയുള്ളവരല്ല. അഭിപ്രായങ്ങൾ കടുത്ത ഭാഷയിൽ പറയാൻ അവർ വിമനസ്സുകളാണ്. എങ്കിലും കാര്യങ്ങൾ അവർ യഥാവിധി മനസ്സിലാക്കുന്നുവെന്നാണ് എന്റെ നിരീക്ഷണം.

കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ നടത്തിപ്പുകാരും സംഘടിതാക്കാളും എല്ലാവരുംതന്നെ വൈദികസമൂഹങ്ങളോ സന്ന്യസ്ത സഭകളോ ആണ്. സഭയിലും സമൂഹത്തിലും ബോധസ്വരൂപണമോ, ബോധനവീകരണമോ സാധിക്കണം എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കേണ്ടവരാണിവർ. നല്ലൊരളവുവരെ അതു സാധിക്കുന്നുമുണ്ട്. എന്നാലും സമകാലിക ജനമനസ്സുകളോട് ആശാസ്യമാംവിധം ആശയസംവേദനം നടത്തുന്നുണ്ടോ എന്ന ചോദ്യം ബാക്കിയാകുന്നുണ്ട്. സഭോദ്ധാരണ യത്നങ്ങളിൽ തങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് പുനർവിചിന്തനങ്ങൾ നടത്തേണ്ടതുണ്ട്. ഉണർത്തുപാട്ടുകാരും ജാഗരണ പ്രബോധകരുമാവേണ്ടതുണ്ട്. നമുക്കിത് മുദ്രണാലയ പ്രേഷിതത്വമാണ്. പ്രസ് അപ്പോസ്തലേറ്റ് എന്നകാര്യം വിഗണിതമാകുന്നുണ്ടോ? കടലാസിനു വിലകൂടി, അച്ചടിക്കു ചെലവേറി അതുകൊണ്ട് പ്രസിദ്ധീകരണത്തിനു വിലകൂടുന്നുവെന്ന ബോക്സ് നമ്മുടെ പ്രസിദ്ധീകരണങ്ങളിൽനിന്ന് എന്നാണ് മറയുക! ലാഭം കിട്ടുന്നില്ല, നഷ്ടത്തിലോടുന്നു എന്ന വിലാപഗീതികൾക്കുപകരം ഇതു ഞങ്ങളുടെ കടമയാണെന്ന ഗ്ലോറിയാപ്പാട്ട് കത്തോലിക്കാ പ്രസാധകവേദിയിൽനിന്ന് എന്നാണുയരുക? ലാഭമുണ്ടാകാത്ത ഒറ്റ കാരണത്തിന്റെ പേരിൽ ഒരു ദുഷ്പ്രഭാതത്തിൽ പ്രസാധനം നിർത്തിക്കളഞ്ഞവരും ഒന്നു മറ്റൊന്നിൽ ലയിപ്പിച്ചുകളഞ്ഞവരും പലരുണ്ട് നമ്മുടെ ഗണത്തിൽ.

### ? വൈദികാർഥികളെയും സന്ന്യസ്ത അർഥിനികളെയുമൊക്കെ പരിശീലിപ്പിക്കുന്നതിൽ ഇന്നും സജീവസാന്നിധ്യമായിരിക്കുന്ന ഒരു കുടുംബനാഥനെന്ന നിലയിൽ ഇന്നത്തെ ദൈവവിളികളെ സാർ എങ്ങനെ വിലയിരുത്തുന്നു. വൈദിക – സമർപ്പിത രൂപവത്കരണ മേഖലകളിൽ പോരായ്മകൾ തോന്നിയിട്ടുണ്ടോ?

1980 മുതൽ കോളജിൽ പഠിക്കുന്നതിനൊപ്പം ഞാൻ സെമിനാരിയിൽ പരിശീലനത്തിലും ഏർപ്പെട്ടു. പെറ്റി സെമിനാരിമുതൽ മേജർസെമിനാരികളിൽവരെ അധ്യാപകനായിരുന്നു. അർപ്പണ മനോ

www.malankaralibrary.com

ഭാവത്തോടെ സെമിനാരിയിൽ വരുന്നവർമുതൽ ജീവിതവിജയത്തിനുള്ള ചവിട്ടുപടിയായി കണക്കാക്കുന്ന വൈദികപഠനാർഥികളെവരെ കണ്ടിട്ടുണ്ട്. മനസ്സാണ്, ഇച്ഛയാണു മുഖ്യം. പരിശീലനത്തിന്റെ അപര്യാപ്തതയല്ല, സ്വീകാര്യതയുടെയും ഉൾച്ചേർക്കലിന്റെയും പ്രശ്നങ്ങളാണ് വൈദികാർഥികളെ അലട്ടുന്നതെന്നാണ് എന്റെ വീക്ഷണം. പ്രാർഥിക്കാനും പഠിക്കാനും കളിക്കാനും കഴിവുകൾ വികസ്വരമാക്കാനും സെമിനാരികൾ നൽകുന്ന സൗകര്യങ്ങളും അവസരങ്ങളും ഫലപ്രദമായി വിനിയോഗിച്ചാൽ മതി. സഭയുടെയും സമൂഹത്തിന്റെയും അനുക്ഷണവികാസവും വികാരവും വൈദികാർഥികളിലേക്ക് സംക്രമിപ്പിക്കാനും സംവദിക്കാനും കഴിയണം. പണ്ഡിതന്മാരും പ്രാർഥനാചൈതന്യമുള്ളവരും സഹിഷ്ണുതാശാലികളുമായ പരിശീലകർ മാത്രം സെമിനാരി പ്രൊഫസർമാരാകട്ടെ. അവരുടെ വിജ്ഞാനമികവിനെക്കാൾ, മാതൃകാജീവിതമാണ് വൈദികാർഥികൾ കാംക്ഷിക്കുന്നതെന്ന് മറക്കാതിരിക്കാം.

## ? ക്രിസ്ത്യൻ ഭക്തിഗാന രംഗത്തും അമൂല്യസംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന അങ്ങേക്ക് ഇന്നത്തെ പുതിയ ഭക്തിഗാന രചയിതാക്കളോടും സംഗീത സംവിധായകരോടും എന്താണ് പറയാനുള്ളത്?

പ്രീഡിഗ്രി പഠനകാലത്തുതന്നെ ഭക്തിഗാനങ്ങളും ഇടവക ക്ലബുകൾക്കുവേണ്ടി നാടകഗാനങ്ങളും എഴുതുമായിരുന്നു. എങ്കിലും ആദ്യം റെക്കോർഡു ചെയ്യപ്പെട്ട ഗാനം, ഒരു ദിവ്യകാരുണ്യഗീതം, 1986-ൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായുടെ കേരള സന്ദർശനത്തോടനുബന്ധിച്ച് കളമശ്ശേരിയിൽ നടന്ന ദിവ്യപൂജയ്ക്കുവേണ്ടി എഴുതിയതാണ്. എഴുതിയ ഗാനങ്ങളിൽ ഏറെ എനിക്കിഷ്ടമായതും പ്രചാരം നേടിയതും ദിവ്യകാരുണ്യഗീതങ്ങളാണെന്ന് നന്ദിയോടെ ഓർക്കുന്നു.

ഇപ്പോൾ നിരവധി ക്രിസ്തീയ ഗാനരചയിതാക്കളാൽ സഭാന്തരീക്ഷം സുരഭിലവും പുഷ്കലവുമാകുന്നുണ്ട്. നിരവധി സംഗീതശില്പികളും ആലാപകരുമുണ്ട്. ആധുനിക മാധ്യമങ്ങളിലൂടെ അവർ നിരന്തരം വെളിച്ചം കാണുന്നുമുണ്ട്. അതിൽ എനിക്ക് അധികം സന്തോഷമുണ്ട്. എല്ലാ രചനകളും നന്നാവണം എന്ന് ശഠിക്കരുതല്ലോ. പക്ഷേ, സംഗീതത്തിന്റെ മേന്മകൊണ്ട് യശസ്വികളായ പാട്ടുകളുമുണ്ടല്ലോ. സാങ്കേതിക സാധ്യതകൾ വർധിച്ചതിനാൽ, പുതിയ ഗാനങ്ങൾ ധാരാളമായി വരുന്നുണ്ട്. ക്രിസ്ത്യൻ ഭക്തിഗാനമെന്നാൽ ഒരു പ്രാർഥനയാണെന്ന് എഴുത്തുകാരും കേവലം വിനോദഗീതമല്ലെന്ന് സംഗീതം നൽകുന്നവരും കരുതുമ്പോൾ എല്ലാം ശുഭകരമാകും. ■

*......പേജ് 45 -ൽ നിന്ന് തുടർച്ച.*

റാകണം. ഒരു വൈദികൻ എല്ലാവർക്കും സംലഭ്യനാകേണ്ടവനാണ്. നിശ്ചയദാർഢ്യവും നിലപാടുകളും ഉള്ളവരാകണം. എല്ലാവർക്കും സമീപിക്കാൻ പറ്റുന്ന എളിമയുള്ള ശൈലി സ്വീകരിക്കണം. കാനായിലെ കല്യാണവിരുന്നിലെ മറിയത്തിന്റെ സാന്നിധ്യംപോലെ ഏല്പിക്കപ്പെട്ടിരിക്കുന്നവരുടെ ആവശ്യങ്ങൾ മനസ്സിലാക്കാൻ പറ്റുന്ന സാന്നിധ്യമാകണം. ഏറ്റവും പ്രധാനം ജനങ്ങൾക്കുവേണ്ടി ഓരോ പ്രഭാതത്തിലും വിശുദ്ധകുർബാനയുടെ മുമ്പിലിരുന്ന് പ്രാർഥിക്കുന്ന വ്യക്തിയായി രൂപാന്തരപ്പെടണം.

## ? ഫ്രാൻസിസ് പാപ്പായുടെ ശൈലിയിൽ നിന്നും വൈദികർ സ്വാംശീകരിക്കേണ്ട കാര്യങ്ങൾ എന്താണ്?

വൈദികർ കരുണയുള്ളവരാകണം. അവഗണിക്കപ്പെട്ടവരെയും പാർശ്വവല്കരിക്കപ്പെട്ടവരെയും ചേർത്തുപിടിക്കണം. മൂല്യങ്ങളിൽ വെള്ളം ചേർക്കാതെ നിലപാടുകൾ സ്വീകരിക്കണം. എല്ലാ പ്രവർത്തനങ്ങളിലും ക്രിസ്തു അറിയപ്പെടണം. പാപ്പായുടെ ശൈലിയിൽനിന്ന് ഉൾക്കൊള്ളേണ്ട മാതൃക ഇതായിരിക്കണം.

## ? അച്ചന്റെ ജീവിതരേഖ?

പാലാരൂപതയിലെ പൈക ഇടവകയിൽ 1977 ഡിസംബർ 20-നാണ് ഞാൻ ഭൂജാതനായത്. വൈദിക മോഹവുമായി 1994 ജൂൺ 12-ന് സെമിനാരിയിൽ ചേർന്നു പഠന പരിശീലനങ്ങൾ പൂർത്തിയാക്കി 2004 ഡിസംബർ 27-ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു. തുടർന്ന് വിവിധ ഇടവകകളിൽ സേവനമനുഷ്ഠിച്ചു. ഇപ്പോൾ പിറവം മുളക്കുളം സെന്റ്മേരീസ് കത്തോലിക്കാ പള്ളി വികാരിയായി ശുശ്രൂഷ ചെയ്യുന്നു. ■

www.malankaralibrary.com

# പ്രതിസന്ധികളിലും മിന്നുന്ന മിന്നു

ജോസ് ക്ലെമന്റ്
*jacychathiath@gmail.com*

**തീരക്കാറ്റിന്റെ മർമരങ്ങൾക്കൊപ്പം കുഞ്ഞുപാദങ്ങൾ ചലിക്കുന്നതുകണ്ടപ്പോൾ ആരുടെ കണ്ണുകളിലും ആ കാഴ്ച തെളിഞ്ഞില്ലെങ്കിലും ജപമാലചൊല്ലി പ്രാർഥനാനിരതയായ മുത്തശ്ശിയുടെ കണ്ണുകളിൽ ആ കുഞ്ഞുചുവടുകളിൽ ഒരു നർത്തകിയെ കണ്ടു. അതൊരു പ്രോത്സാഹനമായി മാറിയപ്പോൾ മൂന്നരവയസുകാരി മിന്നുവിന്റെ പാദങ്ങൾക്ക് ചിലങ്ക ഭൂഷണമായി. ആലപ്പുഴ കൊമ്മാടി സ്വദേശിനി മിന്നു വിരോണിയെന്ന 21കാരിയുടെ നൃത്തത്തിലൂടെയുള്ള സദ്‌വാർത്ത പ്രഘോഷണത്തിന്റെ വിളംബരം.**

വൈക്കം മുഹമ്മദ് ബഷീറിന്റെ 'ന്റുപ്പാപ്പക്കൊരാനേണ്ടാർന്നു' എന്ന കൃതിയിൽ, അടഞ്ഞുകിടക്കുന്ന മുറിയുടെ ജനാലകളും വാതിലുകളും തുറന്നിട്ടപ്പോൾ അകത്തേക്ക് കടന്നുവന്ന വെളിച്ചം കണ്ടപ്പോൾ നായിക പ്രതികരിച്ചത് ശ്രദ്ധേയമാണ്: "വെളിച്ചത്തിന് എന്തൊരു വെളിച്ചം!" വാടകവീട്ടിലെ മിന്നു വിരോണിയുടെ ജീവിതത്തിലേക്ക് നൃത്തം വെളിച്ചമായി കടന്നുവന്നപ്പോൾ ബഷീർ നായികയുടെ പ്രതികരണം തന്നെയാണ് മിന്നുവെന്ന ഭരതനാട്യനർത്തകിക്കുമുണ്ടായത്. നൃത്തം ജീവിതോപാധിയാക്കി മാറ്റുക എന്നതിലുപരി മിന്നുവിന് തന്റെ വിശ്വാസം പ്രഘോഷിക്കുന്നതിനുള്ള ഒരു മാധ്യമമായി മാറിയിരിക്കുകയാണ് നൃത്തം.

## വാടകവീട്ടിൽ നിന്നൊരു നർത്തകി

ആലപ്പുഴ തീരദേശത്തെ കൊമ്മാടി ചിറപ്പറമ്പിൽ ആന്റണി മൈക്കിളിന്റെയും ഫിലോമിനയുടെയും മൂത്തമകളാണ് മിന്നു വിരോണി. കൂലിപ്പണിക്കാരനായ പിതാവിന്റെ തുച്ഛവരുമാനംകൊണ്ട് മാസവാടകയും നിത്യചെലവുകളും രണ്ടുമക്കളുടെ പഠനചെലവും രോഗിയും വൃദ്ധയുമായ മാതാവിനെയും പുലർത്തേണ്ടിവരുമ്പോൾ മകളെ കലാകാരിയാക്കാനൊന്നും ഈ മാതാപിതാക്കൾക്കാകില്ലായിരുന്നു. സ്വന്തമായി ഒരു ഭവനവും പട്ടിണികൂടാതെ ഒരു ലളിതജീവിതവും അതുമാത്രമായിരുന്നു ഇവരുടെ സ്വപ്നം. ഈ സ്വപ്നത്തോട് താദാത്മ്യപ്പെട്ടു ജീവിക്കാൻ മിന്നുവിനും സഹോദരി മീനുവിനും കഴിഞ്ഞു. പടിഞ്ഞാറൻ കായലോരത്തുനിന്ന് വീശിയടിക്കുന്ന കാറ്റിന്റെ മൂളക്കങ്ങൾക്കൊപ്പം മൂന്നരവയസുകാരി കുഞ്ഞുപാദങ്ങൾകൊണ്ട് ചലനങ്ങൾ സൃഷ്ടിക്കുന്നത് ആരിലും അത്ഭുതമുളവാക്കിയില്ല. കാരണം, വിശക്കുന്ന വയറുകൾക്ക് അന്നം കണ്ടെത്തുക എന്നതിനപ്പുറം കലയും മറ്റ് പ്രത്യയശാസ്ത്രങ്ങളുമൊക്കെ അവർക്കന്യമായിരുന്നു. പക്ഷെ മുത്തശ്ശി കുഞ്ഞമ്മ മൈക്കിളിന്റെ കാഴ്ചവട്ടത്തിൽ ആ ചലനങ്ങളിൽ നൃത്തത്തിന്റെ ലാസ്യഭാവങ്ങൾ കണ്ടു. അതുകൊണ്ടുതന്നെ ഈ മുത്തശ്ശി അവളുടെ മാതാപിതാക്കളുടെ അനുവാദത്തോടുകൂടിത്തന്നെ ആദ്യകൺമണി കുഞ്ഞുമിന്നുവിനെ നൃത്താധ്യാപകൻ സിജോയ്ക്കു മുന്നിലെത്തിച്ചു. ആദ്യം കാഴ്ചക്കാരിയായി നിന്നുകൊണ്ട് പരിശീലനംനേടുന്ന മറ്റ് മുതിർന്ന കുട്ടികളുടെ കാൽചുവടുകളും അംഗവിക്ഷേപങ്ങളു

www.malankaralibrary.com

മൊക്കെ കുഞ്ഞുമനസ്സിൽ ഒപ്പിയെടുക്കുകയായിരുന്നു മൂന്നരവയസുകാരി മിന്നു. മിന്നുവിന്റെ ഇളയ അമ്മാവൻ സിബിച്ചന്റെ ആത്മാർഥ സുഹൃത്തായിരുന്നു നൃത്താധ്യാപകൻ സിജോ എന്നതിനാൽ ഈ കുരുന്നിന് അവിടെ സർവസ്വാതന്ത്ര്യം നൽകിയിരുന്നു. മാത്രമല്ല, വീട്ടവസ്ഥ മനസ്സിലാക്കിയതിനാൽ പരിശീലന ഫീസൊന്നും വാങ്ങാൻ കൂട്ടാക്കാതെ തന്നെ കുഞ്ഞുമിന്നുവിനെയും തന്റെ ശിഷ്യയാക്കി. ഗുരുവിന്റെ നിരീക്ഷണം നന്നായി ശിഷ്യയിലുണ്ടായപ്പോൾതന്നെ എൽ.കെ.ജി വിദ്യാർഥിനിയായിരുന്ന നാലുവയസുകാരി മിന്നു നാടോടി നൃത്തത്തിൽ അരങ്ങേറ്റം നടത്തി. തുടർന്നങ്ങോട്ട് ഒന്നാം ക്ലാസ്സുമുതൽ ഹൈസ്കൂൾ പഠനം പൂർത്തിയാക്കുന്നതുവരെ മിന്നുവെന്ന കൊച്ചുനർത്തകിക്ക് തിരിഞ്ഞുനോക്കേണ്ടിവന്നില്ല. നൃത്തവേദികളിൽ എന്നും ഒന്നാം സ്ഥാനക്കാരിയായി മുന്നേറുകയായിരുന്നു.



നൃത്തമത്സരങ്ങൾക്കായി നല്ല ചെലവുകൾ വേണ്ടിവരുമ്പോൾ മിന്നുവിന്റെ കുടുംബ പശ്ചാത്തലം ബോധ്യമുള്ള സിജോമാഷ് ഔദാര്യപൂർവം കോസ്റ്റ്യൂമും ആടയാഭരണങ്ങളുമൊക്കെ മിന്നുവിനായി തരപ്പെടുത്തിക്കൊടുക്കുമായിരുന്നു. തുടർച്ചയായി അഞ്ചുവർഷം സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡുകാരിയായി വിക്ടറി സ്റ്റാന്റിൽ നിൽക്കാൻ മിന്നുവിന് സാധിച്ചത് ഗുരുനാഥന്റെ ഈ 'കട്ട സപ്പോർട്ട്' ആണെന്ന് പേരെടുത്ത നർത്തകി മിന്നു മടികൂടാതെ എളിമയോടെ സമ്മതിക്കുന്നു. ഇതിനിടയിൽ ബൈബിൾ കലോത്സവവേദികളിലും കെ.സി.വൈ.എം കലോത്സവങ്ങളിലും മിന്നു തിളങ്ങുന്ന താരമായി മാറി. 2016-ൽ സംസ്ഥാന ബൈബിൾ കലോത്സവത്തിൽ ഫോൽക് ഡാൻസിൽ പ്രതിഭയായത് ആലപ്പുഴ രൂപതയ്ക്കുവേണ്ടി ചിലങ്കയണിഞ്ഞ മിന്നുവായിരുന്നു. ആഹാബ് രാജാവിന്റെ കഥ ചിട്ടപ്പെടുത്തി നൃത്താവിഷ്ക്കാരമാക്കി സിജോ മാഷ് തന്നെയാണ് മിന്നുവിനെ രംഗത്തെത്തിച്ചത്.

## ജപമാലയുടെ കരുത്ത്

അശീതിയിലെത്തിയ മുത്തശ്ശിയാണ് മിന്നുവിന്റെ നടന ജീവിതത്തിലെ കരുത്ത്. ആ കരുത്ത് പകർന്നുകിട്ടിയത് തന്റെ പരിശീലനവേളകളിലും മത്സരവേദികളിലും കരങ്ങളിൽ ജപമാലയേന്തി തനിക്കു മുന്നിൽ ആഗതയാകുന്ന കുഞ്ഞമ്മ മുത്തശ്ശിയുടെ പ്രാർഥനയാണ്. ആ പ്രാർഥനാ ചൈതന്യം തനിക്കും പകർന്നുകിട്ടിയത് മുത്തശ്ശിയിൽനിന്നാണെന്ന് മിന്നു സന്തോഷപൂർവം പങ്കുവയ്ക്കുന്നു. ഏതൊരു മത്സരത്തിനു പോകുമ്പോഴും പള്ളിയിൽപോയി ചിലങ്ക വെഞ്ച

www.malankaralibrary.com



രിച്ച് പ്രാർഥിച്ചാണ് മത്സരവേദിയിൽ പ്രവേശിക്കുക. മാത്രമല്ല അണിയുന്ന വസ്ത്രത്തിനുള്ളിൽ ജപമാലയും ചേർത്തുവയ്ക്കും. ബൈബിൾ കലോത്സവങ്ങളിൽ പരസ്യമായി പ്രദർശിപ്പിക്കാൻ ശ്രമിക്കുമ്പോൾ മറ്റുകലോത്സവങ്ങളിൽ രഹസ്യമായി നൃത്തവസ്ത്രത്തിൽ സൂക്ഷിക്കും. ജപമാല ധരിക്കാതെ ഒരു മത്സരത്തിലും താൻ പങ്കുചേർന്നിട്ടില്ലെന്ന് മിന്നു അഭിമാനത്തോടെയാണ് വെളിപ്പെടുത്തുന്നത്. അത് തനിക്ക് നൽകുന്ന ശക്തിയും സംരക്ഷണവും നാളിതുവരെ തനിക്കനുഭവവേദ്യമായിട്ടുണ്ടെന്ന് പറയാനും മിന്നുവിന് മടിയില്ല. 'സർവശക്തനായ ദൈവം എന്നെ രക്ഷിച്ചുകൊള്ളും' എന്ന ദൃഢമായ വിശ്വാസം ഈ നർത്തകിയിൽ രൂഢമൂലമായതിനാൽ ഈയൊരു പ്രാർഥനാമന്ത്രം മിന്നുവിന്റെ ജീവിത സുകൃതജപമാണ്. 80-ന്റെ പൂമുഖപടിയിലെത്തിയിട്ടും ജപമാലയേന്തി മിന്നുവിന് മുന്നിലിരിക്കുന്ന മുത്തശ്ശി വലിയ പ്രചോദനവും ആത്മവിശ്വാസവുമാണ് ഈ കലാകാരിക്ക് നൽകിക്കൊണ്ടിരിക്കുന്നത്.

## അനുഗ്രഹ തൂവൽസ്പർശം

പത്താംതരം പഠനം പൂർത്തിയാക്കിയതോടെ കുടുംബത്തിന് അത്താണിയാകാനുള്ള ആഗ്രഹത്തിൽ തൊഴിലധിഷ്ഠിത കോഴ്സിൽ ചേരുന്നതിന്റെ മുന്നൊരുക്കമായി പ്ലസ്ടു പഠനത്തിന് സയൻസ് വിഷയമാണ് മിന്നു തിരഞ്ഞെടുത്തത്. തുടർന്ന് നഴ്സിംഗിനുചേർന്ന് പിതാവിന് ഒരു സഹായമാകുക എന്നതായിരുന്നു ലക്ഷ്യം. പക്ഷെ പ്ലസ്ടു വിജയിച്ചപ്പോൾ, തന്റെ സിദ്ധിയും സാധനയും വിട്ടുപേക്ഷിച്ച് മറ്റൊരു മേഖലയിലേക്കു പോകാൻ മിന്നുവിന്റെ മനസ്സനുവദിച്ചില്ല. തന്നിൽ നിക്ഷിപ്തമായ താലന്തിനെ വളർത്താൻ തന്നെ ഈ ടീനേജുകാരി തീരുമാനിച്ചു. നൃത്തത്തിൽ ശാസ്ത്രീയമായി അവഗാഹം നേടുക. അതിനായി തൃശിനാപ്പള്ളി കലൈ കാവിരി കോളജ് ഓഫ് ഫൈൻ ആർട്സിൽ ബി.എ ഭരതനാട്യത്തിനു ചേർന്നു.

ഭരതനാട്യം ബിരുദ പ്രവേശനം പൂർത്തിയായി ക്ലാസ്സ് ആരംഭിച്ച ദിനത്തിലാണ് ഭാവി പഠനത്തെക്കുറിച്ച് തീരുമാനിച്ചുറപ്പിച്ച് തമിഴ്നാട്ടിലെത്തുന്നത്. പ്രവേശനം കിട്ടില്ലെന്നുതന്നെയായിരുന്നു ധാരണ. എന്നാൽ ഒരു സീറ്റ് തനിക്കായി ഒഴിച്ചിട്ടിരുന്നതുപോലെയായിരുന്നു. ദൈവാനുഗ്രഹത്തിന്റെ തൂവൽസ്പർശമായിരുന്നു മിന്നുവിന് അന്നനുഭവപ്പെട്ടത്. മൂന്നുവർഷപഠനം പൂർത്തിയാക്കി വിജയിച്ച മിന്നു ആഗ്രഹിച്ചതിൻപ്രകാരം ഇന്നിപ്പോൾ കുടുംബത്തിന്റെ വരുമാന ഭാഗമാകാൻതക്കവിധം തൊഴിലിലും പ്രവേശിച്ചു.

സി.എം.ഐ സന്യാസ വൈദികർ ചങ്ങനാശ്ശേരി ചെത്തിപ്പുഴയിൽ നടത്തുന്ന സർഗക്ഷേത്ര കൾച്ചറൽ സെന്ററിലെ നൃത്താധ്യാപികയാണ് മിന്നു ഇപ്പോൾ. ഇതോടൊപ്പം സ്വന്തമായി കുട്ടികൾക്ക് പരിശീലനവും നൽകുന്നുണ്ട്. 25-ൽപ്പരം വിദ്യാർഥികൾ ശിഷ്യകളായിട്ടുണ്ട്. താമസിയാതെ കൊമ്മാടി വായനശാലയോട് അനുബന്ധിച്ച് സൃഷ്ടി നൃത്തകലാകേന്ദ്രം ആരംഭിക്കുന്നതിനുള്ള അണിയറ പ്രവർത്തനങ്ങളിലാണ് ഈ നൃത്താധ്യാപിക.

ഇതിനിടയിൽ ആന്ധ്രാപ്രദേശിലെ പ്രാചീനകലാകേന്ദ്രത്തിൽനിന്നും കുച്ചുപ്പുടിയിൽ ഡിപ്ലോമയും മിന്നു കരസ്ഥമാക്കി. ദൈവാനുഗ്രഹത്തിന്റെ പൂമഴ എന്നും തന്നിൽ പെയ്തിറങ്ങുന്നുണ്ടെന്ന വിശ്വാസക്കാരിയാണ് മിന്നു. കാരണം, തനിക്ക് ജീവിതത്തിലുണ്ടാകുന്ന നെഗറ്റീവ് അനുഭവങ്ങളൊക്കെ ദൈവപരിപാലനയിൽ എല്ലാം പോസിറ്റീവായി തീരുന്ന അനുഭവമാണ് നാളിതുവരെ ഉണ്ടായിട്ടുള്ളതെന്ന് മിന്നു ഓർമിച്ചെടുക്കുന്നു.

## പൊള്ളലിലും ദൈവാനുഗ്രഹം

എസ്.എസ്.എൽ.സി പരീക്ഷയുടെ തലേദിനത്തിൽ

www.malankaralibrary.com

മുത്തശ്ശിക്ക് വെള്ളം ചൂടാക്കുന്നതിനിടയിൽ അബദ്ധത്തിൽ തിളച്ചവെള്ളം മറിഞ്ഞുവീണ് മിന്നു 75% പൊള്ളലേറ്റ് ആലപ്പുഴ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. ഇത് കുടുംബത്തിനുതന്നെ വലിയ ആഘാതമായി. ഒപ്പം പ്രതീക്ഷയുടെ പച്ചതുരുത്തിനു തീ പിടിച്ച അവസ്ഥയുമായി. പൊള്ളിയ ശരീരവുമായി എസ്.എസ്.എൽ.സി പരീക്ഷയെഴുതാൻ അവൾക്കു കഴിഞ്ഞു. പ്രതീക്ഷ ആർക്കുമില്ലായിരുന്നു. എന്നാൽ മിന്നുവിനു നല്ല പ്രതീക്ഷയുണ്ടായിരുന്നു. സർവശക്തനായ ദൈവം തന്നെ കൈവിടില്ലെന്ന ബോധ്യം അവളുടെ റിസൾട്ടിൽ പ്രതിഫലിച്ചു. സമ്പൂർണ എപ്ലസ് കരസ്ഥമാക്കിക്കൊണ്ടുള്ള ഫലപ്രഖ്യാപനമായിരുന്നു അത്. അനേകായിരങ്ങളുടെ നിലക്കാത്ത പ്രാർഥന തന്റെ രോഗശാന്തിക്കും പരീക്ഷാവിജയത്തിനും കാരണമായിയെന്ന് ഒരു ശങ്കയുമില്ലാതെ ഈ നർത്തകി വിശ്വസിക്കുകയാണിന്നും.

## ഭാവി പദ്ധതി

ഭരതനാട്യത്തിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും കരസ്ഥമാക്കണമെന്നാണ് മിന്നുവിന്റെ ഭാവി ആഗ്രഹങ്ങൾ. അതോടൊപ്പം ഭരതനാട്യത്തെ ബൈബിളധിഷ്ഠിതമാക്കിക്കൊണ്ടുള്ള ഒരു കലാരൂപത്തിന് സാർവത്രികമാനം നൽകുന്നവിധം പരിണമിപ്പിച്ചെടുക്കുക എന്ന മോഹവും സങ്കല്പങ്ങളുമാണ്. ക്രൈസ്തവികമായി ഇന്ന് ഭരതനാട്യം വേദികളിലെത്തുന്നുണ്ടെങ്കിലും ഇത് സാർവത്രികമായ ഒരു കലാരൂപമായി വളർത്തിയെടുക്കുക എന്ന ലക്ഷ്യമാണ് മിന്നുവിനുള്ളത്. നൃത്തം ഒരാസ്വാദന കലയെന്നതിലുപരി ഈ ആസ്വാദനത്തിലൂടെ സദ്വാർത്ത വിളംബരം ചെയ്യുന്ന ഒരു സുവിശേഷകയാകുകയെന്നതാണ് ഒരേസമയം അധ്യാപികയും വിദ്യാർഥിയുമായ മിന്നുവിന്റെ ആഗ്രഹം. വചന പ്രഘോഷണത്തിലൂടെ മാത്രമല്ല, സദ്ചിന്തകൾ പ്രദാനം ചെയ്യുന്ന വചനാവിഷ്കാരം കലയിലൂടെ സംവദിക്കുമ്പോൾ ആസ്വാദക മനസ്സുകളിൽ അത് കേൾവിക്കപ്പുറം കാഴ്ചയുടെ ദൃശ്യവിരുന്നാകുമ്പോൾ ആത്മാവിൽ ആഴത്തിൽ പതിക്കുന്നതിനും അതുവഴി ജീവിതപരിവർത്തനം സാധ്യമാക്കുന്നതിനും പ്രേരകമാകുമെന്നാണ് മിന്നുവിന്റെ മതം.

## ഔദാര്യത്തിൽ നിന്നൊരുങ്ങുന്ന വീട്

മിന്നുവിന്റെ പഠനമികവിൽ ജർമനിയിലുള്ള ഒകാം സന്ന്യാസവൈദികനായ പ്രവീൺ ലോറൻസിന്റെ ശ്രമഫലമായി മിന്നുവിനു ലഭിച്ച സ്കോളർഷിപ്പ് തുകകൊണ്ട് മൂന്നരസെന്റ് ഭൂമി സ്വന്തമാക്കാനായി. അവിടെ മിന്നുവിന് സ്വപ്നസാക്ഷാത്ക്കാര ഭവനം ഒരുങ്ങുകയാണ്. ഈ സ്വപ്നസൗധം പൂർത്തിയാകുമ്പോഴേക്കും സഹോദരി മീനുവിനെ താൻ ആഗ്രഹിച്ച നഴ്സിംഗ് പഠനത്തിന് അയക്കാൻ ഒരുങ്ങുകയാണ് ചേച്ചിയായ മിന്നു. നിരവധി സുമനസരുടെ ഔദാര്യവും അതിലുപരി പ്രാർഥനയും തങ്ങളെ വഴിനടത്തുന്നുണ്ടെന്നുള്ളത് ദൈവത്തിന്റെ അനന്തമായ കരുണയും കരുതലുമാണെന്ന് ചിറപ്പറമ്പിൽ കുടുംബാംഗങ്ങൾ വിശ്വസിക്കുന്നു. താൻ ഇന്ന് എന്തായിരിക്കുന്നുവോ അതിന്റെ കാരണം തന്റെ മാതാപിതാക്കളുടെ ശിക്ഷണവും ദൈവാനുഗ്രഹവും ജപമാലയർപ്പണത്തിലൂടെ കരഗതമാകുന്ന ആത്മശക്തിയും മൂന്നരവയസു മുതൽ ഇന്നോളം തന്റെ പരിശീലകനും ഗുരുഭൂതനുമായ സിജോ സാറുമാണെന്ന് മിന്നു വിരോണി ആന്റണിയെന്ന ജീസസ് യൂത്ത് പ്രവർത്തക സംശയമില്ലാതെ പറയുകയാണ്. ഇത് ഒരു വിശ്വാസിയുടെ ഉള്ളുരുക്കത്തോടെയുള്ള ആത്മഹർഷമായി മാറുന്നു. കാൽചിലങ്കകളുതിർക്കുന്ന സ്വരമാധുരിയും കരങ്ങളും നയനങ്ങളും സംവദിക്കുന്ന അർഥവിക്ഷേപങ്ങളും മിന്നുവെന്ന നർത്തകയിൽനിന്നുള്ള ദൈവരാജ്യോന്മുഖമായ സദ്വാർത്താ പ്രഘോഷണമായി സമൂഹത്തിൽ മാറ്റൊലികൊള്ളുകയാണ്. ■



www.malankaralibrary.com




# കാരുണികൻ

## വളർച്ചയുടെ അടുത്ത പടിയിലേക്ക്

കാരുണികൻ വളർച്ചയുടെ പുതിയൊരു
ഘട്ടത്തിലേക്ക് കടക്കുകയാണ്.
വായനക്കാരായ നിങ്ങളുടെ വിലയിരുത്തലുകളും
തിരുത്തലുകളും ഞങ്ങൾ
സ്വാഗതം ചെയ്യുകയും അഭ്യർഥിക്കുകയും ചെയ്യുന്നു.
കാരുണികന്റെ ഉള്ളടക്കംമുതൽ ലേ-ഔട്ട്‌വരെയുള്ള
ഏതു വിഷയത്തെക്കുറിച്ചുമുള്ള നിങ്ങളുടെ
അഭിപ്രായങ്ങൾ ഞങ്ങളെ അറിയിക്കണമെന്ന്
അഭ്യർഥിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന
email-ലും വാട്സാപ്പിലും ഞങ്ങളെ
ബന്ധപ്പെടാവുന്നതാണ്.

നന്ദിയോടെ

**ഫാ. മിഖാസ് കൂട്ടുങ്കൽ**

**e-mail : mkoottumkalsongs@gmail.com**
**WhatsApp : 004915126056114**

www.malankaralibrary.com


ഇത് ബുധിനിയുടെ മാത്രം കഥയല്ല.
ദ്രൗപദി മുർമുവിന്റെ കൂടി കഥയാണ്.
ഓരോ ഗോത്ര വനിതയുടേയും കഥയാണ്...

കൊല്ലം 'അസ്സീസി' അവതരിപ്പിക്കുന്ന
പുതിയ നാടകം അരങ്ങിലെത്തിക്കഴിഞ്ഞു....




അന്വേഷണങ്ങൾക്ക്: 9400497114, 6238892938

ബുക്കിംഗിന് അടുത്തുള്ള അംഗീകൃത പ്രൊഫഷണൽ
ഏജൻസികളുമായി ബന്ധപ്പെടുക

Date of Publication: 13.08.2022 / Karunikan Monthly RNI No. KERMAL/2007/19623 Registered KL/EKM/729/2021-23
Licence No. KL/CR/EKM/WPP-17/2021-23 Licensed to Post Without Prepayment **Total Pages 56**
www.malankaralibrary.com

Since 1888

# സെന്റ് ജോസഫ് ഹോസ്പിറ്റൽ
## മഞ്ഞുമ്മൽ

ചികിത്സിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ

## അക്യുപങ്ചർ ചികിത്സകൾ

ബ്രയിൻ ചുരുങ്ങൽ | പാർക്കിൻസൺസ് | ജനിതകരോഗങ്ങൾ | ഡൗൺ സിൻഡ്രം (Down Syndrom)
മോട്ടോർ നൂറോൺ ഡിസീസ് (M.N.D) | അറ്റൻഷൻ ഡെഫിസി ഹൈപ്പർ ആക്റ്റിവിറ്റി (ADHD)
ലേർനിങ്ങ് ഡിസെബിലിറ്റി (Learning Disability) | ആസ്ത്മ | പാനിക് അറ്റാക്ക്
ടെന്നീസ് എൽബോ (Tennis Elbow) | ഗോൾഫ്സ് എൽബോ (Golfs Elbow)
ഡയബറ്റിക് ന്യൂറോപ്പതി (Diabetic Neuropathy) | പെരിഫെറൽ ന്യൂറോപ്പതി (Peripheral Neuropathy)

ചികിത്സാ രംഗത്ത് ഒരു പുത്തൻ പ്രതീക്ഷ

**Sr. Dr. MARY NEENA**
**MD E.H, BEMS, BAC**





Printed, Edited and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O., Kochi - 682 015, Ernakulam Dt.
Printed at Viani Printings, Kochi - 682 018, Kerala; Editor : Fr. M. Koottumkal MCBS